L. No. 339. 7-2-39.

# യുവകേസരി.

റംസാൻ The Islamic Monthly. ശവ്വാൽ.

അർഹമായതു് അടുത്ത ബന്ധുവിനും സഹായാത്ഥിക്കും
വഴിയാത്രക്കാരനും നൽകുക. അല്ലാഹുവിൻെറ സന്തുഷ്ടി
ആഗ്രഹിക്കുന്നവക്കു് ഏററവും പററിയതു് ഇതാണു്.
ഇവരാകുന്നു വിജയികൾ.

---

Then give to the near of kin his due, and to the needy and the wayfarer; this is best for those who desire Allah's pleasure, and these it is who are successfull. (*Al-Rum*)

فَآتِ ذَا الْقُرْبَىٰ حَقَّهُ وَالْمِسْكِينَ وَابْنَ
السَّبِيلِ ذَٰلِكَ خَيْرٌ لِلَّذِينَ يُرِيدُونَ وَجْهَ
اللَّهِ وَأُولَٰئِكَ هُمُ الْمُفْلِحُونَ (الروم)

# യുവകേസരി

## റംസാൻ സ്പെഷ്യൽ

വിഷയവിവരം.

1. റംസാൻ-ഖുർആൻ.
2. റംസാൻ-ഹദീസ്.
3. റംസാനു സ്വാഗതം.
4. നമസ്കാരം.
   ജനാബ്, മൌലവി മുഹമ്മദലി M. A., L. L. B.
5. സക്കാത്ത്.
   ജനാബ്, മുഹമ്മദ് അബ്ദുൽകമാൽ മൌലവി.
6. റംസാനൽമുബാറക്. A. M.
7. അനാചാരം.
   ജനാബ്, ഇ. കെ. മൌലവിസാഹിബ്.
8. സയ്യിദ് ജമാലുദ്ദീൻ അഫ്ഘാനി.
   ജനാബ്, എസ്സ്. എം. സർവർ.
9. ഇസ്ലാം.
   ജനാബ്, ററി. പി. മഹ്മൂദ്.
10. പുരോഗമനവീഥി.
11. ഖുർആൻ പരിഭാഷ.
11. ഹദീസ്ഷരീഫ്.
12. പ്രതിമാസചിന്തകൾ.

---

### വരിസംഖ്യ:

| | അഞ്ചലിൽ | തപാലിൽ |
|---|---|---|
| ആണ്ടൊന്നുക്ക് | 4 8 0 | 5 0 0 |
| ഇൻഡ്യയ്ക്കു പുറമേ | 6 0 0. | |

ഒററപ്രതിക്കു 7 ണ

---

## ആവശ്യമുണ്ട്.

അറബ്ഭാഷ, ലിത്തോപ്രസ്സിൽ (കല്ലച്ചിൽ) എഴുതാനറിയുന്ന ഒരാളെ (കാത്തിബ്) ആവശ്യമുണ്ട്. കൂടുതൽ വിവരത്തിനു എഴുതിച്ചോദിക്കുക.

സി. എം. പ്രസ്സ്, ഇടവാ,
തിരുവിതാംകൂർ.

# യുവകേസരി

പുസ്തകം 1. | 1365 ശഅ്ബാൻ, റംസാൻ. 1121 കർക്കടകം | ലക്കം 4

## റംസാൻ— قـرآن شريف

[വ്രതാനുഷ്ഠാനം സത്യവിശ്വാസികൾക്കു വിധിക്കപ്പെട്ടിരിക്കുന്നു. ഖുർആൻ അവതരിക്കപ്പെട്ട റംസാൻമാസത്തിലാണ് വ്രതം അനുഷ്ഠിക്കേണ്ടതു്. റംസാനെപ്പററി വിശദമായി പ്രതിപാദിക്കുന്നതു് അൽ-ബഖറായിലാണ്.]

سَيَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ
كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ
تَتَّقُونَ ۝

أَيَّامًا مَعْدُودَاتٍ فَمَنْ كَانَ مِنْكُمْ مَرِيضًا
أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ وَعَلَى
الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ فَمَنْ
تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَهُ وَأَنْ تَصُومُوا
خَيْرٌ لَكُمْ إِنْ كُنْتُمْ تَعْلَمُونَ ۝

സത്യവിശ്വാസികളെ, നിങ്ങളുടെ മുമ്പുള്ളവർക്കു വിധിക്കപ്പെട്ടിട്ടുള്ളതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു (അതുമൂലം) ദോഷബാധയെ തടുക്കാവുന്നതാണ്.

ഏതാനും ദിവസങ്ങൾ (അത്രേ വ്രതം അനുഷ്ഠിക്കേണ്ടതു്); എന്നാൽ നിങ്ങളിൽ ആരെങ്കിലും രോഗി ആയിരിക്കയോ യാത്രയിലായിരിക്കയോ ചെയ്താൽ അവൻ മററു ദിവസങ്ങളിൽ എണ്ണംപൂത്തിയാക്കട്ടെ. അതിനു കഷ്ടിച്ചുമാത്രം കഴിയുന്നവർക്കു പ്രായശ്ചിത്തം ഒരു ദരിദ്രനു ആഹാരംകൊടുക്കുക എന്നതാകുന്നു. ആരെങ്കിലും സ്വമേധയാ നന്മ ചെയ്താൽ അതു അവനു ഉത്തമമാകുന്നു. നിങ്ങൾ അറിയുന്നവരാണെങ്കിൽ വ്രതം അനുഷ്ഠിക്കുന്നതു നിങ്ങൾക്കു ഉത്തമമാകുന്നു.

شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ
هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَانِ
فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ وَمَنْ
كَانَ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ
أُخَرَ يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ
بِكُمُ الْعُسْرَ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا
اللَّهَ عَلَى مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ ●

ജനങ്ങൾക്കു മാൎഗ്ഗദൎശകമായും, മാൎഗ്ഗദൎശനത്തിനുള്ള സ്പഷ്ടമായ തെളിവുകളായും ഖുർആൻ അവതരിക്കപ്പെട്ട മാസമാകുന്നു റംസാൻ. അതിനാൽ നിങ്ങളിൽ ആരെങ്കിലും ആ മാസത്തിൽ ഉണ്ടായിരുന്നാൽ അവൻ അതിൽ വ്രതം അനുഷ്ഠിക്കട്ടെ; ആരെങ്കിലും രോഗിയായിരിക്കയോ യാത്രയിലായിരിക്കയോ ആണെങ്കിൽ മററു ദിവസങ്ങളിൽ എണ്ണം (പൂൎത്തിയാക്കിക്കൊള്ളട്ടെ.) അല്ലാഹു നിങ്ങൾക്കു എളുപ്പത്തെയത്രെ ഇച്ഛിക്കുന്നതു്; അവൻ നിങ്ങൾക്കു പ്രയാസത്തെ ഇച്ഛിക്കുന്നില്ല. നിങ്ങളെ മാൎഗ്ഗദൎശനം ചെയ്തതിനും നിങ്ങൾ കൃതജ്ഞരായിരിക്കുവാൻ വേണ്ടിയും നിങ്ങൾ എണ്ണത്തെ പൂൎത്തിയാക്കുകയും അല്ലാഹുവിന്റെ മഹത്വത്തെ കീൎത്തിക്കുകയും ചെയ്യുന്നതിനു (അവൻ ആഗ്രഹിക്കുന്നു.)

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ
أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا
لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ●

നിന്നോടു എന്റെ ദാസന്മാർ എന്നെക്കുറിച്ചു ചോദിച്ചാൽ—നിശ്ചയമായും ഞാൻ സമീപത്താകുന്നു. പ്രാൎത്ഥിക്കുന്നവൻ എന്നോടു പ്രാൎത്ഥിച്ചാൽ ഞാൻ അവന്റെ പ്രാൎത്ഥനയ്ക്കു ഉത്തരം നൽകും; അതിനാൽ അവർ എനിക്കു ഉത്തരം നൽകുകയും എന്നിൽ വിശ്വസിച്ചുകൊള്ളുകയും ചെയ്യട്ടെ; (അതുമൂലം) അവൎക്കു സന്മാൎഗ്ഗികളാകാവുന്നതാണു്.

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَى
نِسَائِكُمْ هُنَّ لِبَاسٌ لَكُمْ وَأَنْتُمْ لِبَاسٌ
لَهُنَّ عَلِمَ اللَّهُ أَنَّكُمْ كُنْتُمْ تَخْتَانُونَ
أَنْفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنْكُمْ فَالْآنَ
بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ

വ്രതരാത്രിയിൽ നിങ്ങളുടെ ഭാൎയ്യമാരുമായുള്ള സംസൎഗ്ഗം അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കു ലിബാസും (വസ്ത്രം) നിങ്ങൾ അവൎക്കു ലിബാസുമാകുന്നു. നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിച്ചുകൊണ്ടിരിക്കുന്നുവെന്നു അല്ലാഹു അറിയുന്നു. അതിനാൽ അവൻ നിങ്ങളുടെ പശ്ചാത്താപത്തെ സ്വീകരിക്കുകയും നിങ്ങൾക്കു മാപ്പുനൽകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു് ഉഷസ്സാകുന്ന ശുഭ്രരേഖ തമോരേഖയിൽനിന്നു വേൎതിരിഞ്ഞു നിങ്ങൾക്കു

K. JACOB THOMAS MEMORIAL ... LIBRARY MANNARGHAT

# റംസാൻ — حديث

(١) عن ابى هريرة - من صام رمضان ايمانا واحتسابا غفر له ما تقدم من ذنبه

متفق عليه

വിശ്വാസദാർഢ്യത്തോടും ഫലദായകമാണെന്നുള്ള ഉറപ്പോടുംകൂടി റംസാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നവനു, അതിനുമുമ്പു അവനു വന്നുപോയിട്ടുള്ള പാപങ്ങൾ പൊറുത്തുകൊടുക്കപ്പെടുന്നതാകുന്നു.

ബു. മു.

(٢) عن ابى هريرة - الصيام جنة فلا يرفث ولا يجهل وان امرأ قاتله او شاتمه فليقل انى صائم مرتين

بخاري

വ്രതം ഒരു രക്ഷാദുർഗ്ഗമാണു്. അതുകൊണ്ടു അതനുഷ്ഠിക്കുന്നവൻ അസഭ്യം പറയുകയോ മൗഢ്യം കാണിക്കുകയോ ചെയ്യരുതു്. വല്ലവനും പിണക്കത്തിനു വരിക

---

وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ وَلَا تُبَاشِرُوهُنَّ وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ تِلْكَ حُدُودُ اللَّهِ فَلَا تَقْرَبُوهَا كَذَٰلِكَ يُبَيِّنُ اللَّهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ

പ്രത്യക്ഷപ്പെടുന്നതുവരെ നിങ്ങൾ അവരുമായി സംസർഗ്ഗം ചെയ്യുകയും അല്ലാഹു നിങ്ങൾക്കു വിധിക്കപ്പെട്ടതിനെ കാംക്ഷിക്കുകയും, ഭുജിക്കുകയും പാനം ചെയ്യുകയും ചെയ്യുവിൻ. അനന്തരം രാത്രി ആകുന്നതുവരേയ്ക്കും നിങ്ങൾ വ്രതത്തെ പൂർത്തിയായി അനുഷ്ഠിക്കുവിൻ. പള്ളികളിൽ ഉപാസകന്മാരായിരിക്കെ നിങ്ങൾ അവരുമായി സംസർഗ്ഗം ചെയ്യരുതു്. ഇതു അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിധികളാകുന്നു. അതുകൊണ്ടു നിങ്ങൾ അവയെ സമീപിക്കരുതു്. ഇപ്രകാരം ജനങ്ങൾക്കു അല്ലാഹു അവന്റെ ലക്ഷ്യങ്ങളെ വ്യക്തമാക്കികൊടുക്കുന്നു; അതുമൂലം അവർക്കു (ദോഷബാധയെ) സൂക്ഷിക്കാവുന്നതാകുന്നു.

യോ ഭത്സിക്കുകയോ ചെയ്താൽ, ഞാൻ നോമ്പുകാരനാണ് എന്നു അവർ രണ്ടു പ്രാവശ്യം പറയട്ടെ. ബു.

(٣) عن ابي هريرة: كُلُّ عَمَلِ ابْنِ آدَمَ يضاعف الحَسَنَةُ بعشرِ أمثالِها إلى سبعمائةِ ضعفٍ قالَ اللهُ تعالى إلاَّ الصَّوْمَ فإنَّهُ لِي وَأَنَا أجزي بِهِ يَدَعُ شهوتَهُ وَطَعَامَهُ مِنْ أجلي لِلصَّائِمِ فرحتانِ فرحةٌ عِنْدَ فِطْرِهِ وَفَرْحَةٌ عِنْدَ لِقَاءِ رَبِّهِ وَلَخُلُوفُ فَمِ الصَّائِمِ أطيبُ عِنْدَ اللهِ مِنْ رِيحِ المِسْكِ متفق عليه

ആദമിൻെറ മകൻെറ (മനുഷ്യൻെറ) പ്രവൃത്തികളിൽ നന്നായുള്ളവയ്ക്കു പത്തു മടങ്ങുമുതൽ എഴുനൂറുമടങ്ങുവരെ പ്രതിഫലം കൊടുക്കപ്പെടുന്നതാകുന്നു. 'എന്നാൽ വ്രതത്തിൻെറ കാര്യം അങ്ങനെയല്ല അതു എനിക്കുള്ളതാണ്. എനിക്കുവേണ്ടി ശാരീരികമായ ഇച്ഛകളേയും ആഹാരത്തേയും ത്യജിക്കുന്നവനു ഞാൻ പ്രത്യേകമായി പ്രതിഫലം നൽകും' എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. വ്രതമനുഷ്ഠിക്കുന്നവനു രണ്ടു വിധത്തിലുള്ള സന്തോഷമുണ്ട്. ഒന്നു അവൻെറ വ്രതം മുറിക്കുമ്പോഴുള്ളതു്. മറ്റൊന്നു അവൻെറ നാഥനെ ദർശിക്കുമ്പോഴുള്ളതാണ്. വ്രതമനുഷ്ഠിക്കുന്നവൻെറ വായിലെ ഗന്ധം, അല്ലാഹുവിങ്കൽ കസ്തൂരിയുടെ വാസന പോലെയാകുന്നു.

ബു. മു.

(٤) مَنْ قَامَ لَيْلَةَ القَدْرِ إيمانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَنْ صَامَ رَمَضَانَ إيمانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ وَمَنْ قَامَ رَمَضَانَ إيمانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ

روالشخان

ലൈലത്തുൽഖദ്റിൽ ആരെങ്കിലും വിശ്വസിച്ചുകൊണ്ടും പ്രതിഫലത്തെ ആഗ്രഹിച്ചുകൊണ്ടും നമസ്കരിച്ചാൽ അവൻ ചെയ്തുപോയ എല്ലാ ദോഷവും പൊറുക്കപ്പെടും; ആരെങ്കിലും റംസാനിൽ വിശ്വാസത്തോടും ദാർഢ്യത്തോടും വ്രതമനുഷ്ഠിച്ചാൽ അവൻ ചെയ്ത ദോഷത്തെ അല്ലാഹു മാപ്പു ചെയ്യും; ആരെങ്കിലും റംസാനിൽ വിശ്വസിച്ചുകൊണ്ടും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും നമസ്കരിച്ചാൽ അവൻ ചെയ്തുപോയ ദോഷം പൊറുക്കപ്പെടും.

مرحبا برمضان المبارك

# റംസാൻ സ്വാഗതം.

അനുഗ്രഹീതമായ റംസാൻമാസം ഇതാ സമാഗതമായി. മുസ്ലിംലോകത്തിന്റെ ആശാദീപമായ മാസമാണിതു്. സാന്മാർഗ്ഗികൗന്നത്യത്തിന്റെയും ആത്മീയാഭിവൃദ്ധിയുടേയുംമാസമാണിതു്. ദോഷബാധയിൽനിന്നും രക്ഷനേടുവാനുള്ള മാസമാണിതു്. ഹൃദയത്തെ ശുദ്ധിചെയ്തു പിശാചിനെ ആട്ടിപ്പായിക്കുവാനുള്ള മാസമാണിതു്. മനുഷ്യന്റെ കഴിവുകളെ തൂക്കിനോക്കി അവനെ അല്ലാഹുവിലേക്കു അടുപ്പിക്കുന്ന മാസമാണിതു്.

സൗഭാഗ്യം നിറഞ്ഞ ഈ മാസത്തിൽ ജനങ്ങൾ അവരുടെ കടമ നിറവേററട്ടെ. അല്ലാഹുവിനെ വിസ്മരിച്ചവർ അവനെ അതിവേഗം സ്മരിക്കട്ടെ. പ്രാർത്ഥിക്കാതെ ഒളിച്ചോടുന്നവർ പ്രാർത്ഥനയിലേക്കു മടങ്ങട്ടെ. ദുർവൃത്തിയിൽ ആണ്ടുപോയവർ സദ്‌വൃത്തിയിലേക്കു് ഉയരട്ടെ. സമയം നഷ്ടപ്പെടുത്തിയവർ സമയത്തെ സൂക്ഷിക്കട്ടെ. ശരീരേച്ഛയിൽ ആർത്തി കാണിക്കുന്നവർ ആത്മീയചിന്തയിൽ വ്യാപൃതരാകട്ടെ. ലൗകികഭോഗങ്ങളിൽ മുഴുകി മറിയുന്നവർ പരലോകസൗഖ്യങ്ങൾ ആരായട്ടെ. അല്ലാഹുവിന്റെ വകയായ വ്രതാനുഷ്ഠാനത്തെ വെടിയുന്നവർ അതിനെ മുറുകെ പിടിക്കട്ടെ.

അതിനുള്ള പ്രതിഫലം അളവററതാണു്. സ്വർഗ്ഗത്തിന്റെ കവാടങ്ങൾ അവർക്കായി തുറക്കപ്പെടുന്നു. അവിടത്തെ പരിചാരകന്മാർ അവരെ സ്വാഗതം ചെയ്യുന്നു. ആ പൂന്തോപ്പിൽ അവർ ഐശ്വര്യം ആസ്വദിക്കുന്നു. ഉയർന്ന പർയ്യങ്കങ്ങൾ അവർക്കായി നൽകപ്പെടുന്നു. പച്ചപ്പട്ടുകൊണ്ടുള്ള വേഷവിധാനങ്ങൾ അവർക്കു അണിയിക്കപ്പെടുന്നു. അതിലെ കസവുരേഖ അവരിൽ പ്രഭ കൂട്ടുന്നു. സുവർണ്ണഭൂഷണങ്ങളാൽ അവർ അലങ്കരിക്കപ്പെടുന്നു. സൗന്ദര്യവതികളായ ലലനാമണികൾ അവരുടെ സഹചാരിണികളാകുന്നു. അല്ലാഹു വേണ്ടുവോളം അനുഗ്രഹം ചൊരിയുന്ന സ്ഥലമാണതു്.

അതിനായി നിങ്ങൾ ശ്രമിക്കുവിൻ. ജഡികമായ ശരീരത്തിൻെറ നശ്വരതയെ സ്മരിക്കുവിൻ. ജീവിതഭോഗങ്ങളെ അപഹരിച്ചെടുക്കുന്ന മരണത്തെ മറക്കാതിരിക്കുവിൻ. പരസ്യവും രഹസ്യവും ആയ എല്ലാ കാര്യങ്ങളും വെളിപ്പെടുന്ന അന്ത്യദിവസത്തെപ്പററി ചിന്തിക്കുവിൻ. നന്മതിന്മകളെ തിട്ടപ്പെടുത്തുന്ന അതിസൂക്ഷ്മമായ തുലാസിനെ ഓർക്കുവിൻ. സഹായമർഹിക്കുന്ന പാവങ്ങളെ കാണുമ്പോൾ കണ്ണു തുറക്കുവിൻ. അഗ്നിജ്വാലയുടെ വലയത്തിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിക്കുവിൻ. ഉരുകിയ ലോഹത്തിൻെറ ഉഗ്രമായ ചൂടിനെ ഭയപ്പെടുവിൻ.

നോമ്പ് എന്നുവെച്ചാൽ എന്താണ്. അല്ലാഹുവിലേക്കുള്ള സമീപനമാണത്. ദുരാചാരങ്ങൾക്കെതിരായുള്ള രക്ഷാകവചമാണത്. ദൈവീകമായ സർവ്വവ്യാപകത്വത്തിൻെറ പ്രഖ്യാപനമാണത്. പരലോകജീവിതത്തേയും ദൈവശിക്ഷയേയും കുറിച്ചുള്ള സ്മരണയാണത്. ഖുർആൻഷരീഫിനോടും നബിതിരുമേനിയോടുമുള്ള ശക്തിയായ അനുസരണമാണത്. കർത്തവ്യങ്ങളേയും ഉത്തരവാദിത്വങ്ങളേയും കുറിച്ചുള്ള ബോധമാണത്. ക്ഷമാശീലത്തിനായുള്ള പരിശീലനമാണത്. ദൈവാഭീഷ്ടത്തിൻെറ മുമ്പിൽ ദേഹേഛകളെ നിയന്ത്രിക്കുന്നതിനുള്ള ശക്തിയാണത്. വിശപ്പറിയാത്തവനെ വിശപ്പറിയിക്കുന്ന ദിവ്യൗഷധമാണത്. പട്ടിണിക്കാരനേയും പ്രഭുവിനേയും വ്യത്യസ്ഥരാക്കുന്ന ആചാരനീചത്വത്തെ തകർത്തു തരിപ്പണമാക്കുന്ന അണുശക്തിയാണത്. ഉയർന്നവനെയും താഴ്ന്നവനെയും നാഥനെയും ദാസനെയും, രാജാവിനെയും പ്രജയെയും ഭ്രാതാക്കളാക്കുന്ന അത്ഭുതവിദ്യയാണത്. പാശ്ചാത്യനെയും പൗരസ്ത്യനെയും, കറുപ്പനെയും വെളുപ്പനെയും ഒന്നാക്കിത്തീർക്കുന്ന ഏകീകരണമാർഗ്ഗമാണത്.

റംസാനു സ്വാഗതം. ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ മാസമേ, നിനക്കു സ്വാഗതം. സ്നേഹത്തിൻെറയും ഐശ്വര്യത്തിൻെറയും മാസമേ, നിനക്കു സ്വാഗതം. അനുഗ്രഹത്തിൻെറയും കാരുണ്യത്തിൻെറയും മാസമേ, നിനക്കു സ്വാഗതം. പ്രകാശത്തിൻെറയും ആനന്ദത്തിൻെറയും മാസമേ, നിനക്കു സ്വാഗതം.

----------------

# നമസ്കാരം.

മൌലവി, മുഹമ്മദലി ബി. ഏ., എൽ. എൽ. ബി.

[നമസ്ക്കാരം ഇസ്ലാമിൻെറ അടിസ്ഥാന ശിലയാണു്. ഹിബാദത്തുകളിൽവച്ചു ഏററവും പ്രധാനമായതാണു് നമസ്ക്കാരം. ഒരുവൻ സ്വഗൃഹത്തിനു സമീപമുള്ള നദിയിൽ അഞ്ചു പ്രാവശ്യം കുളിച്ചാൽ ശരീരം എത്രത്തോളം ശുദ്ധമാകുന്നുവോ അതുപോലെയാണു് നമസ്ക്കാരംകൊണ്ടു് ഹൃദയം ശുദ്ധമാകുന്നതു്. മനുഷ്യനെ പരിപൂർണ്ണതയിലെത്തിക്കുന്ന നമസ്ക്കാരത്തെപ്പററിയുള്ള പ്രൗഢമായ ഒരു പ്രതിപാദനമാണിതു്.]

ഇസ്ലാമിക സംസ്ക്കാരത്തിൻെറ അടിസ്ഥാന ശില പ്രാർത്ഥനയാണു്. മുസ്ലിമീങ്ങളുടെ യഥാർത്ഥമായ ആനന്ദം ദൈവത്തിൻെറ മുമ്പിൽ തലകുനിക്കുന്നതിലാണു സ്ഥിതി ചെയ്യുന്നതു്. ഒരു മുസൽമാൻെറ യഥാർത്ഥമായ പുരോഗമനത്തിനും, അവൻെറ അന്തരാത്മാവിൻെറ വളർച്ചയ്ക്കും ഉള്ള വഴികൾ ഏതെല്ലാമാണെന്നും ഇസ്ലാമികസംസ്കാരത്തിൻെറഏററവും ശ്രദ്ധേയവും, അടിസ്ഥാനപരവുമായ ലക്ഷണങ്ങൾ ഏവയാണെന്നും, പരിശുദ്ധ ഖുർആൻെറ പ്രാരംഭസൂക്തികൾതന്നെ വിശദമാക്കുന്നുണ്ടു്. ജനങ്ങളുടെ സംസ്കാരം എന്നു പറഞ്ഞാൽ, പ്രത്യേകമാർഗ്ഗങ്ങളിലുള്ള അവരുടെ പരിശീലനം എന്നാണർത്ഥം; അങ്ങനെ പരിശോധിച്ചാൽ പാശ്ചാത്യ പരിഷ്കാരത്തിൻെറ ലക്ഷ്യം ധനാജ്ജനം അല്ലാതെ മററൊന്നുമല്ല എന്നും കാണാം. അതു മാത്രമാണു് ആധുനികപരിഷ്കാരത്തിൻെറ ഉന്നം. ഇന്നത്തെ അത്ഭുതകരമായ ശാസ്ത്രീയപുരോഗമനംതന്നെ ആ ഉന്നം പ്രാപിക്കുന്നതിനുള്ള ഉപാധിമാത്രമാണു്. സാമ്പത്തിക താല്പര്യങ്ങൾക്കു സർവ്വപ്രധാനമായ സ്ഥാനം കല്പിച്ചിരിക്കുന്നു. ഈ സംസ്കാരത്തിനു വിധേയനായിത്തീന്ന മനുഷ്യനു, ധനം സമ്പാദിക്കണം, ധനം സമ്പാദിക്കണം എന്ന ഒരേ ഒരു ആഗ്രഹം മാത്രമെയുള്ളു. അനിയന്ത്രിതമായ ഈ ആഗ്രഹം പാശ്ചാത്യചിന്തത്തിൽ ദുരാഗ്രഹത്തിൻെറ തീജ്വാലയെ കത്തിക്കാളിക്കുകയാണു ചെയ്യുന്നതു്. അതിൻെറ ഫലമായി രാഷ്ട്രവും, രാഷ്ട്രവും തമ്മിലുള്ള സാമ്പത്തികസമരങ്ങൾമൂലം പാശ്ചാത്യപരിഷ്കാരം ആത്മനാശത്തിനുള്ള മാർഗ്ഗം തേടിക്കൊണ്ടിരിക്കുന്നു.

നിശ്ചയമായും, ഈ ദുരാഗ്രഹത്തിനെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണു് പരിശുദ്ധ ഖുർആൻ അതിൻെറ സംസ്കാരത്തിൻെറ അടിക്കല്ലു ദൈവത്തിനോടുള്ള പ്രാർത്ഥനയിന്മേൽ സ്ഥാപിച്ചതു്. ദൈവവിശ്വാസത്തിനുശേഷം, മനുഷ്യൻെറ പുരോഗമനത്തിനു ആവശ്യമായിരിക്കുന്ന ഒന്നാമത്തെ സംഗതി, പ്രാർത്ഥനയാണെന്നും, അതിനുവേണ്ടിയുള്ള ശീലം വളർത്തുകയും, യഥാസമയം പ്രാർത്ഥനയിലേക്കു മടങ്ങുകയും വേണമെന്നും ഖുർആൻ ഉപദേ

ശിക്കുന്നു. എന്താണു് പ്രാത്ഥന? ലൌകികജീവിതത്തിലെ നീചമായ ആഗ്രഹങ്ങളിൽനിന്നും രക്ഷ നേടുവാനുള്ള ഒരുദ്യമമാണതു്. ശരീരത്തിന്റെ ആവശ്യങ്ങൾക്കു ഐഹികജീവിതത്തിൽ പ്രധാനമായ ഒരു സ്ഥാനമുണ്ടു്; എന്നാൽ അവ മനുഷ്യനെപ്പോലെതന്നെ മൃഗങ്ങൾക്കും ഉള്ളവയാണു്; അതുകൊണ്ടു ജീവിതത്തിന്റെ ഉന്നതമായ ആവശ്യങ്ങളെ അവഗണിച്ചു്, ജഡികേച്ഛയിൽ മുഴുകുകയാണെങ്കിൽ മനുഷ്യൻ കടന്നുവന്ന മൃഗീയാവസ്ഥയിലേക്കു മടങ്ങിപ്പോകുകയായിരിക്കും. മനുഷ്യന്റെ യഥാത്ഥമായ പുരോഗമനം ജഡികേച്ഛകളുടെ പൂത്തീകരണത്താലല്ല, ഉന്നതവും പരിശുദ്ധവും ആയ വികാരങ്ങളാലും പ്രാത്ഥനയാലുമാണു് നിയന്ത്രിതമായിരിക്കുന്നതു്. ഇങ്ങനെയുള്ള ഉന്നതങ്ങളും പരിശുദ്ധങ്ങളും ആയ ആദശ്ങ്ങളാണു് കടിഞ്ഞാണില്ലാത്ത മൃഗീയചിന്തകളേയും ദുരാഗ്രഹങ്ങളേയും ഇല്ലാതാക്കുന്നതും, അവയുടെ അപകടകരമായ അനന്തരഫലങ്ങളിൽനിന്നും രക്ഷനല്കുന്നതും. പ്രാത്ഥനയിൽ മുഴുകുന്നതോടുകൂടി ദുർഭരമായ ലൌകിക ജീവിതത്തിലെ വിഷമങ്ങളും പ്രതിബന്ധങ്ങളും വിസ്മരിക്കുവാൻ സാധിക്കുന്നു. ദാനങ്ങളുടെ ദാതാവായ ദൈവത്തിനോടുള്ള നിസ്സീമമായ ഭക്തിയും മാനുഷ്യത്വത്തിനുവേണ്ടി നിസ്വാത്ഥമായി സേവനം ചെയ്യുവാനുള്ള സന്നദ്ധതയും തുളുമ്പുന്ന ഹൃദയങ്ങളോടുകൂടി പരമോന്നതമായ മഹാസന്നിധാനത്തിൽ നിലകൊള്ളുന്ന മഹോന്നതമണ്ഡലത്തിലേയ്ക്കു ജഡികേച്ഛകളുടെ മൃഗീയമണ്ഡലത്തിൽനിന്നുമുള്ള ഒരു ആരോഹണമാണു് പ്രാത്ഥന. യഥാസമയം ദുരാഗ്രഹങ്ങളിൽനിന്നും രക്ഷനേടാൻ ശ്രമിക്കാത്ത മനുഷ്യൻ, യഥാസമയം ലൌകികജീവിതത്തിലെ നിസ്സാരങ്ങളായ ബന്ധങ്ങളിൽനിന്നും മോചനം നേടാൻ ശ്രമിക്കാത്ത മനുഷ്യൻ, വെറും വികാരങ്ങളുടെ അടിമയായി തീർന്നുപോകും. അങ്ങനെ മനുഷ്യനു് ഒരിക്കലും യഥാർത്ഥമഹത്വം നേടാൻ സാധിക്കുകയില്ല.

ഓരോ ലക്ഷ്യത്തിനു ഓരോ മാർഗ്ഗമുണ്ടു്. നീചവികാരങ്ങളെ അമർത്തുകയും, ഉത്തമവികാരങ്ങളെ വളർത്തുകയുമാകുന്ന മഹാലക്ഷ്യത്തിനു പ്രായോഗികപരിശീലനമാകുന്ന ഒരു മാർഗ്ഗമുണ്ടു്. ഈ പ്രായോഗികപരിശീലനം പ്രാർത്ഥനമൂലമാണു് ഇസ്ലാംമതം നിർവ്വഹിക്കുന്നതു്. ലൌകികവ്യാപാരങ്ങൾക്കിടയിൽ, പണക്കൊതിക്കുവേണ്ടിയുള്ള പന്തയഓട്ടത്തിനിടയിൽ അതാ, ഒരു വിളി. നിർത്തൂ! അല്പസമയത്തേക്കു നിർത്തൂ! നിന്റെ മനസ്സിലുള്ള ദുരാഗ്രഹങ്ങളെ ദൂരീകരിക്കൂ! മനസ്സ് ഉത്തമവികാരങ്ങളുടെയും മഹിതാദർശങ്ങളുടേയും ഉറവിടമായി മാറട്ടേ! ഈ മാററം പ്രാരംഭത്തിലുണ്ടായില്ല എന്നു വരാം. എന്നാൽ മനുഷ്യന്റെ നിരന്തരവും ആത്മാർത്ഥവും ആയ ശ്രമത്തിനു എന്താണു് നേടാൻ കഴിയാത്തതു്? അതുകൊണ്ടുതന്നെയാണു് കൂടക്കൂടെ നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക, യാതൊരു പരിതസ്ഥിതിയിലും ആ ഉദ്യമം വെടിയാതിരിക്കുക എന്നു ഖുർആൻ ഉപദേശിക്കുന്നതു്.

ഈ വിഷയം പ്രത്യേകമായി മുസ്ലിം നേതാക്കന്മാരുടെ, മുസ്ലിംജനതയുടെയിടയിൽ വിദ്യാഭ്യാസപരമായോ, രാഷ്ട്രീയമായോ, സാമുദായികമായോ ഏതെങ്കിലും തരത്തിൽ പ്രാമാണ്യം നേടിയവരുടെ, ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. പടിഞ്ഞാറൻ പരിഷ്കാരമാകുന്ന വിഷത്തിനു ഒരു ദിവ്യഔഷധം ഉണ്ടു" എന്നു ഘോഷിക്കുന്ന ഇസ്ലാമിന്റെ മാതൃകകളാണെന്നു കരുതപ്പെടുന്നവരും, അങ്ങനെ ആയിരിക്കേണ്ടവരും

ആകുന്നു് നമ്മുടെ നേതാക്കന്മാർ. ആ ദിവ്യൗഷധം പ്രാർത്ഥനയല്ലാതെ മറ്റൊന്നുമല്ല. ഭാവിതലമുറകളുടെ മാർഗ്ഗദർശകന്മാരായിരിക്കേണ്ട നമ്മുടെ സ്കൂളുകളിലെയും കോളേജുകളിലെയും പ്രൊഫസറന്മാരും അദ്ധ്യാപകന്മാരും, ഇസ്ലാമിക സംസ്കാരം വളർത്തേണ്ടതിനുള്ള പ്രായോഗിക പരിപാടികൾ അവരുടെ നിത്യജീവിതത്തിൽ അനുഷ്ഠിക്കുന്നുണ്ടോ? കോളേജുകളും, സ്കൂളുകളും നടന്നുകൊണ്ടിരിക്കുമ്പോൾ, പ്രാർത്ഥനാസമയങ്ങളിൽ ഗുരുക്കന്മാരും ശിഷ്യന്മാരും ഒന്നായിച്ചേർന്നു നമസ്കാരകർമ്മം നടത്തുന്നുണ്ടോ? അങ്ങനെ ഒന്നായിച്ചേർന്നു നടത്തുന്നതായാൽ, അതിനു യുവഹൃദയങ്ങളിൽ വളരെ ഗുണപ്രദമായ ഒരു ബോദ്ധ്യം ഉളവാക്കാൻ സാധിക്കുന്നതാണു്. അങ്ങനെ നടത്താത്തപക്ഷം നിസ്കാരത്തെപ്പറ്റിയുള്ള എത്ര പണ്ഡിതോചിതമായ പ്രസംഗങ്ങൾകൊണ്ടും യാതൊരു ഫലവുമുണ്ടാകുകയില്ല. മാതൃകയില്ലാത്ത ഉപദേശങ്ങളാണു് ഇസ്ലാമികസ്ഥാപനങ്ങൾ നല്കുന്നതെങ്കിൽ, അവ പാശ്ചാത്യവിദ്യാലയങ്ങളുടെ അന്ധമായ അനുകരണങ്ങളാണെന്നും, അവ ഇസ്ലാമിക സർവ്വകലാശാല, ഇസ്ലാമിക കോളേജ്, ഇസ്ലാമികസ്കൂൾ എന്ന ശബ്ദപ്രധാനമായ പേരുകളിൽ അറിയപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ അവ ഇസ്ലാം എന്ന പേരിനെ വ്യഭിചരിക്കുകയാണെന്നും തീർത്തുപറയാം. രാഷ്ട്രീയമോ, സാമുദായികമോ ആയ പ്രസംഗവേദികളിൽ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രസംഗകന്മാർ പ്രാർത്ഥനക്കുള്ള സമയമാകുമ്പോൾ, സദസ്യരോടൊപ്പം അടുത്ത പള്ളിയിലേക്കു പോകുന്നുണ്ടോ? അല്ലെങ്കിൽ അവർ ആ സമ്മേളനസ്ഥലത്തെ ഒരു താല്ക്കാലികമായ പള്ളിയായി രൂപാന്തരപ്പെടുത്തുന്നുണ്ടോ? അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ ഇസ്ലാമികസംസ്കാരത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള മാഞ്ഞുപോകാത്ത ഒരു ബോധം അവിടെ കൂടിയിരിക്കുന്ന മുസ്ലിമീങ്ങളും അമുസ്ലിമീങ്ങളും ആയ സദസ്യരിൽ അവർക്കു ഉണ്ടാക്കുവാൻ കഴിയും. അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരുടെ വാചാലതകൊണ്ടെന്തു ഫലം?

പരിശുദ്ധപ്രവാചകന്റെ മാതൃക എന്തായിരുന്നു? ശത്രുക്കളെ അഭിമുഖീകരിക്കുന്ന സന്ദർഭങ്ങളിൽപോലും ദൈവത്തോടുള്ള കർത്തവ്യത്തെ വിസ്മരിക്കുവാൻ നബി അനുചരന്മാരെ അനുവദിച്ചിരുന്നില്ല. പകുതി സൈന്യം ശത്രുവിനോടെതിർത്തുകൊണ്ടിരിക്കട്ടെ, പകുതി അവരുടെ നാഥന്റെ സന്നിധിയിൽ മുട്ടുകുത്തട്ടെ എന്നാണു് പരിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നതു്. ഇതു കണ്ടുനിന്ന ശത്രുക്കൾ, മുസൽമാന്റെ ദൈവബോധത്തിന്റെ യാഥാർത്ഥ്യവും, അവന്റെ വിശ്വാസത്തിന്റെ ദാർഢ്യവും, നന്നായി ഗ്രഹിച്ചു. അങ്ങനെയുള്ള പ്രവൃത്തികൊണ്ടു മാത്രമെ ഇന്നും മറ്റുള്ളവരിൽ നമ്മുടെ യഥാർത്ഥ നിലയെപ്പറ്റി ബോധം ഉണ്ടാക്കാൻ കഴിയൂ. ഒരുപക്ഷെ, നമ്മുടെ നേതാക്കന്മാർ മറ്റെല്ലാവരേക്കാളും കൂടുതലായി പരിശുദ്ധനബിയെ ബഹുമാനിക്കുന്നുണ്ടായിരിക്കാം. എന്നാൽ എന്തു ഫലം? അവർ നബിയുടെ ജീവിതമാതൃകയെ ബഹുമാനിക്കുന്നതിനു പകരം അവഗണിക്കുകയാണല്ലൊ ചെയ്യുന്നതു്.

പൊതുവിലുള്ള ഇത്തരം സന്ദർഭങ്ങൾ പോകട്ടെ. നമ്മുടെ നേതാക്കന്മാർ അവരുടെ നിത്യനമസ്കാരങ്ങൾക്കായി പള്ളികളിൽ പോകാറുണ്ടോ? അഞ്ചുതവണയല്ലെങ്കിൽ രണ്ടോ മൂന്നോ തവണയെങ്കിലും പള്ളിയിൽ അവർ പോകുന്നുണ്ടോ? അവരുടെ കൃത്യങ്ങൾ ഏറിയിരുന്നേക്കാം, എന്നാൽ അവ തീർച്ചയായും നബിയുടെ കൃത്യങ്ങളെക്കാൾ കുറഞ്ഞവതന്നെയാണു്.

പള്ളിയാണു് ഇസ്ലാമിന്റെ കേന്ദ്രം; അതാണു് ഇസ്ലാമികസാഹോദര്യത്തിന്റെ പരിശീലനക്കളരി; പ്രാർത്ഥനാസമയങ്ങളിൽ പള്ളിയിൽ പോകാത്തവൻ ഇസ്ലാമിക സംസ്കാരത്തിന്റെ മാതൃകയല്ല.

ഞാൻ മറെറാരു ചോദ്യം ചോദിക്കാം. അതു് ഓരോ മുസ്ലിംനേതാവും സ്വയം ചോദിക്കേണ്ടതാണു്; അതായതു തന്റെ നിത്യേനയുള്ള പൊതുജീവിതത്തിലും, സ്വന്തജീവിതത്തിലും ദൈവത്തിന്റെ മാർഗ്ഗദർശനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടോ? അയാൾ ഉണർന്നുകഴിഞ്ഞാൽ പ്രഭാതത്തിലെ ആദ്യത്തെ കൃത്യം, ആ ദിവസത്തിലെ പ്രവൃത്തനങ്ങൾക്കു മാർഗ്ഗദർശനം ലഭിക്കുവാനും പരാജയം ഉണ്ടാകാതിരിക്കുവാനും ദൈവത്തോടു ചെയ്യുന്ന പ്രാർത്ഥനയാണോ? രാത്രി ശയ്യയെ ശരണം പ്രാപിക്കുന്നതിനു മുമ്പായുള്ള കൃത്യം ദൈവത്തോടുള്ള, ഉള്ളഴിഞ്ഞ പ്രാർത്ഥനയാണോ? പകൽസമയത്തെ കൃത്യാന്തരബഹുലമായ പ്രവൃത്തനങ്ങൾക്കിടയിൽ രക്ഷയ്ക്കും, സഹായത്തിനുമായി ദൈവത്തെ പ്രാർത്ഥിക്കുന്നുണ്ടോ? മറെറല്ലാ സഹായങ്ങളും അപജയത്തിൽ കലാശിക്കുമ്പോൾ ദൈവത്തിൽ അഭയം പ്രാപിക്കയല്ലേ നല്ലതു്? ഉൽക്കണ്ഠയും അസ്വാസ്ഥ്യവുംകൊണ്ടു് പൊറുതി മുട്ടുമ്പോൾ മനസ്സമാധാനത്തിനായി ദൈവത്തെ ശരണം പ്രാപിക്കയല്ലേ നല്ലതു്? മറെറല്ലാ പ്രകാശങ്ങളും അസ്തമിക്കുമ്പോൾ പ്രകാശത്തിനും മാർഗ്ഗദർശനത്തിനും ദൈവത്തോടു പ്രാർത്ഥിക്കുകയല്ലേ നല്ലതു്? മറെറല്ലാ ആശകളും അററുപോകുമ്പോൾ ദൈവത്തിന്റെ നിസ്സീമമായ കാരുണ്യത്തിൽ ആശകൊള്ളുകയല്ലേ നല്ലതു്? അങ്ങനെയാണെങ്കിൽ ഉന്നതമായ ഒരു ജീവിതം നയിക്കുന്നതിനും, സമുദായത്തെ പൂർവ്വോപരി ശക്തിയോടെ നയിക്കുന്നതിനും അവനു തീർച്ചയായും സാധിക്കും.


വായിക്കേണ്ട ഒരു പുസ്തകം.

# പച്ചക്കൊടി പറക്കട്ടെ.

പാകിസ്ഥാനെപ്പററി പ്രതിപാദിക്കുന്ന ഒരുത്തമ ഗ്രന്ഥം

എന്തെല്ലാമാണിതിലെ ഉള്ളടക്കം?

ഒരു സംഭാഷണം, ഒരു രാഷ്ട്രമാ, ചരിത്രത്തിന്റെ പാഠം, ലീഗിന്റെ ആദ്യകാലം, കോൺഗ്രസ്സ് ദേശീയത്വത്തിന്റെ പിന്നിൽ, പാകിസ്ഥാൻപ്രമേയം, പാകിസ്ഥാനെപ്പററി പലരുടേയും നിർദ്ദേശങ്ങൾ, വേവൽപദ്ധതി ഞങ്ങൾക്കുവേണ്ടാ, പാർലമെണ്ടറി പ്രതിനിധിസംഘവും തെരഞ്ഞെടുപ്പും, കൺവെൻഷൻ, മന്ത്രിസഭാമിഷൻ, ജിന്നാസാഹിബിന്റെ പ്രസ്താവന, പച്ചക്കൊടി പറക്കട്ടെ

ആരംഭകാലത്തിന്റെ മദ്ധ്യംതൊട്ടു് 1946 മേയ്‌വരെയുള്ള മുസ്ലിംചരിത്രത്തിന്റെ വിശദവും സരസവുമായ ഒരു പ്രതിപാദനം.

കുറച്ചു പ്രതികൾ മാത്രം. പേജ് 120. ഉടനെ ഓർഡർ അയക്കുക. വില ക. 1.

സി. എം. പ്രസ്സ് & ബുക്ക്ഡിപ്പോ,

ഇടവാ, തിരുവിതാംകൂർ.

# സക്കാത്ത് (زكوة)

മുഹമ്മദ് അബുൽ കമാൽ മൌലവി.

[സമത്വം പ്രഖ്യാപനം ചെയ്യുന്ന ഇസ്ലാമിൽ ദരിദ്രനേയും കുബേരനേയും ബന്ധിപ്പിക്കുന്ന സിദ്ധാന്തങ്ങൾ നിരവധിയാണ്. സക്കാത്ത് അതിലൊന്നുമാത്രം. ഓരോ മുതലാളിയുടെയും പക്കൽ സാധുവിൻെറ വകയായി ഒരുനിശ്ചിതമായ ഓഹരിയുണ്ട്. അതു് ആ പാവത്തിനു നല്കേണ്ടതു് അയാളുടെ കടമമാത്രമാണ്. ധനവാന്മാരെല്ലാം ഇസ്ലാമിലെ സക്കാത്തിനെക്കുറിച്ച് ശരിയായി പഠിക്കുകയും അതനുസരിച്ചു പ്രവൎത്തിക്കുകയും ചെയ്യുമെങ്കിൽ ഇന്നു ലോകത്തെ പരിഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളിമുതലാളിപ്രശ്നം എന്നേക്കുമായി അവസാനിക്കും 'ഇസ'ങ്ങളുടെ പിറകെ അന്ധമായി പായുന്ന വെകിളിപിടിച്ച സഹോദരന്മാർ ഇസ്ലാമിൻെറ ഈ സാമ്പത്തിക വ്യവസ്ഥിതി പഠിച്ചെങ്കിൽ എത്ര നന്നായിരുന്നു!]

സക്കാത്തു ഇസ്ലാമിൻെറ അടിസ്ഥാനമായ അഞ്ചുകാൎയ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാകുന്നു. സാമുദായികമായ പല നന്മകളും ആത്മീയപുരോഗതിക്കുള്ള പല മാൎഗ്ഗങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇസ്ലാമിൻെറ ഉയൎച്ചക്കും അഭിവൃദ്ധിക്കും സക്കാത്തു് അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. പാമരന്മാർ സക്കാത്തിനെ ഒരു നഷ്ടമായി ഗണിക്കുന്നു. വാസ്തവത്തിൽ മുതലുടമസ്ഥന്മാൎക്കു സക്കാത്തു് കൈക്കൊള്ളുന്ന അവകാശികളെക്കാൾ ഭാവിയിൽ ഗുണമുണ്ടെന്നുള്ളതു താഴെ വിവരിക്കുന്ന പ്രമാണങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ
بِهَا وَصَلِّ عَلَيْهِمْ إِنَّ صَلَوتَكَ سَكَنٌ لَهُمْ
وَاللَّهُ سَمِيعٌ عَلِيمٌ

"അവരെ ശുദ്ധീകരിക്കുകയും അവൎക്കു അഭിവൃദ്ധിയുണ്ടാക്കുകയും ചെയ്യുന്ന ധൎമ്മത്തെ അവരുടെ ധനത്തിൽനിന്നു നീ എടുക്കുക. അവൎക്കുവേണ്ടി നീ പ്രാൎത്ഥിക്കുകയും ചെയ്യുക. നിൻെറ പ്രാൎത്ഥന അവൎക്കു ഒരു സമാധാനമാണ്. അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു."

ധൎമ്മം അവരെ ശുദ്ധിയാക്കുകയും അവൎക്കു അഭിവൃദ്ധി ഉണ്ടാക്കുകയും ചെയ്യുന്നതാണെന്നു ഈ ആയത്തു വ്യക്തമാക്കുന്നുണ്ടല്ലൊ.

عن ابن عباس - ان رسول الله ﷺ بعث
معاذا الى اليمن فقال انك تاتي قوما اهل
الكتاب فادعهم الى الشهادة ان لا اله
الا الله وان محمدا رسول الله فان هم
اطاعوا لذلك فاعلمهم ان الله قد فرض

عَلَيْهِمْ خَمْسَ صَلَوَاتٍ فِي الْيَوْمِ وَاللَّيْلَةِ
فَإِنْ هُمْ أَطَاعُوا لِذَٰلِكَ فَأَعْلِمْهُمْ أَنَّ اللَّهَ قَدْ
فَرَضَ عَلَيْهِمْ صَدَقَةً تُؤْخَذُ مِنْ أَغْنِيَائِهِمْ
فَتُرَدُّ عَلَى فُقَرَائِهِمْ فَإِنْ هُمْ أَطَاعُوا لِذَٰلِكَ
فَإِيَّاكَ وَكَرَائِمَ أَمْوَالِهِمْ وَاتَّقِ دَعْوَةَ
الْمَظْلُومِ فَإِنَّهُ لَيْسَ بَيْنَهَا وَبَيْنَ اللَّهِ حِجَابٌ

متفق عليه

റസൂൽ (സ) മുആദിനെ യമനിലേക്കു അയച്ചപ്പോൾ ഇങ്ങിനെ പറഞ്ഞു: “നീ വേദക്കാരായ ഒരു കൂട്ടരുടെ അടുക്കലേക്കാണു പോകുന്നതു്. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദു (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുവാനായി അവരെ ക്ഷണിക്കുക. അവർ അതനുസരിച്ചാൽ ഓരോ ദിവസവും അഞ്ചുസമയത്തെ നമസ്കാരം അവക്കു അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ടെന്നും അവരെ അറിയിക്കുക. അതിനു അവർ വഴിപ്പെട്ടാൽ ഒരു പുണ്യധർമ്മത്തെ അല്ലാഹു അവക്കു നിർബ്ബന്ധമാക്കിയിട്ടുണ്ടെന്നും അവരെ ഉപദേശിക്കുക. അതു അവരിലുള്ള ധനവാന്മാരിൽനിന്നും വസൂലാക്കി അവരിലുള്ള ദരിദ്രന്മാക്കു കൊടുക്കുകയാണു്. അതു അവർ സ്വീകരിച്ചാൽ അവരുടെ ധനത്തിൽനിന്നു ഏററവും വിശേഷപ്പെട്ടതിനെ സൂക്ഷിക്കണം (എടുക്കരുതു്). ദ്രോഹിക്കപ്പെടുന്നവന്റെ പ്രാർത്ഥനയെ നീ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ അതിന്റെയും അല്ലാഹുവിന്റെയുംഇടയിൽ തടസ്സമല്ല.” (അതു അവൻ സ്വീകരിക്കും.)

സക്കാത്തു മനുഷ്യനെ ശുദ്ധമാക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണു ചെയ്യുന്നതെന്നു ആയത്തു വ്യക്തമാക്കുന്നുണ്ടല്ലോ. അല്ലാഹുവിന്റെ ആജ്ഞക്കു ഒരുവൻ വഴിപ്പെട്ടുകൊണ്ടു തന്റെ മുതലിൽനിന്നു ഒരു ഭാഗം കൈവിട്ടുകൊടുക്കുവാൻ സന്നദ്ധനായിത്തീരുമ്പോൾ അവനും അവന്റെ ധനത്തിനും പരിശുദ്ധി സ്വയം ഉണ്ടായിത്തീരുന്നു. ഈ പരിശുദ്ധി അവന്റെ മാനസികമായ പുരോഗതിക്കും നന്മക്കും ഹേതുവായിത്തീരുകയും ചെയ്യും.

---

ധനം മനുഷ്യന്റെ ജീവൻ എന്നോണം അവനുമായി അത്രകണ്ടു ബന്ധിച്ചു നില്ക്കുന്ന ഒന്നാണു്. അതിൽ വലിയ ആർത്തി പ്രകടിപ്പിക്കാതെ അല്ലാഹുവിന്റെ കല്പനക്കു വഴിപ്പെട്ടു കൈവിട്ടുകൊടുക്കുവാനുള്ള ഒരു സന്മനസ്സ് അവനുണ്ടായിത്തീരുക എന്നു വച്ചാൽ അതിന്റെ അർത്ഥം, അവന്റെ ധനത്തെക്കാൾ അല്ലാഹുവിന്റെ തൃപ്തിയെയാണു് അവൻ വകവെച്ചിട്ടുള്ളതു എന്നു പ്രവൃത്തിമൂലം അവൻ തെളിയിക്കുന്നു എന്നാണു്.

മതപരമായ കാര്യങ്ങൾക്കു സ്വന്തകാര്യത്തെക്കാൾ അവൻ മുൻഗണന നൽകുമ്പോൾ അവന്റെ മതബോധവും കൃത്യനിഷ്ഠയും സ്പഷ്ടമാകുന്നുണ്ടു്. ഇപ്രകാരമുള്ള ഒരു മനസ്ഥിതി ധനവാന്മാരിൽ ഉണ്ടായിത്തീരുകയാണെങ്കിൽ സാമുദായികമായ വലിയ അഭിവൃദ്ധി നമുക്കു ഉണ്ടാകുമെന്നുള്ളതിൽ ആർക്കും സംശയമില്ല.

സക്കാത്തു് എന്ന പുണ്യധർമ്മത്തിൽ പല ഗുണങ്ങളും അടങ്ങിയിട്ടുണ്ടു്. ഒരുവൻ അതു കൊടുക്കാതെ അവന്റെ സമ്പാദ്യമാണെന്നു വിചാരിച്ചു കെട്ടിപ്പൂട്ടിവെച്ചാൽ അവൻ അവനെത്തന്നെ ദ്രോഹിക്കുക മാത്രമല്ല ചെയ്യുന്നതു്. സമുദായത്തിന്റെ നന്മയെ ആകമാനം തടയുകയും അവരുടെ

അവകാശത്തെ പിടിച്ചുവെച്ചു അവരെ ദ്രോഹിക്കുകയുമാണു ചെയ്യുന്നതു്. സക്കാത്തു കൊടുക്കാതെ കെട്ടിപ്പൂട്ടിവെക്കുന്ന മനസ്ഥിതി പൈശാചികമായിട്ടുള്ളതാണു്.

اَلشَّيطَانُ يَعِدُكُمُ الفَقرَ وَيَامُرُكُم بِالفَحشَاءِ

പിശാചു ദാരിദ്ര്യത്തെ നിങ്ങളോടു വാഗ്ദത്തം ചെയ്യുകയും (ദരിദ്രനാകുമെന്നു ഭയപ്പെടുത്തുകയും) കഷ്ടതരമായ നിഷിദ്ധകാര്യങ്ങളെ അവൻ നിങ്ങളോടു കല്പിക്കുകയും ചെയ്യും എന്നു ഖുർആനിൽ പറഞ്ഞിട്ടുള്ളതിൻെറ താല്പര്യം ഇതാണു്. എന്നു മാത്രമല്ല ധനം സക്കാത്തുമൂലം കൈവിട്ടുപോയാൽ കുറഞ്ഞുപോകുമെന്നുള്ള ഭയം അനാവശ്യമാണു്. അവൻെറ ലുബ്ധത അവൻെറ ധനത്തെ കുറയ്ക്കുകയേ ഉള്ളൂ.

وَعَن عَائِشَةَ (ر) قَالَت سَمِعتُ رَسُولَ اللهِ (ص) يَقُولُ مَا خَالَطَتِ الزَّكٰوةُ مَالاً قَطُّ اِلاَّ اَهلَكَتهُ رواه الشافعى والبخارى فى تاريخه

റസൂൽ (സ) പറയുന്നതായി ആയിഷ (റ) കേട്ടു സക്കാത്തിൻെറ സംഖ്യ ഒരു ധനത്തോടും കലർന്നിട്ടില്ല ആ ധനത്തെ അതു നശിപ്പിച്ചിട്ടല്ലാതെ. അതായതു് സക്കാത്തിൽ കൊടുക്കേണ്ടുന്ന സംഖ്യ കൊടുക്കാതെ അതു വേറെ മുതലോടു കലരുന്നതായാൽ ആ മുതലിനെ അതു നശിപ്പിക്കുന്നതാണു്. മേലുദ്ധരിച്ച സൽഗുണങ്ങൾ ലഭിക്കേണമെങ്കിൽ സക്കാത്തു വ്യവസ്ഥയോടുകൂടിയും നിയമപ്രകാരവും ആയിരിക്കേണ്ടതാണു്. ഈ വ്യവസ്ഥ പാലിക്കപ്പെടണമെങ്കിൽ, അർഹിക്കുന്ന അവകാശികൾക്കു അതു ലഭിക്കേണമെങ്കിൽ നബിയുടെയും സഹാബത്തിൻെറയും കാലത്തു അതു വീതിച്ചുകൊടുത്തിയിരുന്നതുപോലെ ഇന്നു നാമും വീതിച്ചുകൊടുക്കണം. അപ്പോൾ മാത്രമെ ആ പുണ്യധർമ്മത്തിൻെറ ഫലം പൂർണ്ണമായി സിദ്ധിക്കയുള്ളൂ. ഇതുകൊണ്ടാണു് ആദ്യം ഉദ്ധരിച്ച ആയത്തിൽ

خُذ مِن اَموَالِهِم صَدَقَةً ധർമ്മത്തെ അവരുടെ ധനത്തിൽനിന്നു നീ എടുക്കുക. എന്നു പറഞ്ഞിട്ടുള്ളതു്. നബിയുടെ കാലത്തു സക്കാത്തു കൊടുക്കുവാൻ കടപ്പെട്ടവരിൽനിന്നു അതു വാങ്ങി ശേഖരിച്ചു അതിൻെറ അവകാശികൾക്കു ക്രമപ്രകാരം വീതിച്ചുകൊടുക്കുന്ന സമ്പ്രദായമായിരുന്നു. ഇന്നു നാമും അതു ഒരുമിച്ചുകൂട്ടി അവകാശികൾക്കു ക്രമപ്രകാരം കൊടുക്കുന്ന ഒരു ഏർപ്പാടു ചെയ്യുകയാണെങ്കിൽ അതുകൊണ്ടു ഉദ്ദേശിച്ച ഫലം പൂർത്തിയായി ലഭിക്കുന്നതാണു്. തന്മൂലം യാചകന്മാരുടെയും സാധുക്കളുടെയും എണ്ണം വളരെ ചുരുങ്ങുകയും ധനവാന്മാരും സാധുക്കളും തമ്മിലുള്ള വഴക്കുകൾ നശിക്കുകയും സമുദായമദ്ധ്യെ സൌഹാർദ്ദതയും സ്നേഹവും വളരുകയും സാമുദായികമായ മററു കാര്യങ്ങൾ നിർവ്വഹിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുമെന്നുള്ളതു പ്രത്യേകം ഓർക്കേണ്ടതാണു്.

മേൽപ്രസ്താവിച്ച ഗുണങ്ങൾ ഇഹത്തിൽ നമുക്കു അനുഭവപ്പെടുന്ന ഗുണങ്ങളാണു്. പരലോകത്തു അവനു കിട്ടുന്ന പ്രതിഫലത്തെക്കുറിച്ചാണു ഖുർആനിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതു്.

وَمَا اٰتَيتُم مِن زَكٰوةٍ تُرِيدُونَ وَجهَ اللهِ فَاُولٰٓئِكَ هُمُ المُضعِفُونَ.

നിങ്ങൾ അല്ലാഹുവിൻെറ തൃപ്തിയെ

ഉദ്ദേശിച്ചുകൊണ്ടു സക്കാത്തായി വല്ലതും കൊടുക്കുന്നതായാൽ അവൎക്കു പ്രതിഫലം ഇരട്ടിയായി കൊടുക്കപ്പെടുന്നതാണു്. അല്ലാഹു നൽകുന്ന പ്രതിഫലം അവന്റെ സ്വൎഗ്ഗംതന്നെയാണു്.

വീണ്ടും അല്ലാഹു പറഞ്ഞിരിക്കുന്നു:

وَالَّذِينَ هُمْ لِلزَّكٰوةِ فَاعِلُونَ

സക്കാത്തു കൊടുത്തു വീട്ടുന്നവരുമായ സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു—അവർ വിജയിയായിരിക്കുക. ഇരട്ടിയായ പ്രതിഫലം കിട്ടുക എന്നുള്ളതു അതിന്റെ പാരത്രികമായ സൽഫലമാണു്.

ഈ സക്കാത്തു കൊടുക്കാതെ ലുബ്ധ് കാണിക്കുന്നവൎക്കു അല്ലാഹു നിശ്ചയിച്ചിട്ടുള്ള ശിക്ഷ വളരെ ഗൗരവമേറിയതാണു്.

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلَا يُنْفِقُونَهَا فِي سَبِيلِ اللّٰهِ فَبَشِّرْهُمْ بِعَذَابٍ أَلِيمٍ - يَوْمَ يُحْمٰى عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوٰى بِهَا جِبَاهُهُمْ وَجُنُوبُهُمْ وَظُهُورُهُمْ هٰذَا مَا كَنَزْتُمْ لِأَنْفُسِكُمْ فَذُوقُوا مَا كُنْتُمْ تَكْنِزُونَ.

സ്വൎണ്ണവും വെള്ളിയും നിക്ഷേപിക്കുകയും അല്ലാഹുവിന്റെ മാൎഗ്ഗത്തിൽ ചിലവു ചെയ്യാതിരിക്കുകയും ചെയ്യുന്നവൎക്കു വേദനപ്പെടുത്തുന്ന ശിക്ഷയുണ്ടെന്നു മുന്നറിയിപ്പു കൊടുക്കുക. നരകത്തിന്റെ അഗ്നിയിൽ അതു പഴുപ്പിക്കപ്പെട്ടു അവരുടെ നെറ്റികളെയും അവരുടെ പാൎശ്വങ്ങളെയും മുതുകുകളെയും അതുകൊണ്ടു (ആ പൊന്നും വെള്ളിയുംകൊണ്ടു) ചൂടുവെക്കപ്പെടുന്ന ദിവസം—ഇതു നിങ്ങൾ സ്വന്താവശ്യത്തിനായി നിക്ഷേപിച്ചിട്ടുള്ളതാണു്—അതുകൊണ്ടു നിങ്ങൾ നിക്ഷേപിച്ചിട്ടുള്ളതിനെ നിങ്ങൾ രുചിനോക്കുക എന്നു അവരോടു പറയപ്പെടും.

وعن ابن مسعود قال قال رسول الله ﷺ مَا مِنْ رَجُلٍ لَا يُؤَدِّي زَكٰوةَ مَالِهِ إِلَّا جَعَلَ اللّٰهُ يَوْمَ الْقِيٰمَةِ فِي عُنُقِهِ شُجَاعًا أَقْرَعَ ثُمَّ قَرَأَ عَلَيْنَا مِصْدَاقَهُ مِنْ كِتَابِ اللّٰهِ وَلَا يَحْسَبَنَّ الَّذِينَ يَبْخَلُونَ بِمَا آتَاهُمُ اللّٰهُ مِنْ فَضْلِهِ هُوَ خَيْرًا لَهُمْ بَلْ هُوَ شَرٌّ لَهُمْ سَيُطَوَّقُونَ مَا بَخِلُوا بِهِ يَوْمَ الْقِيٰمَةِ وَلِلّٰهِ مِيرَاثُ السَّمٰوٰتِ وَالْأَرْضِ وَاللّٰهُ بِمَا تَعْمَلُونَ خَبِيرٌ

സക്കാത്തുകൊടുത്തു വീട്ടാത്ത പുരുഷന്റെ ധനം അന്ത്യദിനത്തിൽ അവന്റെ പിരടിയിൽ അതിവിഷമുള്ള സൎപ്പമാക്കപ്പെട്ടിട്ടൊഴികെ അല്ല പിന്നെ റസൂൽ (സ) അതിനു സാക്ഷിയായി അല്ലാഹുവിന്റെ കിതാബിൽനിന്നു ഈ ആയത്തു ഓതി—തന്റെ അനുഗ്രഹത്തിൽനിന്നു അല്ലാഹു തന്നതിനെ (ധനത്തെ) അതിന്റെ അവകാശികൾക്കു കൊടുക്കാതെ ആർ ലുബ്ധത കാണിക്കുന്നുവോ? അതു അവൎക്കു നല്ലതാണെന്നു അവർ വിചാരിക്കേണ്ട. എന്നാൽ അവൎക്കു അതു ദോഷമാകുന്നു. അവർ

ഏതൊന്നിനെ കൊടുക്കാതെ ലുബ്ധത കാണിച്ചിരിക്കുന്നോ അതു അന്ത്യദിനം അവരുടെ കഴുത്തിൽ ആഭരണമാക്കപ്പെടുന്നതാണ്. ആകാശഭൂമിയുടെ അവകാശം അല്ലാഹുവിനാകുന്നു. അല്ലാഹു നിങ്ങൾ പ്രവൃത്തിക്കുന്നതിനെ അറിയുന്നവനാണ്. ഇത്രക്ക വളരെ ഗൌരവമായ സംഗതിയായതുകൊണ്ടാണ അല്ലാഹു ഖുർആനിൽ സക്കാത്തിനെ 80 ൽ അധികം സ്ഥലത്തു നമസ്കാരത്തോടു ഒന്നിച്ചു പറഞ്ഞിട്ടുള്ളതു്.

اَقِيمُوالصلٰوةَوَاٰتُوالزَّكٰوةَ- اَقَامُوالصلٰوةَ وَاٰتُوالزَّكٰوةَ= يُقِيمُونَ الصلٰوةَوَيُؤْتُونَ الزَّكٰوةَ=

ആദിയായ വാചകങ്ങൾ ഖുർആനിൽ അനേകം സ്ഥലത്തു വന്നിട്ടുണ്ട്. ഇത്രക്ക വലിയ പ്രാധാന്യമുള്ള ഈ കാര്യത്തെ വ്യവസ്ഥിതികമായ നിലയിൽ നിർവഹിക്കുവാൻ മുസ്ലിമീങ്ങളിൽ യാതൊരു ഏപ്പാടും ഇല്ലാത്തതു ലജ്ജാവഹംതന്നെ.

ഭരണം അനിസ്ലാമികമായതുകൊണ്ടു നബിയുടെയും സഹാബത്തിന്റെയും കാലത്തെപ്പോലെ നടക്കുകയില്ലെങ്കിലും മുസ്ലിമീങ്ങളിൽ ഓരോ സംഘം മുഖേനയോ കമ്മററിമുഖേനയോ ഏപ്പാടുകൾ ചെയ്യുന്നതായാൽ രാഷ്ട്രീയമായ കാര്യങ്ങൾ നടന്നുപോകുംപോലെ സക്കാത്തും നടന്നുപോകുന്നതാണ്.


# ✻ യാസീൻ. ✻

അറബി മൂലവും മലയാള പരിഭാഷയും.

രണ്ടാം പതിപ്പ്.

യാസീൻ എല്ലാവരും ദിവസംപ്രതി പാരായണം ചെയ്യുന്നുണ്ട്. എന്നാൽ എത്രപേർക്ക് അതിന്റെ അർത്ഥം അറിയാം? അതൊരു വലിയ പ്രശ്നമാണ്. അർത്ഥം അറിഞ്ഞു വായിക്കണമെന്നുള്ളവർ ഉടനെ ഞങ്ങൾക്കെഴുതുക.

മേനിക്കടലാസിൽ മനോഹരമായ കളർപ്രിൻഡിംഗ്.

പുസ്തകം ഒന്നിനു് 8 ണ. കച്ചവടക്കാർക്ക് ന്യായമായ കമ്മീഷൻ,

# ✻ മുഹമ്മദീയനിയമം. ✻

ഇസ്ലാമിലെ നിയമങ്ങളുടെ പരിപൂർണ്ണസമാഹാരം. ഓരോ മുസ്ലിംഗൃഹത്തിലും ഒരു അത്താറിട്ടിയായി സൂക്ഷിക്കേണ്ടതു്. 160 പേജ്. വില 10 ണ മാത്രം.

സി. എം. പ്രസ്സ് & ബുക്ക്ഡിപ്പോ,
ഇടവാ, തിരുവിതാംകൂർ.

# റംസാനൽ മുബാറക്

A. M.

[ഐഹികവും പാരത്രികവുമായ സർവ്വ സൗഭാഗ്യങ്ങൾക്കും നിദാനമായ വ്രതാനുഷ്ഠാനത്തെ മുറുകെ പിടിക്കുവിൻ. വ്രതാനുഷ്ഠാനത്തിൻെറ ആത്മീയവും ശാരീരികവും സാമുദായികവുമായ മാഹാത്മ്യങ്ങളെയും അനുഷ്ഠാനക്രമങ്ങളെയും പററിയുള്ള ഒരു വിവരണം.]

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ❀

സത്യവിശ്വാസികളെ, നിങ്ങൾക്കു മുമ്പുള്ളവർക്കു നോമ്പു നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പു നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു (അതുമൂലം) ദോഷബാധയെ തടുക്കാവുന്നതാണു്.

റംസാനൽമുബാറക്കു ഇതാ വന്നുകഴിഞ്ഞു. അതിനെ സ്വാഗതം ചെയ്യുന്നതിനായി ഒരുങ്ങിനില്ക്കുവിൻ. റംസാൻമാസത്തിലെ നോമ്പു ഇസ്ലാമിൻെറ നിർബന്ധാനുഷ്ഠാനങ്ങളിൽ നാലാമത്തേതാണു്. അതിനെ ഉപേക്ഷിക്കുന്നതു ഇസ്‌ലാമിൻെറ തൂണുകളിലൊന്നിനെ തകർക്കുന്നതുപോലെയാണു്. നോമ്പു ശരീരത്തെ ക്ഷീണിപ്പിക്കുന്നതും ഉപദ്രവമുണ്ടാക്കുന്നതുമായ ഒരു ആചാരമാണെന്നു വിശ്വസിക്കുന്ന പല പുത്തൻ പരിഷ്കാരികളേയും ഇന്നു കാണുവാൻ കഴിയും. വല്ലകാരണങ്ങളാലും നോമ്പു ഉപേക്ഷിക്കേണ്ടിവന്നാൽ തന്നെ ആ സംഗതി രഹസ്യമായി വെയ്ക്കുന്ന സമ്പ്രദായം ഇന്നു തീരെ ഇല്ലാതായിരിക്കുന്നു. നോമ്പു ഉപേക്ഷിച്ചു പരസ്യമായി തിന്നും കുടിച്ചും നടക്കുന്ന പല പഠിച്ച വീരന്മാരെയും ഇക്കൂട്ടത്തിൽ കാണാം. ഇത്തരക്കാർക്കു മതത്തിൽ വിശ്വാസമുണ്ടെന്നുതന്നെ വിചാരിക്കുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ നോമ്പിൻെറ ഗുണങ്ങളേയും ഫലങ്ങളേയുംപററി അല്പമെങ്കിലും ചിന്തിച്ചിട്ടുള്ള ഏതൊരാൾക്കും അതിൻെറ പലവിധത്തിലുള്ള മഹത്വങ്ങളേയും കാണുവാൻ സാധിക്കുന്നതാണു്. നോമ്പിൻെറ ഗുണങ്ങളെ ആത്മീയം, സാമുദായികം, ശാരീരികം ഇങ്ങനെ മൂന്നായി തരംതിരിക്കാം.

ഇവയിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു ആത്മീയഗുണമാണു്. മനുഷ്യൻെറ ശരീരത്തിൽ പ്രധാനമായി മൂന്നു ശക്തികളാണുള്ളതു്. 1. ആത്മീയമായതു്. 2. മൃഗീയമായതു്. 3. പൈശാചികമായതു്. ഈ മൂന്നു ശക്തികളും അന്യോന്യം കലഹിച്ചുകൊണ്ടിരിക്കയാണു്. ആത്മീയമായ ശക്തി ജയിക്കുകയും മൃഗീയവും പൈശാചികവുമായ ശക്തികൾ പരാജയപ്പെടുകയും ചെയ്യുന്നപക്ഷം ആ മനുഷ്യൻ ദിവ്യനും ഉത്തമനും ദൈവഭക്തനുമായിത്തീരുന്നു. നേരെമറിച്ചു മൃഗീയമായ ശക്തി ജയിക്കുന്നപക്ഷം അവൻ കാമക്രോധാദി ദുർഗ്ഗു

ങ്ങൾക്ക് അടിമപ്പെട്ടുപോകുന്നതാണ്. അപ്രകാരംതന്നെ പൈശാചികമായ ശക്തി വിജയിക്കുന്നതായാൽ അവൻ ഏഷണിക്കാരനും കുഴപ്പക്കാരനുമായിത്തീരും. മൃഗീയവും പൈശാചികവുമായ ശക്തികളുടെ ആയുധം അമിതഭക്ഷണമാണ്. കണക്കിലേറെ ഭക്ഷണങ്ങൾ കഴിക്കുന്നതുകൊണ്ടു മേല്പറഞ്ഞ രണ്ടു ശക്തികളും ബലപ്പെട്ടുവരികയും ആത്മീയമായ ശക്തിയെ അവ പരാജയപ്പെടുത്തുകയും ചെയ്യും. തന്മൂലം മനുഷ്യൻ പല ദുർഗ്ഗുണങ്ങളുടേയും വിളനിലമായിത്തീരുന്നതും അല്ലാഹുവിന്റെ ശിക്ഷക്കു പാത്രീഭൂതനാകുന്നതുമാണ്. വർഷത്തിൽ ഒരു മാസം മുഴുവനും തുടർച്ചയായി വ്രതമനുഷ്ഠിക്കുന്നതുകൊണ്ടു മൃഗീയവും പൈശാചികവുമായ ശക്തികളെ പരാജയപ്പെടുത്തുവാനും ആത്മീയമായ ശക്തിയെ ബലപ്പെടുത്തുവാനും സാധിക്കുന്നു. നോമ്പിന്റെ പ്രധാന ഉദ്ദേശ്യവും ഇതുതന്നെയാണ്. നബി (സ) പറയുന്നതു് റംസാനിൽ അല്ലാഹുവിന്റെ പ്രതിഫലത്തെ ആഗ്രഹിച്ചുകൊണ്ടു ആര് വ്രതമനുഷ്ഠിക്കുന്നുവോ അവന് അവൻ മുമ്പു ചെയ്തുപോയിട്ടുള്ള പാപങ്ങളിൽനിന്നും രക്ഷ പ്രാപിക്കാമെന്നാണ്.

സാമുദായികമായി നോമ്പിനുള്ള പ്രാധാന്യം നോക്കുക. ലോകത്തു എല്ലാവരും ഒരേ തരത്തിലല്ല. ചിലർ ധനവാന്മാരാണെങ്കിൽ വേറെ ചിലർ ദരിദ്രന്മാരായിരിക്കും. ഒരുകൂട്ടർ തൊഴിലാളികളാണെങ്കിൽ മറെറാരു കൂട്ടർ മുതലാളിമാരായിരിക്കും. ഈ തരവ്യത്യാസം ഒരു പ്രകൃതിനിയമമാണ്. ഈ വ്യത്യാസത്തെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. ഭിന്നനിലയിലുള്ള ജീവിതം സാമുദായികസംഘട്ടനങ്ങൾക്കു ഇടവരാതെ നിയന്ത്രിക്കുകയാണു വേണ്ടതു്. ധനവാന്മാരും മുതലാളിമാരും വിശപ്പും ദാഹവും എന്തന്നറിയാതെ കഴിഞ്ഞുകൂടുന്നവരാണ്. വിശപ്പിന്റേയും ദാഹത്തിന്റേയും മർദ്ദനം അവർക്കു അറിയുവാൻ സാധിക്കുകയില്ല. വിശപ്പും ദാഹവും ആരെയും പറഞ്ഞു മനസ്സിലാക്കുവാൻ കഴിയുന്നതല്ല. അതു അനുഭവിച്ചാലേ അറിയുവാൻ കഴിയുകയുള്ളു. ഒരു മാസം മുഴുവനും സ്ത്രീപുരുഷഭേദമെന്യേ ധനവാനും ദരിദ്രനും മുതലാളിയും തൊഴിലാളിയും എല്ലാം വ്രതമനുഷ്ഠിക്കണമെന്നു അല്ലാഹു ആജ്ഞാപിച്ചു. തന്മൂലം വിശപ്പിന്റേയും ദാഹത്തിന്റേയും രുചി ഓരോരുത്തരും അനുഭവിച്ചറിയുവാൻ നിർബന്ധിതനാകുന്നു. അപ്പോൾ സാധുക്കളുടെ സ്ഥിതി മനസ്സിലാക്കുന്നതിനും അവരോടു ദയാപുരസ്സരം പെരുമാറുന്നതിനുമുള്ള മനസ്ഥിതി ധനവാനുണ്ടായിത്തീരും. ഇതു സമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യത്തിനും സൗഹാർദ്ദത്തിനും ഇടയായിത്തീരുന്നു. സാമുദായികസംഘടനയ്ക്കു അത്യാവശ്യമായ സാധുസംരക്ഷണമനോഭാവം ദാനശീലം ആദിയായ മഹദ്ഗുണങ്ങൾ നോമ്പിന്റെ ഫലമായി ധനികന്മാരിൽ ഉണ്ടാകുന്നതോടുകൂടി കൃതജ്ഞത ഭക്തി പ്രത്യുപകാരമനോഭാവംമുതലായ സൽഗുണങ്ങൾ സാധുക്കൾക്കും ഉണ്ടായിത്തീരും. ഇവ നോമ്പിന്റെ സാമുദായികവശങ്ങളിൽ ചിലതു മാത്രമാണ്.

നോമ്പുകൊണ്ടുള്ള ശാരീരികമായ ഫലങ്ങളെപ്പററി പരിശോധിക്കാം. അമിതഭക്ഷണംമൂലമാണ് അധികം രോഗങ്ങളും ഉണ്ടാകുന്നതു്. കണക്കിലേറെ ഭക്ഷണം കഴിക്കുന്നതുകൊണ്ടു ദുർമ്മേദസ്സ് വർദ്ധിക്കുകയും അതിൽനിന്നു പല മഹാരോഗങ്ങളും ഉത്ഭവിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള മഹാരോഗങ്ങളെ ഡോക്ടറന്മാർ ഔഷധംകൊണ്ടല്ല ഭക്ഷണനിയന്ത്രണംകൊണ്ടാണ് ശമിപ്പിക്കുന്നതു്. ശരീരത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിൽ ഭക്ഷണനിയന്ത്രണത്തിനു ഒരു വലിയ പങ്കുണ്ടെന്നു

ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. അധിക രോഗങ്ങളുടേയും ഉത്ഭവസ്ഥാനം ആമാശയമാണ്. ആമാശയത്തെ ശുദ്ധിയായി സൂക്ഷിക്കുന്നതായാൽ മിക്ക രോഗങ്ങൾക്കും ശമനം ലഭിക്കും. ഒരുമാസം മുഴുവനും വ്രതമനുഷ്ഠിക്കുന്നതായാൽ ആമാശയം ശുദ്ധി ഉള്ളതായിത്തീരുകയും രോഗബീജങ്ങൾ നശിച്ചുപോകയും ചെയ്യും. നോമ്പിന്റെ ഇത്തരം ഗുണങ്ങളും ഫലങ്ങളും അല്പമെങ്കിലും ചിന്തിക്കുന്ന ഏതൊരാൾക്കും അറിയുവാൻ സാധിക്കുന്നതാണ്. നോമ്പു മനുഷ്യനെ ബുദ്ധിമുട്ടിപ്പിക്കുവാനോ ക്ഷീണിപ്പിക്കുവാനോ ഉള്ള ഒരു ഏർപ്പാടാണെന്നു ആരും ധരിക്കയില്ലെന്നു വിശ്വസിക്കുന്നു.

നോമ്പിന്റെ അനുഷ്ഠാനക്രമങ്ങളെക്കുറിച്ചു അല്പം വിവരിക്കാം. ശഅ്ബാൻ മാസം മുപ്പതുദിവസം പൂർത്തിയാകുന്നതുകൊണ്ടോ റംസാന്റെ ഹിലാലിനെ (പിറവിചന്ദ്രൻ) കാണുന്നതുകൊണ്ടോ റംസാൻ തുടങ്ങി എന്നു വിചാരിക്കാം. ഈ തെളിവിനു യോഗ്യനായ ഒരാളിന്റെ സാക്ഷി മതിയാകുന്നതാണ്. പ്രായപൂർത്തിയായിട്ടുള്ള എല്ലാവർക്കും നോമ്പു നിർബന്ധമാണ്. വ്രതമനുഷ്ഠിക്കുവാൻ കഴിയുന്ന കുട്ടികളോട് അതു അനുഷ്ഠിക്കുവാൻ രക്ഷാകർത്താക്കൾ ശാസിക്കേണ്ടതാണ്. ആർത്തവകാലങ്ങളിലും പ്രസവിച്ചുകിടക്കുമ്പോഴും സ്ത്രീകൾ വ്രതമനുഷ്ഠിക്കേണ്ട. മറ്റൊരവസരത്തിൽ പകരം വീട്ടിയാൽ മതി. യാത്രക്കാരും രോഗികളും ഇതുപോലെയാണ് വേണ്ടതു്. ഞാൻ നാളെ നോമ്പു അനുഷ്ഠിക്കുവാൻ തീർച്ചപ്പെടുത്തി എന്നുള്ള കരുതൽ (നിയ്യത്തു) രാത്രിതന്നെ ആവശ്യമാണ്. രാത്രിയുടെ അന്തിമയാമത്തിന്റെ ആരംഭം മുതൽ അസ്തമനംവരെ നോമ്പിനെ ദുർബ്ബലപ്പെടുത്തുന്ന യാതൊരു സംഗതികളിലും ഏർപ്പെടരുതു്. അസ്തമനം ബോദ്ധ്യമായ ഉടനെ നോമ്പു തുറക്കുന്നതും അർദ്ധരാത്രി കഴിഞ്ഞശേഷം വല്ലതും കഴിക്കുന്നതും നല്ലതാണ്. ശരീരത്തിലെ അവയവങ്ങളെ പാപകർമ്മങ്ങളിൽനിന്നും ഒഴിച്ചു നിറുത്തുക, ധർമ്മം കൊടുക്കുക, ഇഅ്തികാഫ്, രാത്രി ജമാഅത്തായി നമസ്കരിക്കുക, ഖുർആൻ പാരായണം എന്നീ പുണ്യകർമ്മങ്ങൾ വളരെ നല്ലതാണ്. റംസാന്റെ അവസാനത്തെ പത്തിൽ ഇത്തരം പുണ്യകർമ്മങ്ങൾ അധികമായി ചെയ്യുന്നതു് ഏററവും ഉത്തമമാണ്. എന്തുകൊണ്ടെന്നാൽ ലൈലത്തുൽഖദ്റെന്ന ബഹുമാനരാവ് റംസാന്റെ അവസാനത്തെ പത്തുദിവസങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേകരാവ് എന്നാണ് അധികം മഹാന്മാരുടേയും അഭിപ്രായം. റംസാനിലെ നോമ്പു ക്രമമായി നിർവഹിക്കുവാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

---

വിദ്യാർത്ഥികൾക്കു് പ്രത്യേകം.

1. ഇസ്‌ലാമിക മാർഗ്ഗദർശിനി: ഇസ്ലാമിന്റെ വിശ്വാസപരമായ കാര്യങ്ങളെക്കുറിച്ചുള്ള ഒരു വിശദ പ്രതിപാദനം. 0 — 6 — 0
2. കിതാബുൽ ഇസ്‌ലാം: ഇസ്ലാമിന്റെ നിർബന്ധാനുഷ്ഠാനങ്ങളെ സംബന്ധിച്ചുള്ള പഠനം. 0 — 5 — 0
3. നബിചരിത്രകഥകൾ: ലളിതമായ ഭാഷയിൽ വിദ്യാർത്ഥികളെ ഉദ്ദേശിച്ചു് എഴുതിയിട്ടുള്ള ഒരു ചരിത്ര പുസ്തകം. 0 — 5 — 0

സി. എം. പ്രസ്സ് & ബുക്ക്ഡിപ്പോ, ഇടവാ, തിരുവിതാംകൂർ.

# അനാചാരം (بدعة)

ഇ. കെ. മൌലവി സാഹിബ്.

[യുക്തിഹീനമായി ഒന്നുംതന്നെ ഇല്ലാത്ത ഇസ്ലാമിൽ എന്തെല്ലാ യുക്തിഹീനതകളാണ് പണ്ഡിതന്മാരുടെപേരിൽ ചിലർ അടിച്ചുതറയ്ക്കുന്നത്. ഈ യുക്തിഹീനതകളുടെ പിറകിൽ നിന്നുകൊണ്ട് സ്വകാര്യലാഭം നേടുന്നുവെന്നുള്ളതാണ് ലജ്ജാവഹം. തൌഹീദിനുതന്നെ എതിരായ ഈവക പ്രകടനങ്ങളിൽനിന്നും ഒഴിഞ്ഞുമാറേണ്ടതു് ഓരോ മുസ്ലിമിൻെറയും കടമയാണ്. ശപിക്കപ്പെട്ട ഈ അനാചാരങ്ങളെക്കുറിച്ചുള്ള ഒരു പ്രതിപാദനം ]

മതപരമായ കാര്യങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ ഇന്നു സാധാരണയായി പറഞ്ഞുവരാറുള്ള 'അനാചാരം' അല്ലെങ്കിൽ 'ദുരാചാരം' എന്ന വാക്ക് ഉപയോഗിക്കുന്നതു്, അറബിഭാഷയിലുള്ള "ബിദ്അത്തു്" (بدعة) എന്ന വാക്കിൻെറ തർജ്ജമ എന്ന നിലയിലാണ്. നവീനമായി അറിയപ്പെടുന്ന ഏതൊന്നിനും ബിദ്അത്തു് എന്നുപറയാം. എന്നാൽ അതു് ഭാഷാപരമായ അർത്ഥത്തിലാണ്. "ബിദ്അത്തു്" എന്ന വാക്കിൻെറ സാങ്കേതികമായ അർത്ഥം "മതപരമായ കാര്യങ്ങളിൽ നൂതനമായി ഉണ്ടാക്കപ്പെടുന്നതു്" എന്നാണ്. എന്നുവെച്ചാൽ മതത്തിൽ ഇല്ലാത്ത ഒന്നിനെ — അതു് വിശ്വാസത്തിലായാലും കർമ്മത്തിലായാലും ശരി — മതമായി ആചരിക്കുകയോ അനുഷ്ഠിക്കുകയോ ചെയ്യുന്നതായാൽ അതിൻെറ പേരു് ബിദ്അത്തു് എന്നാകുന്നു. അതുകൊണ്ടു്, മതകാര്യങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ അനാചാരമെന്നോ ദുരാചാരമെന്നോ നവീനാചാരമെന്നോ പറയുന്നതായാൽ അതുകൊണ്ടുള്ള വിവക്ഷ ബിദ്അത്തു് എന്നാകുന്നു. ആയിശഃ (റ) നിവേദനംചെയ്ത ഒരു നബിവചനത്തിൽ ഇങ്ങിനെ പറയുന്നു:

مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ. وَفِي رِوَايَةٍ مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ. (متفق عليه)

നമ്മുടെ ഈ വിഷയത്തിൽ — മതകാര്യത്തിൽ — അതിലില്ലാത്തതിനെ ആരെങ്കിലും നിർമ്മിച്ചാൽ അതു് നിഷിദ്ധമാണ്. മറെറാരു റിപ്പോർട്ടിൽ, നാം ആജ്ഞാപിക്കാത്തതിനെ വല്ലവരും പ്രവർത്തിച്ചാൽ അതു് നിഷേധിക്കപ്പെടേണ്ടതാണ്.

ബിദ്അത്തിൻെറ വിപരീതപദമാണ് "സുന്നത്തു്" (സദാചാരം). സുന്നത്തു് സ്വർഗ്ഗത്തിലേക്കും, ബിദ്അത്തു് നരകത്തിലേക്കുമുള്ള രണ്ടു മാർഗ്ഗങ്ങളാണ്.

عَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ

"എൻെറയും ഖുലഫാ ഉർറാശിദുകളുടെയും (അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ) ) സുന്നത്തിനെ നിങ്ങൾ അവലംബിക്കുക — അതിനെ സ്വീകരിക്കുക." എന്നത്രെ റസൂൽ

കരീം (സ) അരുൾചെയ്യുന്നത്. തുടർന്നുകൊണ്ട് തിരുമേനി പറയുന്നു:

إِيَّاكُمْ وَمُحْدَثَاتِ الْأُمُورِ وَكُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ فِي النَّارِ.

"നവീനനിർമ്മിതങ്ങളായ കാര്യങ്ങളെ സൂക്ഷിക്കുക. എല്ലാ നവീനനിർമ്മിതങ്ങളും ബിദ്അത്താണ്. എല്ലാ ബിദ്അത്തും നരകത്തിലുമാണ്." ഇത്രയും പറഞ്ഞതിൽനിന്നു മതകാര്യങ്ങളിൽ സുന്നത്ത് ഏതാണെന്നും ബിദ്അത്ത് ഏതാണെന്നും എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്. അന്ത്യപ്രവാചകനായ റസൂൽ (സ) തിരുമേനിയുടെയും അദ്ദേഹത്തെ അക്ഷരംപ്രതി അനുകരിച്ചു ജീവിച്ചിരുന്ന ഖുലഫാ ഉർറാശിദുകളുടെയും നടത്തയാണ് സുന്നത്ത്. ഇനി മതത്തിൽ യാതൊന്നും യാതൊരാൾക്കും കൂട്ടുവാനോ കുറയ്ക്കുവാനോ അധികാരമില്ല. അതൊട്ട് സ്വീകാര്യവുമല്ല. റസൂൽ കരീമിനെക്കൊണ്ട് ഇസ്ലാം പൂർണ്ണമായിരിക്കുന്നു. ഇനി വല്ലതും അതിൽ കൂട്ടിച്ചേർക്കുകയാണെങ്കിൽ, അത്രയും പോരാതെ കിടപ്പുണ്ടായിരുന്നുവെന്നാണർത്ഥം. അതു വിശുദ്ധ ഖുർആൻ വചനത്തിന്ന് വിരുദ്ധവുമാണ്. അല്ലാഹു പറയുന്നു:

اَلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا    مائدة

"ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും എന്റെ അനുഗ്രഹത്തെ ഞാൻ നിങ്ങൾക്ക് പരിപൂർണ്ണമാക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." പരിശുദ്ധ നബിയും അദ്ദേഹത്തെ തുടർന്നുകൊണ്ട് നാലു ഖലീഫമാരും മതമായി സ്വീകരിച്ചിട്ടുള്ളതെല്ലാം സുന്നത്തും അതിനുശേഷം മതത്തിൽ ആരു് എന്തുതന്നെ നവീനമായി നിർമ്മിച്ചുണ്ടാക്കിയാലും അതെല്ലാം ബിദ്അത്തുമാണെന്നു വ്യക്തമായിക്കഴിഞ്ഞു.

ഇന്നത്തെ നമ്മുടെ നിലയെന്താണ്? സുന്നത്തുകൾ ഓരോന്നോരോന്നായി അപ്രത്യക്ഷമാവുകയും തൽസ്ഥാനങ്ങളിൽ ഒന്നിന്നു പത്തെന്നോണം ബിദ്അത്തുകൾ പ്രത്യക്ഷമാവുകയും ചെയ്യുന്നു. ഇന്നു നമ്മുടെ ഇടയിൽ സർവ്വത്ര വ്യാപിച്ചുകിടക്കുന്ന ബിദ്അത്തുകളെ എണ്ണിയെണ്ണിപ്പറയുവാൻ ഒരുമ്പെടുന്നതായാൽ അനേകം മഹാ ഗ്രന്ഥങ്ങൾ തന്നെ രചിക്കേണ്ടിവരുന്നതാണ്. ഒരു ചെറിയ ഉദാഹരണം പറയാം: കാലവർഷത്തിന്റെ അഭാവംമൂലം ക്ഷാമം ബാധിക്കുന്നതായാൽ അതിന്നുള്ള പ്രതിവിധി ഇസ്ലാം നിശ്ചയിച്ചിട്ടുള്ളതു്, നാട്ടിലെ ജനങ്ങൾ പശ്ചാത്തപിക്കുകയും വ്രതമനുഷ്ഠിക്കുകയും ഒരു വിശാലമായ മൈതാനത്തിൽ ഒരുമിച്ചുകൂടി നമസ്കരിക്കുകയും മഴക്കുവേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്യണമെന്നാണ്. എന്നാൽ ഇന്നു ഈ സുന്നത്ത് നശിച്ചിരിക്കുന്നു. അതിന്നു പകരം 'വലി' മാരുടേതെന്നു പറയപ്പെടുന്ന ഏതെങ്കിലും ഖബർസ്ഥാനങ്ങളിലോ ജാറങ്ങളിലോ ചെന്നു അന്യായം പറയുകയും ജാറത്തിലെ കൊടിയെടുത്തു നാട്ടു ചുററുകയുമാണു് ഇന്നു ചെയ്യുന്നതു്. ഇത്തരത്തിലുള്ള അനേകം ഉദാഹരണങ്ങൾ കാണുവാൻ കഴിയും.

മുസ്‌ലിംകളുടെ ഇടയിൽ ഇന്നു നടന്നുവരുന്ന ബിദ്അത്തുകളിൽവെച്ചു ഏററവും ഭയങ്കരവും ഏക ദൈവവിശ്വാസത്തിന്റെ (توحيد) അടിത്തറയെത്തന്നെ ഇളക്കിമറിക്കുന്നതിന്നു ഇടയുള്ളതുമായ

ഒന്നാണു് പുണ്യവാന്മാരെന്നുവിചാരിക്കപ്പെട്ടുന്നവരുടെ ഖബർസ്ഥാനങ്ങളിലും ജാറങ്ങളിലും നടക്കുന്ന ദുരാചാരങ്ങൾ. ഒററക്കും, കൂട്ടംചേൎന്നും മഹാന്മാരുടെ ജാറങ്ങളിൽചെന്നു ഓരോ കാൎയ്യസാദ്ധ്യത്തിന്നായി ആവലാതി ബോധിപ്പിക്കുന്ന കാഴ്ച ഒട്ടും അപൂൎവ്വമല്ല. രോഗശമനംമുതൽ പാപമോചനംവരെ സൎവ്വ ആവശ്യങ്ങളും ആ പുണ്യവാന്മാരുടെ അടുക്കൽ സമൎപ്പിക്കുന്നതു കാണാം.

ഇതിന്നു് زيارة القبور (ഖബർ സന്ദൎശനം)

എന്നൊരു പേരും നൽകും. ഖബർ സന്ദൎശനം ഒരു പുണ്യകൎമ്മമാണു്. എന്നാൽ അതു മരിച്ചുപോയ ഔലിയാക്കളോടു കാൎയ്യസാദ്ധ്യത്തിന്നായി അന്യായം ബോധിപ്പിക്കലല്ല. പരലോകത്തെക്കുറിച്ചുള്ള സ്മരണയാണു "സിയാറത്തുൽഖുബൂറി"ൻെറ ഉദ്ദേശം; റസൂൽകരീം (സ) പറയുന്നു:

كُنْتُ نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ أَلَا
فَزُورُوهَا فَإِنَّهَا تُذَكِّرُكُمُ الْآخِرَةَ.

(ഞാൻ നിങ്ങളോടു് ഖബർസന്ദൎശനത്തെ വിരോധിച്ചിരുന്നു. എന്നാൽ നിങ്ങൾ അതു സന്ദൎശിക്കുക. എന്തുകൊണ്ടെന്നാൽ അതു് പരലോകത്തെപ്പററിയുള്ള സ്മരണയുണ്ടാക്കുന്നതാണു്.) ഖബർ സന്ദൎശനത്തെത്തന്നെ ഒരു കാലത്തു് വിരോധിച്ചിരുന്നുവെന്നും, പിന്നീടു് അതു് സന്ദൎശിക്കുവാൻ ഉപദേശിച്ചുവെന്നും, അതിലുള്ള യുക്തി പരലോകത്തെപ്പററിയുള്ള സ്മരണയാണെന്നും മേലുദ്ധരിച്ച തിരുവചനത്തിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ. ആദ്യഘട്ടത്തിൽ സിയാറത്തു വിരോധിക്കുവാനുണ്ടായ കാരണംതന്നെ മരിച്ചുപോയ മഹാന്മാരിൽ ദൈവികത്വം കല്പിക്കുകയും അവരോടു കാൎയ്യസാദ്ധ്യത്തിന്നായി പ്രാൎത്ഥിക്കുകയും ചെയ്യേക്കുമെന്നുള്ള ഭയമായിരുന്നു. توحيد (ഏകദൈവവിശ്വാസം)

ദൃഢമായിക്കഴിഞ്ഞപ്പോൾ സിയാറത്തിന്നു സമ്മതം നല്കുകയുംചെയ്തു. എന്നല്ല, സിയാറത്തിലുള്ള യുക്തി ഇന്നതാണെന്നു വ്യക്തമാക്കുകകൂടിചെയ്തു. ഇസ്ലാമിൽ സുന്നത്തായി വന്നിട്ടുള്ള സിയാറത്തിൻെറ രൂപം ഇപ്രകാരമാണു്: ഖബറിൽ അടക്കംചെയ്യപ്പെട്ടവൎക്കു സലാംചൊല്ലുക; വിശുദ്ധ ഖുർആനിൽനിന്നു അല്പമെങ്കിലും ഓതുക; മരിച്ചവരുടെ പാപമോചനത്തിന്നായി പ്രാൎത്ഥിക്കുക, എന്നാൽ ഇന്നത്തെ സിയാറത്തിൻെറ രൂപവും ഉദ്ദേശവും തീരെ മാറിപ്പോയിരിക്കുന്നു. പുണ്യവാന്മാരുടെ ഖബർസ്ഥാനങ്ങളിൽചെന്നു മനുഷ്യശക്തിക്കതീതമായ കാൎയ്യങ്ങൾ സാധിക്കുന്നതിന്നായി ആ മരിച്ചുപോയ പുണ്യവാന്മാരോടു പ്രാൎത്ഥിക്കുക; അവരോടന്യായം പറയുക; മാറത്തടിച്ചു വിലപിക്കുക; ഇതൊക്കെയാണു് ഇന്നത്തെ സിയാറത്തിൽ അധികഭാഗവും. പ്രാൎത്ഥന

ആരാധനയാണെന്നു് - الدعاء هو العبادة

(പ്രാൎത്ഥന ആരാധനതന്നെയാണു്.) റസൂൽകരീം വ്യക്തമായ ഭാഷയിൽ നമുക്കു് വെളിപ്പെടുത്തിത്തന്നിരിക്കുന്നു അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാൻ പാടില്ലെന്നു അറിയുവാൻ പാടില്ലാത്ത ഏതൊരു മുസ്ലിമാണുണ്ടായിരിക്കുക?

മനുഷ്യനു ഗുണമോ ദോഷമോ ചെയ്യുവാനുള്ള ശക്തി അല്ലാഹുവിനു മാത്രമാണെന്നു വിശുദ്ധ ഖുർആനും നബി (സ) യുടെ തിരുവചനങ്ങളും നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നതാവിതു്:

قُلْ لَا أَمْلِكُ لِنَفْسِي نَفْعًا وَلَا ضَرًّا إِلَّا
مَا شَاءَ اللَّهُ

(നീ പറയുക; എനിക്കുതന്നെ, അല്ലാഹു ഇച്ഛിച്ചതല്ലാതെ, ഗുണമോ ദോഷമോ ചെയ്യുവാനുള്ള സ്വാധീനത എനിക്കില്ല.) നിനക്കു സ്വന്തമായിത്തന്നെ ഗുണമോ ദോഷമോ ചെയ്യുവാനുള്ള കഴിവു റസൂൽ തിരുമേനിക്കില്ലെങ്കിൽപിന്നെ അന്യർക്കു ഗുണവും ദോഷവും ചെയ്തുകൊടുക്കുവാനുള്ള കഴിവും ശക്തിയും ഏതൊരു മഹാനാണുണ്ടായിരിക്കുക?

ഇബ്നുഅബ്ബാസ് (رض) പറയുന്നു:

كنت خلف النبي ﷺ يوما فقال يا غلام إني أعلمك كلمات احفظ الله يحفظك احفظ الله تجده تجاهك إذا سألت فاسأل الله وإذا استعنت فاستعن بالله واعلم أن الأمة لو اجتمعت على أن ينفعوك بشيء لم ينفعوك إلا بشيء قد كتبه الله لك وإن اجتمعوا على أن يضروك بشيء لم يضروك إلا بشيء قد كتبه الله عليك رفعت الأقلام وجفت الصحف (رواه الترمذي وقال حديث حسن صحيح)

(ഒരു ദിവസം ഞാൻ നബി (സ) യുടെ പിന്നിലായിരുന്നു. തിരുമേനി പറഞ്ഞു: ഞാൻ നിനക്കു ചില വചനങ്ങൾ പഠിപ്പിച്ചുതരാം. നീ അല്ലാഹുവിനെ സ്മരിക്കുക; അവൻ നിന്നെ രക്ഷിക്കും. നീ അല്ലാഹുവിനെ ഓർക്കുക; അവനെ നീ നിന്റെ മുമ്പിൽ കണ്ടെത്തും. നീ വല്ലതും ചോദിക്കുവാനുദ്ദേശിച്ചാൽ അല്ലാഹുവിനോടു ചോദിക്കുക. നീ സഹായമപേക്ഷിക്കുകയാണെങ്കിൽ അല്ലാഹുവിനോടു സഹായമപേക്ഷിക്കുക. (എന്തുകൊണ്ടെന്നാൽ) ജനങ്ങളെല്ലാം നിന്നെ സഹായിക്കുവാൻ ഒത്തു ശ്രമിച്ചാലും അല്ലാഹു നിനക്കു വിധിച്ചതിലല്ലാതെ അവർ നിന്നെ സഹായിക്കുകയില്ല. അവരെല്ലാവരുംകൂടി നിന്നെ ഉപദ്രവിക്കുവാൻ ശ്രമിച്ചാലും അല്ലാഹു നിനക്കു വിധിച്ചതിലല്ലാതെ അവർ നിന്നെ ഉപദ്രവിക്കുകയുമില്ല. പേനകൾ ഉയർത്തപ്പെട്ടിരിക്കുന്നു. ഏടുകൾ ഉണങ്ങിയിരിക്കുന്നു.) വിശുദ്ധഖുർആനും റസൂൽകരീമും ഇത്ര വ്യക്തമായി പറഞ്ഞിട്ടുപോലും നമ്മുടെ സഹോദരന്മാർ മരിച്ചുപോയ സജ്ജനങ്ങൾക്കു മറവുള്ളവരെ സഹായിക്കുവാനോ ദ്രോഹിക്കുവാനോ ഉള്ള ശക്തിയുണ്ടെന്നു വിശ്വസിക്കുകയും അവരെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നതു എത്ര പരിതാപകരം!

## (نعوذ بالله)

ബിദ്അത്തുകളെ ഓരോന്നോരോന്നായി വിവരിക്കുക പ്രയാസമാണ്. യാസീനും ഖുർആനും വിലക്കു വിൽക്കുന്ന സമ്പ്രദായം ഇന്നെവിടെയും കണ്ടുവരുന്ന ഒരു ബിദ്അത്താണ്: എന്നുവെച്ചാൽ മരിച്ചുപോയ കാരണവന്മാർക്കു വേണ്ടി 8 ണയും 12 ണയും വിലകൊടുത്തു "ഖത്തം" ഓതിക്കുക. 100-ന് 1 ക. പ്രകാരവും, 1 ക. 8 ണ. പ്രകാരവും യാസീൻ ഓതിക്കുക എന്നീ സമ്പ്രദായം ഇന്നു എവിടെയും കണ്ടുവരുന്ന ഒന്നാണ്. ഞാൻ ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ എന്നോടു പറഞ്ഞു: ഇന്നലെ രാത്രി പള്ളിക്കലെ മുസ്ലിയാന്മാർക്കു 30 ക. കിട്ടിയെന്ന്, എന്തു വകയാണെന്നു ഞാൻ ചോദിച്ചപ്പോൾ, മരിച്ചുപോയ ഒരാ

# സയ്യിദ് ജമാലുദ്ദീൻ അഫ്ഘാനി

എസ്സ്. എം. സർവർ, അദീബ്ഫാസിൽ.

[വിശാലമായ വിജ്ഞാനവും ദൈവദത്തമായ മനക്കരുത്തും ഇസ്ലാമിനോടുള്ള യഥാർത്ഥസ്നേഹവുമല്ലാതെ മറ്റൊന്നും ഇല്ലാത്ത ഒരു മഹാൻ. അദ്ദേഹത്തിന്റെ സത്യനാദം ഏതൊരു കടുത്ത അനീതിയേയും തട്ടിയെറിഞ്ഞുകൊണ്ടു മുമ്പോട്ടു പോകും. മുസ്ലിം രാഷ്ട്രങ്ങളെ ബന്ധിച്ചു നിറുത്തുന്ന അസ്വാതന്ത്ര്യശൃംഖലയെ പൊട്ടിക്കുവാൻ സർവ്വ കഴിവുകളും വിനിയോഗിച്ച ഒരു ധീരനാണ് സെയ്യിദ് ജമാലുദ്ദീൻ അഫ്ഘാനി. അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവചരിത്ര സംഗ്രഹം.]

ജനനം.

ലോകപ്രശംസയ്ക്കു പാത്രീഭൂതനായ സയ്യിദ്ജമാലുദ്ദീൻ ഹിജ്റ വർഷം 1254 ലാണ് ജാതനായത്. ജന്മസ്ഥലത്തെയും വിദ്യാഭ്യാസത്തെയും പറ്റി രണ്ടു ഭിന്നാഭിപ്രായങ്ങളുണ്ട്. അഫ്ഘാനിൽ ജനിച്ചു അവിടെത്തന്നെ വിദ്യാഭ്യാസം ചെയ്തുവെന്നാണ്" ഒരു പക്ഷം. മറ്റൊരഭിപ്രായം ഹംദാനിൽനിന്നും ഇരുപതു നാഴിക അകലെ സ്ഥിതിചെയ്യുന്ന അസദാബാദ് എന്ന ഗ്രാമത്തിൽ ജനിച്ചു ഈറാനിൽ വിദ്യാഭ്യാസംചെയ്തുവെന്നുമാണ്. ഏതായാലും അഫ്ഘാനിസ്ഥാനും, ഈറാനും മാത്രമല്ല അദ്ദേഹത്തിൽ അഭിമാനം കൊള്ളുന്നത്; മുസ്ലിംലോകം ഒട്ടുക്കും ആ മഹാനുഭാവനെ സാദരം സ്മരിക്കുന്നുണ്ട്.

---

ലക്കു വേണ്ടി 70000 ദിക്ര് (ذكر) ചൊല്ലിക്കൊടുത്ത വകയാണെന്ന് അയാൾ പ്രതിവചിച്ചു. നമുക്കു പഠിക്കുവാനും തദനുസരണം പ്രവർത്തിക്കുവാനും അല്ലാഹു അവതരിപ്പിച്ചിട്ടുള്ള വിശുദ്ധ ഖുർആനെ ക്രയവിക്രയം ചെയ്യുവാനുള്ള ഒരു ചരക്കായി ഉപയോഗിക്കുകയാണെങ്കിൽ വിധിവൈപരീത്യമെന്നല്ലാതെ എന്തു പറയട്ടെ! ഇതിലേറെ വ്യസനകരമായ ഒരു സംഗതി മതപണ്ഡിതന്മാരെന്നു പറയപ്പെടുന്നവരിൽ പലരും മേല്പറഞ്ഞ ബിദ്അത്തുകളെ ന്യായീകരിക്കുകയും സുന്നത്തുകളാക്കിമാറ്റുവാൻ സാഹസപ്പെടുകയും ചെയ്യുന്നുവെന്നുള്ളതാണ്.

إِنَّمَا أَخَافُ عَلَى أُمَّتِي لِأَئِمَّةِ الْمُضِلِّينَ

(رواه ابوداود والترمذي)

(എന്റെ സമുദായത്തെപ്പറ്റി ഞാൻ ഭയപ്പെടുന്നതെല്ലാം മാർഗ്ഗംപിഴപ്പിക്കുന്ന നേതാക്കന്മാർ കാരണമാണ്.) എന്നു റസൂൽ കരീം പറഞ്ഞിട്ടുള്ളതു എത്ര അർത്ഥവത്തായിട്ടുണ്ടെന്നു നോക്കുക.

اللهم احينا على السنّة والجماعة يا ارحم

الراحمين.

### ഇന്ത്യയിലെവാസം.

18-ാമത്തെ വയസ്സിൽ ഇസ്ലാമിക ജ്ഞാനം യഥാക്രമം കരസ്ഥമാക്കിക്കഴിഞ്ഞ ആ യുവപണ്ഡിതൻ ഇന്ത്യയിലേക്കു വരികയും ഒരുകൊല്ലം അവിടെ അധിവസിക്കുകയും ചെയ്തു. പാശ്ചാത്യവിദ്യാഭ്യാസവും, ആധുനികവിദ്യാഭ്യാസതത്വങ്ങളും സംബന്ധിച്ച സാമാന്യം അറിവു നേടിയതു് ആ അവസരത്തിലായിരുന്നു. അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ കൌതുകവും ഔത്സുക്യവും അന്നുതന്നെ പ്രദർശിപ്പിക്കുവാൻ തുടങ്ങിയിരുന്നു. ഹി. 1273-ൽ ഹജ്ജിന്നായി യാത്രചെയ്യുകയും ഒരു കൊല്ലം ഈ യാത്രക്കായി വിനിയോഗിക്കുകയും ചെയ്തു.

### അഫ്ഘാനിസ്ഥാനിലെ അധിവാസം.

ഹജ്ജുകർമ്മം നിർവ്വഹിച്ച ഇന്ത്യയിൽകൂടി മടങ്ങി അഫ്ഘാനിസ്ഥാനിലേക്കു പോയ അദ്ദേഹം അവിടെ അമീർമുഹമ്മദ്ഖാൻെറ രാജധാനിയിൽ ഒരു ഉദ്യോഗം സ്വീകരിക്കുകയാണുണ്ടായതു്.

പ്രസ്തുത അമീറിൻെറ മരണശേഷം അമീർ ശൈർഅലിഖാൻ സിംഹാസനാരോഹണം ചെയ്തുവെങ്കിലും പിന്നീടു ആഭ്യന്തരകലഹം പൊട്ടിപ്പുറപ്പെടുകയും, പരാജയമടഞ്ഞ അമീറിനു കാണ്ടഹാറിലേക്കു ഓടിപ്പോകേണ്ടിവരികയുമാണുണ്ടായതു്. പിന്നീടു അദ്ദേഹത്തിൻെറ മൂത്ത സഹോദരനായ മുഹമ്മദ്അഫ്സൽഖാനായിരുന്നു അഫ്ഘാനിസ്ഥാനിലെ അമീറായി വാണതു്. ഒരു കൊല്ലം വാഴ്ചനടത്തിയതിനുശേഷം അഫ്സൽഖാനും പരലോകം പ്രാപിച്ചു. മുഹമ്മദ്അഅ്സംഖാനായിരുന്നു അദ്ദേഹത്തിൻെറ പ്രതിനിധിയായി പിന്നീടു സിംഹാസനാരോഹണം ചെയ്തതു് ഇദ്ദേഹം നമ്മുടെ കഥാനായകനായ സയ്യിദ്സാഹിബിനോടു അത്യന്തം ആദരവോടുകൂടിയായിരുന്നു പെരുമാറിയിരുന്നതു്. ഭരണസംബന്ധമായ യാതൊരു കാര്യവും അദ്ദേഹത്തോടു ആലോചിക്കാതെ ചെയ്തിരുന്നില്ല.

അതിനിടയിൽ ശൈർഅലിഖാൻ വീണ്ടും കാബൂളിനെ ആക്രമിച്ചു കീഴടക്കി. തത്സമയം ശൈർഅലിഖാനു സയ്യിദ്സാഹിബിനോടു അനല്പമായ നീരസവും വിദ്വേഷവുമാണു് ഉണ്ടായിരുന്നതെങ്കിലും അദ്ദേഹത്തിൻെറ അനിതരസാധാരണമായ വ്യക്തിമാഹാത്മ്യത്തെ ഓർത്തു ഉപദ്രവിക്കുവാൻ ധൈര്യപ്പെട്ടില്ല.

### രണ്ടാമത്തെ ഹജ്ജ്‌യാത്ര.

ഹി. 1285-ൽ വീണ്ടും ഹജ്ജ് ചെയ്യേണ്ട ഉദ്ദേശത്തോടെ അഫ്ഘാനിസ്ഥാനിൽനിന്നും ഇന്ത്യവഴിയായി അറേബ്യയിലേക്കു യാത്രതിരിച്ചു. തത്സമയം ഇന്ത്യാഗവൺമെൻറ് പ്രത്യക്ഷത്തിൽ അദ്ദേഹത്തെ ബഹുമാനിക്കയുണ്ടായെങ്കിലും, അദ്ദേഹത്തെ സന്ദർശിച്ചു സംഭാഷണം നടത്തുവാൻ ഇവിടത്തെ പ്രമാണപ്പെട്ട ഒരു മുസൽമാനെയും അനുവദിച്ചില്ല. ഒരു മാസം ഇവിടെ താമസിച്ചിട്ടു കെയറോവിലേക്കു പുറപ്പെട്ടു. 40 ദിവസം മാത്രമെ അവിടെ താമസിക്കയുണ്ടായുള്ളുവെങ്കിലും അതിനിടയിൽ അനേകം പണ്ഡിതസദസ്സുകളിൽ അദ്ദേഹം പങ്കെടുത്തു. ഈജിപ്റ്റ്കാരുടെ ഹൃദയങ്ങളിൽ അദ്ദേഹത്തിൻെറ മായാത്ത ചിത്രം ഇന്നും പതിഞ്ഞുകിടക്കുന്നുണ്ടു്. 40-ാമത്തെ ദിവസം അവിടെ നിന്നും മക്കായിലേക്കു പുറപ്പെടുകയും ഹജ്ജ്കർമ്മത്തിനുശേഷം കൊൺസ്റ്റൻറിനോപ്പിളിലേക്കു യാത്രതിരിക്കുകയും. ചെയ്തു.

### കോൺസ്റ്റാൻറിനോപ്പിളിൽ.

ഇസ്തംബൂളിൽ വന്നപ്പോൾ ഉസ്മാനിയാഗവൺമെൻറിൻെറ പ്രധാനമന്ത്രി അദ്ദേഹത്തെ സഹർഷം സ്വാഗതം ചെയ്തു.

അങ്ങനെ ആറുമാസക്കാലം അദ്ദേഹം അവിടെ താമസിച്ചു. പണ്ഡിതപ്രമാണികളുടെയും ഉദ്യോഗസ്ഥപ്രധാനികളുടെയും മദ്ധ്യെ സയ്യിദ്സാഹിബിനു അവിടെ ലഭിച്ചസ്വീകരണങ്ങളും ബഹുമതികളും വമ്പിച്ചതായിരുന്നു. ഇതു കണ്ടിട്ടു അവിടത്തെ ശൈഖുൽഇസ്ലാമിൻെറ ഹൃദയത്തിൽ അസൂയാഗ്നി ജ്വലിച്ചു. അദ്ദേഹം സയ്യിദ്സാഹിബിൻെറ ഒരു പ്രസംഗത്തെ തെററായി വ്യാഖ്യാനിക്കുകയും പിഴച്ച വിശ്വാസിയും കാഫിറുമാണെന്നു ആരോപണം നടത്തുകയും ചെയ്തു. ശൈഖുൽഇസ്‌ലാമിൻെറ ഈ കുത്സിതകൃത്യം കാരണം ക്ഷുഭിതരായ പാമരന്മാർ ലഹളക്കുള്ള വട്ടം കൂട്ടുവാൻ തുടങ്ങിയതോടുകൂടി സമയത്തിൻെറ ഔചിത്യം ഓർത്തു സയ്യിദ്സാഹിബിനോടു ഈജിപ്റ്റിലേക്കു പോകുവാൻ ഗവണ്മെൻറു കല്പിച്ചു. തദനുസരണം 1287-ൽ അദ്ദേഹം ഈജിപ്റ്റിൽ എത്തിച്ചേർന്നു.

### ഈജിപ്റ്റിലെ നിവാസം.

ഈജിപ്റ്റിൽ താമസിക്കുവാൻ സയ്യിദ്സാഹിബ് ഉദ്ദേശിച്ചിരുന്നില്ല. പക്ഷെ അവിടത്തെ പ്രധാനികളായ പലരും ശക്തിയായി നിർബന്ധിക്കുകയും ഗവണ്മെൻറിൽനിന്നും ഒരു ഗണ്യമായ തുക പ്രതിമാസം ശമ്പളമായി നൽകുവാൻ വേണ്ട ഏർപ്പാടു ചെയ്യുകയും ചെയ്തതുകൊണ്ടാണു് താൻ കുറെക്കാലം അവിടെ താമസിക്കുവാൻ നിർബന്ധിതനായിത്തീർന്നതു്. അവിടെ വെച്ചാണു് അദ്ദേഹത്തിൻെറ സാക്ഷാൽ യോഗ്യതകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നതു്. അദ്ദേഹം അദ്ധ്യാപനം ആരംഭിച്ചു. വിദൂരസ്ഥലങ്ങളിൽനിന്നും വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായി വന്നുചേരുവാൻ തുടങ്ങി. വിദ്യാർത്ഥികളുടെ അപ്രതീക്ഷിതമായ വദ്ധനവുനിമിത്തം അവരുടെ താമസസൌകയ്യം കുറയുകയാൽ സയ്യിദ്സാഹിബ് ജാമിഅ്അസ്ഹറിൽപോയി അദ്ധ്യാപനകൃത്യം നിർവഹിച്ചു.

അദ്ധ്യാപനവൃത്തി സ്വീകരിച്ചുകൊണ്ടു ഒമ്പതുകൊല്ലക്കാലത്തോളം അദ്ദേഹം ഈജിപ്റ്റിൽ താമസിച്ചു. പഴഞ്ചൻരീതിയിലുള്ള പാഠനസമ്പ്രദായത്തെ സയ്യിദ്സാഹിബു പാടെ വെറുത്തിരുന്നു. നൂതനവും ആകർഷകവുമായ ഒരു രീതിയാണു് അദ്ദേഹം അവലംബിച്ചതു്. തൽഫലമായി രാജ്യപരമായ കായ്യങ്ങളെ സംബന്ധിച്ചിടത്തോളം അതേവരെ കേവലം അജ്ഞരായി കഴിഞ്ഞുകൂടിയിരുന്ന വിദ്യാർത്ഥിലോകത്തിൽ എന്തെന്നില്ലാത്ത ഒരു ഉൽബുദ്ധതയും, ഉണർവും ദൃശ്യമായി. സ്വന്തഭരണകർത്താക്കളുടെ അയോഗ്യതകൾ, രാഷ്ട്രീയകായ്യങ്ങളിൽ അന്യരുടെ കൈകടത്തൽ എന്നീ വിഷയങ്ങളെപ്പററി ഈജിപ്റ്റിലെ മുസൽമാന്മാർ ചോദ്യം ചെയ്യുവാനും ഇവയിൽനിന്നും വിമുക്തി പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായുവാനും തുടങ്ങി. ആ പാരമ്പര്യമാണു് ഇന്നും അവിടെ നില നില്ക്കുന്നതു്. നിറമാററം കണ്ടിട്ടു പരിഭ്രാന്തചിത്തനായിത്തീർന്ന കെയറോവിലെ ബ്രിട്ടീഷ്പ്രതിനിധി സയ്യിദ്സാഹിബിനെ ഉടൻ രാജ്യത്തുനിന്നും ബഹിഷ്കരിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം പല ആപത്തുകളും സംഭവിച്ചേക്കുമെന്നും തൌഫീഖ്പാഷയെ നിർബന്ധിച്ചു. അങ്ങനെ സയ്യിദ്സാഹിബ് ഈജിപ്റ്റിൽനിന്നു ബഹിഷ്കൃതനായി.

### ഇന്ത്യയിലേക്കുള്ള പുനരാഗമനം.

ഈജിപ്റ്റിൽനിന്നും അദ്ദേഹം നേരിട്ടു ഇന്ത്യയിലേക്കു വന്നു ഹൈദ്രാബാദിൽ താമസമാക്കി. പ്രകൃതിവാദസംബന്ധമായി ചെറുതെങ്കിലും അത്യന്തം ഉൽകൃഷ്ടമായ ഒരു കൃതി രചിച്ചതു് അവിടെവെച്ചായിരുന്നു. അദ്ദേഹം ഈജിപ്റ്റിൽനിന്നു

തിരിച്ചതോടുകൂടി അവിടെ ഇംഗ്ലീഷ്കാൎക്കെതിരായി അതിശക്തിയായി പ്രക്ഷോഭണം ആരംഭിച്ചു. സയ്യിദുസാഹിബിന്റെ ഹൈദ്രാബാദുവാസം തല്ക്കാലം ഇന്ത്യാഗവൎമ്മെന്റിനു അനുചിതമായി തോന്നുകയാൽ അദ്ദേഹത്തെ കല്കത്തായിലേക്കു വിളിപ്പിച്ചു രാഷ്ട്രീയതടവുകാരനാക്കി. പ്രക്ഷോഭണം അവസാനിച്ചപ്പോൾ ഇന്ത്യവിട്ടുപോകുവാൻ കല്പനയുമായി. ഒരു രാഷ്ട്രീയതടവുകാരന്റെ നിലയിലാണ് ഇന്ത്യയിൽ കഴിച്ചുകൂട്ടിയതെങ്കിലും ആദരണീയങ്ങളായ അദ്ദേഹത്തിന്റെ ആദൎശങ്ങൾ പരിഷ്കൃതാശയരായ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അജ്ഞാതമായിരുന്നില്ല. അവർ അവയെല്ലാം മനസ്സിലാക്കിക്കൊണ്ടിരിക്കുകതന്നെ ചെയ്തു. തന്മൂലം ഇന്ത്യാക്കാൎക്കു അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ പതിന്മടങ്ങു വൎദ്ധിച്ചുവെന്നു മാത്രമല്ല ഒരു ശാശ്വതമായ പ്രതിഷ്ഠതന്നെ അദ്ദേഹത്തിനു അവിടെ ലഭിക്കുന്നതിനു ഇടയായി.

അമേരിക്കയിൽ.

സയ്യിദുസാഹിബ് ഇന്ത്യയിൽനിന്നു ആദ്യം ലണ്ടനിലേക്കും അവിടെനിന്നു താമസിയാതെ അമേരിക്കയിലേക്കും പോയി. അവിടെ അദ്ദേഹം അമേരിക്കയുടെ പ്രജായത്തഭരണസിദ്ധാന്തങ്ങളും പ്രമാണങ്ങളുമെല്ലാം യഥാവിധി പഠിക്കുകയും കുറച്ചുനാളുകൾക്കുശേഷം ലണ്ടനിലേക്കുതന്നെ മടങ്ങിവരികയും ചെയ്തു. പിന്നീടു അദ്ദേഹത്തിന്റെ പരിപാടി പാരീസിലേക്കുള്ള പ്രയാണമായിരുന്നു.

പാരീസിൽ.

ഏതാണ്ടു മൂന്നു സംവത്സരത്തോളം പാരീസിൽ താമസിച്ചു. ആയിടയിൽ ഈജിപ്റ്റിലെ സുപ്രസിദ്ധ പണ്ഡിതനും രാഷ്ട്രീയനിയമതന്ത്രജ്ഞനുമായ തന്റെ ശിഷ്യൻ ഷൈഖ് മുഹമ്മദുഅബ്ദായും അവിടെ വന്നുചേൎന്നു. "ഉൎവ്വത്തുൽവുസ്ഖാ" എന്ന പേരിൽ തനി രാഷ്ട്രീയവും ഇംഗ്ലീഷ്കാൎക്കു പ്രതികൂലവുമായി ഒരു പത്രം അവിടെവെച്ചാണ് പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയതു്.

അന്നു മഹ്ദിസൂഡാനിയുടെ സമരം ശക്തിയായി നടക്കുന്ന അവസരമായിരുന്നു. ഈജിപ്റ്റിൽവെച്ചു സയ്യിദുസാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്ന പല ഉന്നതവ്യക്തികളും മഹ്ദിയുടെകൂടെ സമരസന്നദ്ധരായി നിന്നിരുന്നു. ഈ പോരാട്ടം ഇംഗ്ലീഷ്കാരിൽ തെല്ലൊരു അമ്പരപ്പും ഭീതിയും ജനിപ്പിച്ചു. ഈജിപ്റ്റിന്റെ കാൎയ്യത്തിൽ ഇംഗ്ലീഷ്കാരോടുമാത്രമല്ല ഈജിപ്റ്റിലെ രാജാവിനോടുതന്നെയും ജനങ്ങൾക്കു അസഹ്യമായ വെറുപ്പുണ്ടായിരുന്നു. എതിരാളികളുടെ പ്രാബല്യവും ശക്തിയും മനസ്സിലാക്കിയ ആംഗ്ലേയതന്ത്രജ്ഞന്മാർ സയ്യിദുസാഹിബിന്റെ സ്നേഹിതനും പ്രത്യക്ഷത്തിൽ മുസ്ലിംകളുടെ ഗുണകാംക്ഷിയുമായിരുന്ന മി. ബ്ളന്റു മുഖേന സയ്യിദിനെ ലണ്ടനിലേക്കു വിളിപ്പിക്കുകയും, മഹ്ദിസൂഡാനിയും രാജാവുമായി സന്ധിസംസാരത്തിനു മാദ്ധ്യസ്ഥം വഹിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിന്റെയും മുസൽമാന്മാരുടെയും മദ്ധ്യേ ഒരു യോജിപ്പുണ്ടാക്കുവാൻ അദ്ദേഹം ഇതിനു മുമ്പു ശ്രമംചെയ്തുകഴിഞ്ഞിരുന്നു. ഈ യോജിപ്പു അനായാസേന സാധിപ്പിക്കാമെന്നും ഈ അവസരത്തിൽ ഇംഗ്ലീഷ്കാർ സയ്യിദുസാഹിബിനു ഉറപ്പുകൊടുത്തു. ആകയാൽ അദ്ദേഹം ടൎക്കി, സൂഡാൻ എന്നിവിടങ്ങളിലേക്കു പോകുവാൻ ഉറച്ചു. യാത്രക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. എന്നാൽ ചില പക്ഷപാതബുദ്ധികളും, ദുരഭിമാനികളുമായ ഇംഗ്ലീഷുകാർ സയ്യിദു

സാഹിബിന്റെ മാദ്ധ്യസ്ഥം സ്വീകരിച്ചില്ല. തൽഫലമായി അദ്ദേഹത്തിന്റെ ആശകളെല്ലാം തകരുവാൻ ഇടയായി. ഭഗ്നാശനായ അദ്ദേഹം റഷ്യയിൽ മുസ്ലിംസംഘടന സ്ഥാപിക്കുന്നതിനായി ഇറാൻ വഴി മോസ്കോവിലേക്കു പോകയാണു് പിന്നെ ചെയ്തതു്.

### നജിദ്, ഇറാക്ക്, ഈറാൻ എന്നിവിടങ്ങളിലെ പര്യടനം.

ഇറാഖ്, നജിദ് ഇവിടങ്ങളിലാണു ആദ്യം അദ്ദേഹം ചെന്നുചേന്നതു്. പ്രസ്തുത പ്രദേശങ്ങളിലെ പണ്ഡിതന്മാരും, അധികാരപ്രമുഖന്മാരും മററുമായി അദ്ദേഹം അടിക്കടി കൂടിക്കാഴ്ചകൾ നടത്തി, മുസൽമാന്മാരുടെ ദുരന്തമായ ദുരവസ്ഥയേയും ദുർഗതിയേയുംപററി അവരെ ഉൽബോധിപ്പിച്ചു. സംഘടനയുടെയും ഐകമത്യത്തിന്റെയും ആവശ്യകതയെ ശക്തിയുക്തം സമത്ഥിച്ചു. അതിനെ ഏതാണ്ടു ഒരു കൊല്ലത്തോളം അവിടങ്ങളിൽ പ്രവത്തിച്ചിട്ടു ഇറാനിലേക്കു തിരിച്ചു. ടെഹറാനിലേക്കു ചെല്ലുവാനായി മാഗ്ഗമദ്ധ്യേ ഇറാൻരാജാവായ നാസിറുദ്ദീന്റെ ഒരു കമ്പിസന്ദേശം സയ്യിദുസാഹിബിനു ലഭിച്ചു തദനുസരണം അദ്ദേഹം ഹി. 1304 ൽ ടെഹറാനിൽ എത്തിച്ചേന്നു.

### ഇറാൻ ഭരണത്തിന്റെ അയോഗ്യത.

ടെഹറാനിൽചെന്നു അവിടത്തെ രാജാവിന്റെയും മന്ത്രിമാരുടെയും സ്ഥിതിഗതികൾ സൂക്ഷ്മമായി മനസ്സിലാക്കിയ സയ്യിദുസാഹിബ് തെല്ലൊന്നു അമ്പരന്നുപോയി. സുഖലോലുപനായ രാജാവിന്റെ മന്ത്രിമാർ ആസകലം സ്വാർത്ഥികളും നീതിബോധം ഇല്ലാത്തവരുമായി കാണപ്പെട്ടു. എങ്ങുംതന്നെ അഴിമതിയും അനീതിയും നടമാടിക്കൊണ്ടിരുന്നു. മനുഷ്യത്വത്തിന്റെയും ധമ്മത്തിന്റെയും കവാടം അടയ്ക്കപ്പെട്ടതായും, രാജ്യത്തിന്റെയും സമുദായത്തിന്റെയും ശത്രുക്കൾ രാജ്യത്തെ സാവധാനം സ്വാധീനപ്പെടുത്തുന്നതായും രാജ്യനിവാസികൾ ആസകലം ആലസ്യനിദ്രയിൽ ലീനരായി കഴിഞ്ഞുകൂടുന്നതായും കണ്ടു. ഇങ്ങനെയുള്ള ഒരു അവസ്ഥയിൽ ധമ്മുടെ കഥാനായകനെപ്പോലുള്ള ഉത്തമ പരിഷ്കത്താവിനു എങ്ങനെ മൌനമായിരിക്കുവാൻ കഴിയും? അദ്ദേഹം രാജാവിന്റെയും, ഉദ്യോഗസ്ഥന്മാരുടെയും അഴിമതികളെപ്പററി ധൈയ്യസമേതം വിമശിക്കുവാൻ തുടങ്ങി. അവരുടെ അധമ്മങ്ങളുടെയും അയോഗ്യതകളുടെയും മേൽ മൂടിയിരുന്ന തിരശ്ശീലയെ കീറിമാററി. ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ ഉടൻ ഇറാൻവിട്ടു പുറത്തുപോകേണമെന്ന രാജകീയകല്പന പുറപ്പെടുകയായി. അങ്ങനെ നാലുമാസം മാത്രം ഇറാനിൽ താമസിച്ചിട്ടു അദ്ദേഹം റഷ്യയിലേക്കു പോയി.

### റഷ്യയിൽ.

ഇസ്ലാമിനെയും ബ്രിട്ടനെയും സംയോജിപ്പിക്കുവാനുള്ള ഉദ്യമത്തിൽ പരാജയപ്പെട്ടിട്ടായിരുന്നുവല്ലോ അദ്ദേഹം റഷ്യയിലേക്കു പോയതു്. ഇറാനിൽനിന്നും നേരെ മോസ്കോവിൽ ചെന്നുചേന്നു. റഷ്യയുടെ പ്രസിദ്ധരാഷ്ട്രീയ തന്ത്രജ്ഞനും ഇംഗ്ലീഷ്കാരുടെ കഠിനശത്രുവുമായ "മി. കാററകോഫ്"മായി അവിടെവെച്ചു കൂടിക്കാഴ്ച നടന്നു. ഇദ്ദേഹത്തിനു റഷ്യൻ രാഷ്ട്രീയകാര്യങ്ങളിൽ വലിയ സ്വാധീനശക്തിയുണ്ടായിരുന്നു. ഇദ്ദേഹവുമായുണ്ടായ സംഭാഷണത്തിന്റെ വെളിച്ചത്തിൽ സയ്യിദുസാഹിബിനു തന്റെ ആശകളെല്ലാം അനായാസേന നിറവേറുമെന്നു തോന്നി. നിർഭാഗ്യവശാൽ അല്പദിവസങ്ങൾക്കുശേഷം "കാററകോഫ്" നിര്യാതനാവുകയാണുണ്ടായതു്. അങ്ങനെ സയ്യിദുസാഹിബിന്റെ ആശാസൌധം നിലംപതിച്ചു.

ഈ സംഭവത്തിനുശേഷം സയ്യിദ് സാഹിബ് 'പെട്രോഗ്രാഡ്' എന്ന സ്ഥലത്തേക്കു പോയി. അവിടെ അധികാരപ്രമുഖന്മാരിൽനിന്നും അദ്ദേഹത്തിനു മഹത്തായ സ്വീകരണമാണു ലഭിച്ചതു്. രണ്ടു വർഷത്തോളം അവിടെ താമസിച്ചു. ആയിടെ ചെയ്ത അവിശ്രമപരിശ്രമഫലമായി വിശിഷ്ട ഖുർആൻ അച്ചടിപ്പിക്കുവാനുള്ള അനുമതി ലഭിച്ചു. ഇതു് അവിടെ നിരോധിക്കപ്പെട്ടിരിക്കയായിരുന്നു. ഇസ്ലാമിന്റെ ഈ സേവനം നിർവ്വഹിച്ചിട്ടു അദ്ദേഹം ജർമ്മനിയിലേക്കു പുറപ്പെട്ടു.

### ജർമ്മനിയിൽ

ഇറാൻരാജാവായ നാസിറുദ്ദീൻ ജർമ്മനിയിൽ താമസിച്ചുവരുന്ന അവസരത്തിലായിരുന്നു താൻ അവിടെ എത്തിച്ചേർന്നതു്. അദ്ദേഹം ഇറാൻരാജാവിനെ വീണ്ടും പോയി കണ്ടു. ആംഗ്ലേയരുടെ അനുകൂലിയും റഷ്യയുടെ പ്രതികൂലിയുമായിരുന്ന ഇറാൻമന്ത്രി സയ്യിദുസാഹിബിനെ വന്നു കാണുകയും റഷ്യയെക്കൊണ്ടു തനിക്കു ചില വിട്ടുവീഴ്ചകൾ ചെയ്യിക്കാമെന്നുണ്ടെങ്കിൽ താൻ എന്നും നന്ദിയുള്ളവനായിരിക്കുമെന്നു സയ്യിദുസാഹിബിനോടു അപേക്ഷിക്കുകയും ചെയ്തു. അവസാനം ഇതേ ആവശ്യം പ്രമാണിച്ചു അദ്ദേഹത്തിനു വീണ്ടും റഷ്യയിലേക്കു പോകേണ്ടിവന്നു. രണ്ടുമാസം അവിടെ താമസിച്ചിട്ടു ഇറാനിലേക്കു മടങ്ങുകയും ചെയ്തു.

### വീണ്ടും ഇറാനിലെ നിവാസവും, ബഹിഷ്കരണവും.

റഷ്യയിൽനിന്നും മടങ്ങി മൂന്നുമാസം ടെഹറാനിൽ കഴിച്ചുകൂട്ടി. പക്ഷെ ഭരണപരമായ അഴിമതികളിൽ പറയത്തക്ക മാററമൊന്നും സംഭവിച്ചിരുന്നില്ല. സയ്യിദ് സാഹിബും തീരെ മൌനം ദീക്ഷിച്ചില്ല. അദ്ദേഹത്തിന്റെ വിമർശനങ്ങൾ വീണ്ടും തുടരുകയായി. ആദ്യം രാജാവിന്റെ ആജ്ഞാനുസരണം ടെഹറാനിൽ ഒരിടത്തു രാഷ്ട്രീയതടവുകാരനാക്കി വെച്ചു. പിന്നീടു രോഗബാധിതനായ അദ്ദേഹത്തെ രാജ്യത്തുനിന്നും നിഷ്കരുണം ബഹിഷ്കരിക്കുകയാണുണ്ടായതു്. രാജാവിന്റെ നേരെ ജനങ്ങൾക്കു വെറുപ്പും അറപ്പും ഉണ്ടാകുവാൻ ഈ സംഭവം ഇടവരുത്തി.

ഇറാനിൽനിന്നും പുറത്താക്കിയ സയ്യിദ് സാഹിബിനെ ബാഗ്ദാദിലെ ഭരണാധികാരിയുടെ അടുത്തേക്കാണു് അയച്ചതു്. ഇറാക്കിലെ പണ്ഡിതന്മാരെ അദ്ദേഹവുമായി അഭിമുഖസംഭാഷണമോ കൂടിക്കാഴ്ചയോ നടത്തുവാൻ അനുവദിച്ചുപോകരുതെന്നും, അങ്ങിനെ അനുവദിക്കുന്നതായാൽ രാജ്യത്തിന്റെ പൊതുക്ഷേമത്തിനും സമാധാനത്തിനും വിഘ്നം നേരിട്ടേക്കുമെന്നും ആ ഭരണാധികാരിക്കു താക്കീതു നൽകപ്പെട്ടിരുന്നു. പക്ഷെ ഇറാക്കിലെ പണ്ഡിതന്മാർ അദ്ദേഹത്തെ സന്ദർശിച്ചു സംഭാഷണങ്ങൾ നടത്തിക്കൊണ്ടേയിരുന്നു. അക്കാലത്തു ഇറാനിലെ ഏററവും വലിയ മതപണ്ഡിതന്റെ പേരിൽ സയ്യിദ് സാഹിബ് ഒരു കത്തയച്ചു. ബ്രിട്ടീഷ് കമ്പനിക്കു ഗവണ്മെൻറു നൽകിയിരിക്കുന്ന പുകയിലയുടെയും മററും കുത്തകാവകാശത്തെ ദുർബ്ബലപ്പെടുത്തേണമെന്നതായിരുന്നു കത്തിലെ ആശയം.

ഇറാനിലുണ്ടാകുന്ന എല്ലാ പുകയിലയുടേയും കുത്തക ക്രി. 1890 ൽ രാജാവും മന്ത്രിമാരുംകൂടി ഇംഗ്ലണ്ടിലെ ഒരു കമ്പനിക്കു നല്കുകയുണ്ടായി. കമ്പനി നിശ്ചയിക്കുന്ന നിരക്കനുസരിച്ചു അവ വില്ക്കുകയും ആദായത്തിന്റെ നാലിൽ ഒരംശം ഇറാൻ ഗവണ്മെൻറിനു നൽകുകയും വേണമെന്നായിരുന്നു വ്യവസ്ഥ. പ്രസ്തുത കത്തിലെ നിർദ്ദേശമനുസരിച്ചു ലഹരിപദാർത്ഥങ്ങൾ

വജ്ജിക്കേണ്ടതാണ് എന്ന ഒരു ഫത്ത്വാ തൽക്ഷണം അവിടത്തെ പണ്ഡിതന്മാർ ചേൎന്നു പുറപ്പെടുവിച്ചു. അതോടുകൂടി ഏറക്കുറെ പൊതുജനങ്ങളെല്ലാംതന്നെ പുകവലി ഉപേക്ഷിച്ചു. അവസാനം കമ്പനിക്കു നഷ്ടപരിഹാരംചെയ്തു. ഈ നിയമം റദ്ദുചെയ്യുകയല്ലാതെ ഗവൎമ്മെൻറിനു ഗത്യന്തരമില്ലാതെയായി. അങ്ങനെ ഇറാനിനുവേണ്ടി വിദേശിയർ വീശിയിരുന്ന വലയുടെ കണ്ണികം സയ്യിദിൻെറ കരങ്ങൾ അറുത്തു കളഞ്ഞു!

### ലണ്ടനിൽ.

കുറേക്കാലം ഇറാക്കിൽ താമസിച്ചിട്ടു പിന്നെ ലണ്ടനിലേക്കു പുറപ്പെട്ടു. അവിടെ പല സ്ഥലങ്ങളിലും ഇറാനെ പരാമശിച്ചുകൊണ്ടു പ്രസംഗങ്ങൾ ചെയ്തു. അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ "സിയാവുൽ-ഖാഫിക്കൈയിനി" എന്ന പേരിൽ ഒരു പത്രം അവിടെനിന്നും പുറപ്പെടുവിച്ചു. അതിൽ ഇറാൻ ഭരണത്തിൻെറ വൈകല്യങ്ങളെയും ദോഷങ്ങളെയും ചൂണ്ടിക്കാണിച്ചുകൊണ്ടു ഇറാൻജനതയെ പരിഷ്കൃതാശയരാക്കുവാൻ പര്യാപ്തങ്ങളായ ലേഖനപരമ്പരകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. നിയമപരമായി ഇംഗ്ലീഷ്കാൎക്കു ഈ പത്രത്തെ ഒന്നും ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇതു മുദ്രണം ചെയ്തിരുന്ന അച്ചുക്കൂടത്തെ ഭീഷണിപ്പെടുത്തി ഇതിൻെറ അച്ചടിവേല നിൎത്തിക്കുകയാണുണ്ടായതു്. അങ്ങനെ ഇറാനിൽ തെളിഞ്ഞു തുടങ്ങിയ ഉൽബുദ്ധതയുടെ മാറ്റൊലിയിൽ ഇംഗ്ലീഷ്കാർ കല്ലും മണ്ണും വലിച്ചിട്ടു അലങ്കോലപ്പെടുത്തി.

### കോൺസ്റ്റാൻറിനോപ്പിളിൽ പുനരാഗമനം.

സുൽത്താൻ അബ്ദുൽഹമീദുഖാൻ സൎവ്വാത്മനാ ഇസ്ലാമികസംഘടന (പാൻ ഇസ്ലാമിസം) സ്ഥാപിപ്പാൻ പരിശ്രമിച്ചിരുന്ന ആളായിരുന്നു. സയ്യിദുസാഹിബിൻെറ അഭിപ്രായഗതിയും, യോഗ്യതയും, മുസ്ലിംലോകത്തു അദ്ദേഹത്തിനുള്ള സ്ഥാനവും വേണ്ടതുപോലെ മനസ്സിലാക്കിയ അബ്ദുൽഹമീദുഖാൻ തൻെറ ഉദ്ദേശത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി സയ്യിദുസാഹിബിനെ അങ്ങോട്ടു ക്ഷണിച്ചു. ഈ ക്ഷണം സ്വീകരിച്ചുകൊണ്ടു ഹി. 1310ൽ ലണ്ടനിൽനിന്നും കോൺസ്റ്റാൻറിനോപ്പിളിലേക്കുപുറപ്പെട്ടു. രാജോചിതമായ നിലയിലാണ് അദ്ദേഹത്തിനു അവിടെ സ്വീകരണം ലഭിച്ചതു്. കൊട്ടാരത്തോടുതൊട്ടുള്ള ഒരു രമ്യഹൎമ്മം അദ്ദേഹത്തിൻെറ താമസത്തിനുവേണ്ടിസൌകൎയ്യപ്പെടുത്തിക്കൊടുത്തു. 1000, (മറെറാരു പക്ഷപ്രകാരം 2007) ഉറുപ്പിക മാസംതോറും ശമ്പളമായി നിശ്ചയിക്കുകയും ഭക്ഷ്യപദാൎത്ഥങ്ങൾ രാജാവിൻെറ സ്വന്തം ഭോജനശാലയിൽ നിന്നും നല്കുവാൻ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. ഇതിനും പുറമെ രാജാവിൻെറ കുതിരപ്പന്തിയിൽ സവാരിക്കായി ഒരു വാഹനം സദാ ഒരുക്കിനിറുത്തപ്പെട്ടു. പക്ഷെ ഈ സുഖസൌകൎയ്യങ്ങളൊന്നും അധികനാൾ സ്വസ്ഥമായി ആസ്വദിക്കുവാൻ ഇട വന്നില്ല. ചില അസൂയാലുക്കൾ പല പ്രകാരത്തിലും രാജാവിനെ തെററിദ്ധരിപ്പിക്കുവാൻ കച്ചകെട്ടി പുറപ്പെട്ടു. അവർ അവസാനം വിജയികളാകുകയും ചെയ്തു. രാജാവിനു അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹവും മമതയുമെല്ലാം അചിരേണ നിശ്ശേഷം ഇല്ലാതെയായി. രാജാവിൻെറ ഈ ഭാവഭേദം കണ്ടിട്ടു മിത്രജനങ്ങളും അദ്ദേഹത്തെ അവഗണിച്ചുകളഞ്ഞു.

ചരമം.

കോൺസ്റ്റാണ്ടിനോപ്പിളിൽ നാലിൽ പരം കൊല്ലത്തോളം സയ്യിദ്സാഹിബു താമസിച്ചു. ഇതിനിടയിൽ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വളരെ മോശമായി. ശരീരം വല്ലാതെ ശോഷിച്ചു. ഹി. 1314 ൽ പ്രമേഹസംബന്ധമായ രോഗത്തിൽ അകപ്പെട്ടു; അവസാനം ഹി. 1314 ശവ്വാൽമാസത്തിൽ (ക്രി. 1897 മാർച്ച്) പൌരസ്ത്യദേശത്തു ഉദയം ചെയ്തു ഈ വിജ്ഞാനസൂര്യൻ പാശ്ചാത്യരാജ്യത്തു ചെന്നു അസ്തമിച്ചു!!

'ശൈഖർമസാർലഖി' എന്ന ഖബർസ്ഥാനത്തിൽ അത്യന്തം ആഡംബരപൂർവ്വം ജനാസാ സംസ്കരിക്കപ്പെട്ടു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നല്കുമാറാകട്ടെ!

സയ്യിദ്സാഹിബിന്റെ വ്യക്തിമാഹാത്മ്യം.

നല്ല കായബലവും അന്തസ്സും ഗൌരവവുമുള്ള ആളായിരുന്നു അദ്ദേഹം. ഒഴുക്കേറിയ അദ്ദേഹത്തിന്റെ പ്രസംഗം ശ്രോതാക്കളുടെ ഹൃദയങ്ങളെ സ്പർശിക്കാതെ പോയിരുന്നില്ല. മനംകവരുമാറുള്ള ഒരു ആകർഷകത്വം അദ്ദേഹത്തിന്റെ സാധാരണ സംഭാഷണങ്ങൾക്കുള്ള ഒരു സവിശേഷതയായിരുന്നു. നബിതിരുമേനിയുടെ പ്രസംഗങ്ങളാണു് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടാൽ ഓർമ്മവരികയെന്നു ഒരു പണ്ഡിതൻ അഭിപ്രായപ്പെടുന്നു. ഏതെങ്കിലും ആപൽശങ്കയോ അത്യാഗ്രഹമോ അദ്ദേഹത്തെ കർമ്മരംഗത്തുനിന്നും വ്യതിചലിപ്പിക്കുന്നതിനു പര്യാപ്തമായിരുന്നില്ല. എവിടെ പോയാലും യോഗ്യരുടെ ബഹുമാനാദരങ്ങൾ ആർജ്ജിക്കുവാനും സ്വേച്ഛാതല്പരന്മാരും സ്വാർത്ഥലോലുപന്മാരുമായ ആളുകളുടെ അസൂയാപാത്രമായി തീരുവാനുമുണ്ടായ യഥാർത്ഥ കാരണം പ്രസ്തുതഗുണം ഒന്നുമാത്രമായിരുന്നു.

പ്രൊഫസർ ബ്രൌൺ ഇങ്ങനെ എഴുതുന്നു:- "വിശാലമായ വിജ്ഞാനവും ദൈവദത്തമായ മനക്കരുത്തും, ഇസ്ലാമിനോടുള്ള യഥാർത്ഥസ്നേഹവുമല്ലാതെ സയ്യിദ്സാഹിബിന്റെ പക്കൽ മറ്റൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സത്യനാദം ഏതൊരു കടുത്ത അക്രമിയായ രാജാവിന്റെ രാജധാനിയെയും വിറകൊള്ളിച്ചു."

സയ്യിദ്സാഹിബിന്റെ പരമലക്ഷ്യം പാൻഇസ്ലാമിസമായിരുന്നു. സമുദായത്തിന്റെ ഉള്ളിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്കു അദ്ദേഹം ദ്വിതീയസ്ഥാനമേ കല്പിച്ചിരുന്നുള്ളു. ഐക്യം സംഘടിച്ചുകൊണ്ടു വിദേശാധിപത്യത്തിൽനിന്നും വിമോചനം നേടുകയാണു് ആവശ്യമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഷിയാ-സുന്നിവഴക്കുകൾ ഇസ്ലാമിനു വിരുദ്ധമാണെന്നു അദ്ദേഹം ഉൽഘോഷിച്ചിരുന്നു. വലിയ പരിഷ്കാരികളാണെന്നു വാദകോലാഹലംമുഴക്കിക്കൊണ്ടിരിക്കുന്ന ക്രിസ്ത്യാനികൾ അത്യന്തം നികൃഷ്ടവും നിഷ്ഠുരവുമായവിധം മുസ്ലിംരാജ്യങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നും, കുരിശുയുദ്ധങ്ങളുടെ അതേ ആവേശം അവരിൽ വളർന്നുകൊണ്ടിരിക്കുന്നുവെങ്കിലും പ്രവർത്തനരീതി മാത്രമേ മാറിയിട്ടുള്ളുവെന്നും ദൂരദൃക്കായ ആ മഹാശയൻ മനസ്സിലാക്കി; സാമുദായികബോധം, സ്വദേശസ്നേഹം, സ്വാഭിമാനം ആദിയായ ഗുണങ്ങൾ ഉത്തമതരങ്ങളാണെന്നു വിശ്വസിക്കുന്നുവെങ്കിലും ഇതേ ഗുണങ്ങൾ ഏഷ്യയിലെ സമുദായങ്ങളിൽ പ്രത്യേകിച്ചു മുസ്ലിംസമുദായത്തിൽ കാണുന്നതായാൽ പക്ഷപാതം, മൃഗീയത, കലാപം, അജ്ഞത എന്നീ പദപ്രയോഗങ്ങൾ കൊണ്ടു സൽഗുണങ്ങളെ ദുർഗ്ഗുണങ്ങളാക്കി മാറ്റുവാൻ പ്രത്യേകവൈദഗ്ദ്ധ്യമുള്ളവരാണു ഇംഗ്ലീഷ്കാരെന്നു സയ്യിദ്

—جاء الحق وزهق الباطل ان الباطل كان زهوقا—

# ഇസ്ലാം

ജനാബ്, ററി. പി. മഹ്മൂദ്.

[വിഗ്രഹനിർമ്മാണശാലകളിൽനിന്നും പൊടിപടലങ്ങൾ ഉയർത്തുകയും ബിംബങ്ങളെ വച്ച് പൂജിക്കുന്നതിനുപയുക്തമായ രക്ഷിച്ചുവന്നിരുന്ന ക്ഷേത്രങ്ങളെയെല്ലാം തകർത്തുതരിപ്പണമാക്കയും അഗ്ന്യാരാധകന്മാരുടെ ഭദ്രദീപത്തെ പൊലിച്ചുകളയുകയും ചെയ്തിട്ട ഏകത്വസിദ്ധാന്തത്തിന്റെ വിജയാഘോഷം അത്യുച്ചത്തിൽ മുഴക്കിയ മതമാണിസ്ലാം. "അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്ലാം ആകുന്നു."]

പരിപൂർണ്ണമായ ഒരു ജീവിതപദ്ധതിയാകുന്നു ഇസ്‌ലാം. മഹാകവി ഇക്ബാൽ പറയുകയാണ്:- "മനുഷ്യലോകത്തിന്റെ ജീവിതപുരോഗതിയിൽ അനുബന്ധിതവും അധിഷ്ഠാനപരവുമായ പരിവർത്തനങ്ങൾ ആവശ്യമായി തീരുന്നുണ്ട്. സാമൂഹ്യമായും കുടുംബപരമായും ഉള്ള അതിന്റെ ത്വരിതമായ പുരോഗതിയിൽ, വേണ്ട വ്യതിയാനങ്ങൾ വരുത്തി യഥാർത്ഥമായ മനുഷ്യസംസ്കാരം സംജാതമാക്കുന്നതിനു അങ്ങനെയുള്ള പരിവർത്തനങ്ങൾ അത്യാവശ്യവുമാകുന്നു." "ദീൻ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നതു കുടുംബത്തേയോ സമുദായത്തേയോഅല്ല, സംപൂർണ്ണമായ മനുഷ്യത്വത്തെയാണെന്നും പ്രകൃതിപരമായ ജീവിതപന്ഥാവിൽക്കൂടി മനുഷ്യലോകത്തെ നയിക്കുന്നതിനു ആവശ്യമായ മാർഗ്ഗദർശനം ചെയ്യുക എന്നതാണ് അതിന്റെ ഉദ്ദേശമെന്നും ഉള്ള ദിവ്യമായ സന്ദേശത്തെ മനുഷ്യലോകത്തെ കേൾപ്പിക്കുവാൻ ആരംഭിച്ചതു ഇസ്‌ലാംആകുന്നു" അങ്ങനെയുള്ള വിശിഷ്ടമായ തത്വസമൂഹത്തെ വെറും വിശ്വാസപരമായ കാര്യങ്ങളിൽ അടക്കിയൊതുക്കി വയ്ക്കുവാൻ എങ്ങനെയാണു സാധിക്കുക?

മുസൽമാനു സ്വച്ഛേഷ്ടം ഒരു വർഗ്ഗമോ രാഷ്ട്രമോ ആകുവാൻ സാധിക്കുമെന്നും, മതനിയമ സംഹിതയും രാഷ്ട്രീയ കാര്യങ്ങളും

---

സാഹിബ് സാധാരണ പറയാറുണ്ട്.

നീതിയെ അഭിലഷിക്കുന്നവന്റെ കരങ്ങൾ നീതിയെ പിടിച്ചുപറവുന്നതിനു മാത്രം ശക്തങ്ങളാണെങ്കിൽ മാത്രമേ പരിപൂർണ്ണമായി നീതി പരിപാലിക്കപ്പെടുകയുള്ളൂവെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം.

ചുരുക്കി പറഞ്ഞാൽ അദ്ദേഹം പതിനാലാംനൂററാണ്ടിലെ മഹാനായ ഒരു പരിഷ്കർത്താവും, പണ്ഡിതശിരോമണിയുമായിരുന്നു. മുസ്ലിംലോകത്തു ഇന്നു കാണുന്ന ഈ ഉണർവിന്റെയും ഉന്മേഷത്തിന്റെയും സാക്ഷാൽ ജനയിതാവു സയ്യിദ്ജമാലുദ്ദീൻ അഫ്ഘാനിയായിരുന്നു എന്നു പറയുന്നതായാൽ അതിൽ വലിയ തെറെറാന്നും ഉണ്ടെന്നു തോന്നുന്നില്ല.

یہاں اب جو دنیا میں آئی ہوئی ہے
یہ سب بو دانوں کی اگائی ہوئی ہے

--------

വെവ്വേറെയാണെന്നു കരുതുകയും മററു സമുദായങ്ങളോടൊപ്പം താൻ വെറുമൊരു ഭാരതീയൻ മാത്രമാണെന്നു ആവേശം കൊള്ളുകയും ചെയ്യുന്ന ഇൻഡ്യൻ മുസൽമാൻെറ അപകടകരമായ അവസ്ഥയെ വീക്ഷിച്ചുകൊണ്ടു് മഹാകവി പറയുകയാണ്:– "പരിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നതു യഥാർത്ഥമായ നാഗരീകത്വവും രാഷ്ട്രീയ താല്പര്യങ്ങളും അഭിലഷിക്കുന്ന ഏതൊരാളിനും 'ദീനുൽ ഇസ്ലാമി'ൽ അടിയുറച്ചു നിൽക്കുവാൻ സാധിക്കും എന്നാകുന്നു." അദ്ദേഹം വീണ്ടും വീണ്ടും പറയുന്നു:– "നബി (സ) തിരുമേനിയ്ക്കു് അല്ലാഹുവിനാൽ ദത്തമായ നിയമങ്ങളെ അനുസരിക്കുക എന്നതിൽനിന്നും രൂപമെടുത്ത ഒരു ഉൽകൃഷ്ടജനസമൂഹത്തെ സൃഷ്ടിക്കുക എന്നതാണു് പ്രവാചകത്വത്തിൻെറ പരമമായ ഉദ്ദേശം." സ്ഥലം, കാലം, ദേശം, രാജ്യം, വംശം, വർഗ്ഗം, കുടുംബം മുതലായവയുടെ മറവിൽ ഒളിഞ്ഞുകിടക്കുന്ന സർവ്വ അന്ധതകളേയും അകററി പരിശുദ്ധരാകുവാനും ഒരുനിമിഷത്തേക്കുപോലും ഉപേക്ഷിക്കുവാൻ സാധിക്കാത്തവിധം പ്രിയതരമായി കരുതിവരുന്ന പലതിനേയും പരിപൂർണ്ണ സമ്മതത്തോടെ പരിത്യജിച്ചു് പരമനിർവ്വാണപദം പ്രാപിക്കുവാനും മനുഷ്യനെ സന്നദ്ധമാക്കുവാനുള്ള കഴിവു ഇസ്ലാമിനുണ്ടു്. റസൂലിൻെറ പരമോന്നതമായ അവസ്ഥ ഇതാണു്. ഇസ്ലാമിൻെറ സർവ്വോൽക്കൃഷ്ടവും സുപ്രധാനവുമായ അധിഷ്ഠാനം ഇങ്ങനെയാണു സുദൃഢമായിരിക്കുന്നതു്. ഈ അത്യുന്നതമായ നില പ്രാപിക്കുവാൻ ഇസ്ലാം എത്രകാലമാണു ഉപയോഗിച്ചതെന്നു ലോകത്തിനു അറിയാവുന്നതാണല്ലോ. വെറും പതിമൂന്നു നൂററാണ്ടുകൾകൊണ്ടുമാത്രം ഇസ്ലാം സമാർജ്ജിച്ചിട്ടുള്ള വിജയം മറെറാരു സമുദായത്തിനും മൂവായിരംവർഷംകൊണ്ടുപോലും സമ്പാദിക്കുവാൻസാധിച്ചിട്ടില്ലെന്നു നിസ്സംശയംപറയാവുന്നതാണു്.

നമ്മുടെ ജീവിതത്തിൻെറ അടിസ്ഥാനം ഇസ്ലാംഅല്ലാതെ മറെറാന്നുമല്ല. നമ്മുടെ ഭൂതവും, ഭാവിയും വർത്തമാനവും അതുതന്നെയാണു്. അതിനാൽ നമ്മുടെ ഭാവി ശോഭനമായിതീരണമെങ്കിൽ 'ഇസ്ലാം' എന്നാൽ എന്താണെന്നും, അതു ഈ ലോകത്തു എന്തെല്ലാം സാധിച്ചുവെന്നും നാം മനസ്സിലാക്കേണ്ടതു് ഏററവും അത്യാവശ്യമാകുന്നു. നമുക്കും ലോകത്തിനും ഐശ്വര്യവും അഭിവൃദ്ധിയും നന്മയും സംജാതമാക്കുന്നതിനു് അതിനെ എങ്ങനെയാണു അനുകരിക്കേണ്ടതെന്നു നിർബന്ധമായും നാം അഭ്യസിക്കേണ്ടതുമാണു്.

അന്നത്തെ ആളുകളുടെ നീചമായ ജീവിതക്രമവും ആചാരവൈചിത്ര്യവും സ്വഭാവദൂഷ്യവും മതനിയമങ്ങളെ അവഹേളിപ്പിക്കുന്ന ഒരു കാലത്താണു് ദൈവികസന്ദേശവും വഹിച്ചുകൊണ്ടു നബി (സ) സമാഗതനായതു്. എം. എൻ. റായി ഇങ്ങനെ എഴുതുന്നു:– ഏററവും അവസാനത്തേതും ഏററവും ശ്രേഷ്ഠവുമായ മതം ഇസ്ലാം ആകുന്നു. സർവ്വാത്ഭുതങ്ങളിലുംവെച്ചു് വിശിഷ്ടമായതു് ഇസ്ലാമിൻെറ സർവ്വോല്ക്കർഷത്വം ആണു്. അതിൻെറ പരിവർത്തനപരമായ പരിപാടിയിലാണു് ഇസ്ലാമിൻെറ അത്ഭുതകരമായ പരിപൂർണ്ണത തികച്ചും പ്രത്യക്ഷമാകുന്നതു്. ഗ്രീക്കിലേയും, റോമായിലേയും, ഇറാനിലേയും, ചൈനായിലേയും, ഇൻഡ്യായിലേയും പൗരാണിക സംസ്കാരത്തിൽനിന്നും രൂപം പ്രാപിച്ച ഒരു പരിഷ്കരണപദ്ധതിയല്ലായിരുന്നു നബി (സ) തിരുമേനി ലോകത്തിൻെറ മുമ്പിൽ സമർപ്പിച്ചതു്. ഇസ്ലാമിൻെറ പരിവർത്തന പാടവം മനുഷ്യലോകത്തെ തികച്ചും സമുദ്ധരിക്കുകതന്നെചെയ്തു."

ഇസ്ലാമിക തത്വശാസ്ത്രം ഏററവും അഭ്യസന ലാഘവമുള്ളതാകുന്നു. ഇസ്ലാമിനെക്കുറിച്ചുള്ള കാര്യങ്ങൾ ഒരു മ?യനു

പോലും വളരെ എളുപ്പം പഠിക്കുവാൻ സാധിക്കുന്നതാണ്. പ്രാപഞ്ചിക യാഥാർത്ഥ്യം എത്ര ലളിതമാണെന്നും, മനുഷ്യലോകത്തിനു അതെങ്ങനെയാണ് ഹൃദ്യമായിരിക്കുന്നതെന്നും ഇസ്‌ലാം പ്രത്യക്ഷമാക്കിയിട്ടുണ്ട്.

ഭൂമിയും ആകാശവും, ഈ പ്രപഞ്ചത്തിലെ ദൃശ്യവും അദൃശ്യവുമായ സർവ്വ വസ്തുക്കളും ഒരേ ഒരു ബന്ധത്തിൽ സുദൃഢമായിരിക്കുകയാണ്. ആ ബന്ധം അല്ലാഹുവിനോടല്ലാതെ മറ്റൊന്നിനോടുമല്ല. പ്രപഞ്ചവും അതിലെ നിസ്സീമവും സംഖ്യാതീതവുമായ സർവ്വ വസ്തുക്കളും ഏകത്വമഹാശക്തിയിൽനിന്നും പ്രത്യക്ഷമായതാകുന്നു ഇപ്പോഴും അവ അതിന്റെ പരിധിക്കുള്ളിൽതന്നെയാണ് സ്ഥിതിചെയ്യുന്നത്. നിർജ്ജീവമായ ഒരു വസ്തുവിനു് അവൻ ജീവൻ നൽകുകയും ആത്മീയ ചൈതന്യം സംജാതമാക്കുകയും ചെയ്തു.

وَكُنْتُمْ أَمْوَاتًا فَأَحْيَاكُمْ

"നിങ്ങൾ നിർജ്ജീവവസ്തുക്കളായിരുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിച്ചു"

ഈ ലോകത്തിലെ സർവ്വൈശ്വര്യങ്ങളും മനുഷ്യക്കു വേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചതു്. ആ സർവ്വ സുഖങ്ങളും സംത്യജിച്ച് സന്യസിക്കുവാൻ ഇസ്ലാം അനുവദിക്കുന്നില്ല. സത്യാസത്യങ്ങളേയും നന്മതിന്മകളേയും തിരിച്ചറിയുന്നതിനുള്ള വിവേചനാശക്തിയും, അവയിൽ ഇഷ്ടമായി തോന്നുന്നവയെ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യബുദ്ധിയും അല്ലാഹു മനുഷ്യനു പ്രദാനംചെയ്തിട്ടുണ്ട്.

عَلَّمَ الْإِنْسَانَ مَا لَمْ يَعْلَمْ

"അവൻ മനുഷ്യനെ അവൻ അറിഞ്ഞിട്ടില്ലാത്തതു പഠിപ്പിച്ചു." മനുഷ്യനു് ഒടുവിൽ അവന്റെ പ്രവൃത്തിക്കനുസരണമായി നിത്യാനന്ദമോ, കൊടുംയാതനകളോ ലഭിക്കുന്നതാണെന്നു അല്ലാഹു മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.

فَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ وَمَنْ يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ

"ആരെങ്കിലും അണുവളവു് നന്മ പ്രവർത്തിച്ചാൽ അവൻ അതു കാണും. ആരെങ്കിലും അണുവളവു് തിന്മ പ്രവർത്തിച്ചാൽ അവൻ അതും കാണും." എന്നാൽ ജീവിതത്തിന്റെ പ്രയാസമേറിയ പരിധിക്കുള്ളിൽ മനുഷ്യനെ നിരാധാരനായി വിട്ടിരിക്കുകയാണെന്നു മനസ്സിലാക്കരുതു്.

يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ

"അല്ലാഹു നിങ്ങൾക്കു സൗകര്യത്തെയാണ് ഉദ്ദേശിക്കുന്നതു്; പ്രയാസത്തെ അവൻ ഉദ്ദേശിക്കുന്നില്ല." നമ്മുടെ സർവ്വ പ്രവൃത്തികളിലും അല്ലാഹുവിന്റെ വീക്ഷണവും സഹായവും എപ്പോഴും ഉണ്ടു്. പക്ഷെ, അല്ലാഹു പറയുന്നതു്: -

فَاذْكُرُونِي أَذْكُرْكُمْ

"നിങ്ങൾ എന്നെ സ്മരിക്കുക. ഞാൻ നിങ്ങളെയും സ്മരിക്കും" എന്നാകുന്നു. അല്ലാഹു അവന്റെ ദിവ്യമായ ശക്തിയിൽ സത്യാസത്യങ്ങളെ വേർതിരിച്ചു കാണിക്കുകയും, സന്മാർഗ്ഗപാതയിലൂടെ സുഗമമായി മുന്നോട്ടു പോകുന്നതിനു ആവശ്യമായ പ്രേരണ മനുഷ്യനു നല്കുകയും ചെയ്യുന്നുണ്ടു്.

مَنْ عَمِلَ صَالِحًا فَلِنَفْسِهِ

"ആരാണോ സൽക്കർമ്മംചെയ്തതു് അതു് അവനുവേണ്ടിതന്നെയാകുന്നു."

ഈ ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല. വ്യത്യസ്ഥങ്ങളായ സ്ഥിതിഗതികളിലൂടെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്.

وَالْقَمَرِ إِذَا اتَّسَقَ لَتَرْكَبُنَّ طَبَقًا عَنْ طَبَقٍ

"പൂർണ്ണചന്ദ്രനെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. നിശ്ചയമായും നിങ്ങൾ പടിപടിയായി കയറിപ്പോകും."

പിറവി ചന്ദ്രൻ പ്രതിദിനം വർദ്ധമാനമായി വളർന്നുവന്നു ഒടുവിൽ പൗർണ്ണമിത്തിങ്കളായിത്തീരുന്നതു എങ്ങനെയാണോ അതുപോലെയാണു് മനുഷ്യന്റെ നില. മനുഷ്യൻ ഈ ലോകത്തു കഴിച്ചുകൂട്ടുന്നതു ജീവിതത്തിന്റെ പ്രാരംഭഘട്ടം മാത്രമാകുന്നു. പിന്നീടു് അവൻ എത്ര ദൂരം സഞ്ചരിക്കുമെന്നും, എങ്ങനെയൊക്കെയായിത്തീരുമെന്നും സ്പഷ്ടമായി അറിയാവുന്നതു അല്ലാഹുവിനു മാത്രമാണു്.

ഇസ്ലാം മനുഷ്യനു എത്ര മഹത്തായ സ്വാതന്ത്ര്യമാണു് നല്കിയിരിക്കുന്നതു്; സമുൽഗതിയിലേക്കുള്ള സോപാനം എത്ര സുഗമമായിരിക്കുകയാണു്. മനുഷ്യൻ അല്ലാഹുവിന്റെ ആജ്ഞകളെ അനുസരിച്ചു ജീവിക്കുന്നതിനു നിർബന്ധിതനാണെന്നല്ലാതെ അവൻ വെറുമൊരു ദാസൻ മാത്രമല്ല.

إِنِّي جَاعِلٌ فِي الْأَرْضِ خَلِيفَةً

"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ അയക്കുന്നു" എന്നാണു് അല്ലാഹു പറയുന്നതു്.

ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്ന സർവ്വവും അല്ലാഹുവിന്റെ ഇച്ഛാനുസരണമാണെന്നു ഇസ്‌ലാം ലോകത്തെ പഠിപ്പിക്കുന്നു.

تُعِزُّ مَنْ تَشَاءُ وَتُذِلُّ مَنْ تَشَاءُ

"അവൻ ഇച്ഛിക്കുന്നവനു ശ്രേയസ്സ് നല്കുകയും അവൻ ഇച്ഛിക്കുന്നവനെ അധഃപ്പതിപ്പിക്കുകയും ചെയ്യുന്നു." അല്ലാഹുവിന്റെ മഹത്ത്വക്തി, പരിപൂർണ്ണതയോടുകൂടി അവന്റെ ആജ്ഞാമുഖേന മനുഷ്യന്റെ സ്വാതന്ത്ര്യത്തിലും അവന്റെ ശക്തിയിലും ഒരുപോലെയാണു് നിലകൊള്ളുന്നതു്.

وَمَا ظَلَمَهُمُ اللَّهُ وَلَٰكِنْ أَنْفُسَهُمْ يَظْلِمُونَ

"അല്ലാഹു അവരിൽ യാതൊരു അക്രമവും ചെയ്തിട്ടില്ല. അവർ സ്വയം അക്രമം പ്രവർത്തിക്കുകയാണു് ചെയ്യുന്നതു്."

لَيْسَ لِلْإِنْسَانِ إِلَّا مَا سَعَىٰ

"പ്രയത്നംകൂടാതെ മനുഷ്യനു യാതൊന്നും ലഭിക്കുന്നതല്ല."

لَا يُغَيِّرُ اللَّهُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنْفُسِهِمْ

"യാതൊരു സമുദായത്തേയും അവർ സ്വയം വ്യതിചലിയ്ക്കുന്നതുവരെ അല്ലാഹു വ്യതിചലിപ്പിക്കുന്നതല്ല."

ഇസ്‌ലാം വെറും മാനസിക പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുക മാത്രമല്ല, ജീവിതവിജയത്തിനു ആവശ്യമായ വിജ്ഞാനവും പ്രദാനം ചെയ്തിട്ടുണ്ടു്. ആ മണലാരണ്യത്തിലെ മലയിലെ ഗുഹയിൽവച്ചു അഖിലലോകത്തിനുമായി റസൂൽകരീമി(സ)നെ ഏല്പിക്കപ്പെട്ട ആദ്യത്തെ ദിവ്യസന്ദേശം 'ഇൽമി'നെ (വിജ്ഞാനത്തെ) സംബന്ധിക്കുന്നവയാകുന്നു.

اقْرَأْ ---- مَا لَمْ يَعْلَمْ

"സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ ഓതുക. അവൻ മനുഷ്യനെ ഒരു രക്തപിണ്ഡത്തിൽനിന്നു സൃഷ്ടിച്ചു. നീ ഓതുക. നിന്റെ നാഥൻ പേനാകൊണ്ടു പഠിപ്പിച്ചവനായ അത്യുദാരനത്രെ. അവൻ

മനുഷ്യനെ അവൻ അറിഞ്ഞിട്ടില്ലാത്തതു പിറപ്പിച്ചു."

പ്രകൃതിയെ നിരീക്ഷിച്ചു അനർഘങ്ങളായ തത്വരത്നങ്ങൾ ആർജ്ജിക്കുവാൻ പാശ്ചാത്യ ലോകത്തെ അഭ്യസിപ്പിച്ചതു മുസൽമാന്മാർ ആകുന്നു. യൂറോപ്പ് ശാസ്ത്രീയസിദ്ധാന്തങ്ങൾകൊണ്ടു ലോകത്തു ഒരു പരിവർത്തനംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ അതിന്റെ ഉറവിടം മുസൽമാന്റെ വിജ്ഞാനകേന്ദ്രമാകുന്നു. പ്രസിദ്ധനായ ബ്രെഫാൽട്ട് ഇങ്ങനെ അഭിപ്രായപ്പെടുന്നു:- "അറേബ്യൻ സംസ്കാരത്തിൽനിന്നും ആധുനിക ലോകത്തിനു ലഭിച്ചിട്ടുള്ള സയൻസ് നിശ്ചയമായും ഒരു നേട്ടംതന്നെയാകുന്നു."

ഇഹലോകത്തെ ഉൽകൃഷ്ടസ്ഥാനത്തു എത്തിക്കുന്നതിനുള്ള പരിവർത്തനപരമായ നിയമങ്ങളാണ് 'ദീൻ' ഉൾക്കൊള്ളുന്നതെന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലോ. മുഹമ്മദുനബി (സ) യുടെ പ്രവാചകത്വത്തോടുകൂടി അതിന്റെ പരിപൂർണ്ണത ഉണ്ടായിക്കഴിഞ്ഞു. അല്ലാമാഷിബ്‌ലി (റ) പറയുന്നു:- പ്രപഞ്ചത്തിന്റെ പ്രധാനവും പ്രഥമവും ആയ കർത്തവ്യവും, പരിശുദ്ധമായ സേവനവും, മനുഷ്യാത്മാക്കളുടെ സ്വഭാവത്തിന്റേയും, വളർച്ചയുടേയും പരിഷ്കരണത്തെ പരിപൂർണ്ണമാക്കുക എന്നുള്ളതാകുന്നു." മഹാകവി ഇക്ബാൽ പറയുന്നു:- "റസൂൽ (സ)ന്റെ പരിശുദ്ധ ഹൃദയം അർവാചീനവും അധുനാതനവുമായ സർവ്വ വിജ്ഞാനത്തിന്റെയും കേളീരംഗമായിരുന്നു."

ഇസ്ലാമിന്റെ ആവിർഭാവത്തോടു കൂടി ചരിത്രത്തിന്റെ കാലടികൾ വളരെയധികം പുരോഗമിച്ചുകഴിഞ്ഞു. പൗരാണികത്വത്തിന്റെ അന്ധകാരം ഓടി മറഞ്ഞു. പുതുമയുടെ പൊൻകതിരുകൾ നാലു പാടും വീശുവാൻ തുടങ്ങി. അതിന്റെ വിജയാഘോഷങ്ങൾ ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു. അല്ലാമാഷിബ്‌ലി (റ) യുടെ ഭാഷയിൽ പറയുകയാണെങ്കിൽ, "വിഗ്രഹനിർമ്മാണ ശാലകളിൽനിന്നും പൊടിപടലങ്ങൾ ഉയൎന്നു പൊങ്ങി. ബിംബങ്ങളെ വച്ചു പൂജിക്കുന്നതിന്ന് സൂക്ഷിച്ചു വന്നിരുന്ന ക്ഷേത്രങ്ങളെല്ലാം തകൎന്നു തരിപ്പണമായി. അഗ്ന്യാരാധകന്മാരുടെ ഭദ്രദീപം പൊട്ടുന്നനെ പൊലിഞ്ഞുപോയി. ക്രിസ്ത്യാനികളുടെ അബദ്ധപ്രസ്താവനകൾ ചിതറിപ്പോയി; അവയുടെ കള്ളം പുറത്തായിപ്പോയി. ഏകത്വസിദ്ധാന്തത്തിന്റെ വിജയാഘോഷം അത്യുച്ചത്തിൽ മുഴങ്ങി. സത്യപ്രദേശമാകുന്ന സൂര്യൻ കിരണസമൂഹത്തെ പ്രഭാപൂരത്തോടെ നാലുപാടും പരത്തി പ്രോജ്വലിക്കാൻ ആരംഭിച്ചു. ഇസ്ലാമിന്റെ സൗഭാഗ്യനിർഝരി അതിശക്തിയോടെ പ്രവഹിക്കുവാൻതുടങ്ങി. ചന്ദ്രക്കലാങ്കിതമായ പച്ചക്കൊടി ഇസ്‌ലാമിന്റെ ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ അങ്ങനെ പറന്നു കളിച്ചു. അതെ,

إن الدين عند الله الإسلام

"അല്ലാഹുവിങ്കൽ (സ്വീകാര്യമായ) മതം ഇസ്‌ലാം ആകുന്നു."

എന്നിട്ടും ലോകം മുഴുവൻ ആക്ഷണത്തെ എന്തുകൊണ്ടു സ്വീകരിക്കുന്നില്ല?

റസൂൽകരീം (സ) ന്റെ മഹനീയജീവിതത്തിലെ ഓരോ സംഭവവും ലോകത്തിനു ഒരിയ്ക്കലും മറക്കാവുന്നതല്ല. അറേബ്യായും ലോകമാസകലവും അവിടത്തെ ദൌത്യത്തിന്റെ പരിശുദ്ധിയിൽ ആകൃഷ്ടമായി. ഒരു കൈയിൽ ചന്ദ്രനേയും മറ്റെകൈയിൽ സൂര്യനേയും കൊടുത്തിരുന്നാലും തന്റെ കർത്തവ്യത്തിൽനിന്നും അണുവോളം പിന്മാറുകയില്ലെന്നു അബൂതാലിബ് പറഞ്ഞുപോയി. ചരിത്രപ്രസിദ്ധമായ ആ 'പലായന'മദ്ധ്യേ സൗർ ഗുഹയിൽവച്ച് 'നാം രണ്ടുപേരല്ലെയുള്ളൂ' എന്നു് പ്രിയസ്നേഹിതൻ ഭയം പ്രക

ടിപ്പിച്ചപ്പോൾ لَا تَحْزَنْ اِنَّ اللّٰهَ مَعَنَا

“സങ്കടപ്പെടരുത്ു് നിശ്ചയമായും അല്ലാഹു നമ്മുടെക്കൂടെയുണ്ടു്.” എന്നുപറഞ്ഞു സമാധാനപ്പെടുത്തി നബി (സ) സസുഖം മദീനായിൽ എത്തിച്ചേൎന്നു. അൻസാരികളുടേയും സ്വജനങ്ങളുടേയും പരിലാളനയിൽ രാജസുഖം അനുഭവിക്കാതെ ഇസ്‌ലാമിനുവേണ്ടി തീവ്രമായ പരിശ്രമം ചെയ്യുകയും ബദർ, ഉഹദു് മുതലായ വലിയ വലിയ യുദ്ധങ്ങൾ നടത്തി മക്കാപ്പട്ടണം കീഴ്പെടുത്തുകയും ചെയ്തു. അങ്ങനെ ‘കഅ്ബാ’ യിൽ പ്രവേശിച്ചു നിർഭയം ബാങ്കൊലി മുഴക്കുകയും യാഥാൎത്ഥ്യത്തിന്റെ ദിവ്യസന്ദേശം അത്യുച്ചത്തിൽ കേൾപ്പിക്കുകയും ചെയ്തു.

جَاءَ الْحَقُّ وَزَهَقَ الْبَاطِلُ اِنَّ الْبَاطِلَ كَانَ زَهُوقًا

“പരമാൎത്ഥം വന്നുകഴിഞ്ഞു. അസത്യം നശിച്ചുപോയി. നിശ്ചയമായും അസത്യം നശിച്ചുപോകുന്നതുതന്നെയാകുന്നു” അവസാനത്തെ പ്രസംഗത്തിൽ നബി (സ) ഇങ്ങനെ പറഞ്ഞു. “ഞാൻ നിങ്ങളിൽ ഒരു വസ്തു ഉപേക്ഷിച്ചിട്ടു പോവുകയാണു്. നിങ്ങൾ അതിനെ ബലമായി പിടിക്കുകയാണെങ്കിൽ ഒരിയ്ക്കലും പിഴച്ചുപോവുകയില്ല. എന്താണാവസ്തു? അല്ലാഹുവിന്റെ കിതാബു്.” അതെ, അല്ലാഹുവിന്റെ കിതാബിനേയും റസൂൽ (സ) ന്റെ ഉത്തമമായ മാതൃകയേയും അനുസരിച്ചു നാം ജീവിക്കുകയാണെങ്കിൽ നിശ്ചയമായും നാം പിഴച്ചുപോവുകയില്ല, അധഃപതിക്കുകയുമില്ല. അപ്പോൾ ലോകം മുഴുവൻ അതിനെ കൈക്കൊള്ളുകയും ചെയ്യും.


# പുതിയ മലയാള പുസ്തകങ്ങൾ.

1. മുസ്ലിം നമസ്കാരക്രമം (ചിത്രങ്ങളോടുകൂടിയ പരിഷ്കരിച്ച 4-ാം പതിപ്പു്) 150-ൽ പരം പേജുകൾ — വില 10 ണ.
2. ഈമാൻ (ചോദ്യോത്തരം) — ,, 3 ,,
3. ലുക്ക്മാൻ (അ) ന്റെ ന്യൂറു ഉപദേശങ്ങൾ — ,, 4 ,,
4. സൽമാൻ ഫർസി (റ) യുടെ ജീവചരിത്രം — ,, 3 ,,
5. ശൈഖ്മുഹിയിദ്ദീൻ (ഖ) യുടെ ജീവചരിത്രവും ഉപദേശങ്ങളും — ;, 3 ,,
6. ഫലസ്തീൻപ്രശ്നം (ചരിത്രത്തോടുകൂടിയതു്) — ,, 5 ,,

ഒരു രൂപായിൽ കുറഞ്ഞു് വി. പി. അയയ്ക്കുന്നതല്ല.

അച്ചടിയിൽ. കസീദത്തുൽ ബുർദയുടെ തർജ്ജിമ, ഇൽമുന്നിസാ (സ്ത്രീശാസ്ത്രം)

എ. മുഹമ്മദുസാഹിബു് & കമ്പനി
ശാസ്തമംഗലം, തിരുവനന്തപുരം.

# പുരോഗമനവീഥി

## സക്കാത്ത് എന്തിനെല്ലാം കൊടുക്കണം? ആരൊക്കെയാണ് അതിനർഹർ?

ധനാഢ്യന്മാരെ! ധനത്തെ ഇഷ്ടാനുസരണം ഏതു പന്ഥാവിലൂടെയും ചിലവഴിക്കുന്നതിനോ, സ്വന്തം സൗഭാഗ്യജീവിതം നയിച്ചു സാധുക്കളെ വിസ്മരിച്ചുകളയുന്നതിനോ പരിശുദ്ധഇസ്ലാംമതം ഒരിക്കലും അനുവദിക്കുന്നില്ല. ധനം സമ്പാദിക്കുവാൻ ധനവാന് അല്ലാഹു ചില വ്യവസ്ഥിതമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുത്തിട്ടുള്ളതുപോലെതന്നെ അതു ചിലവഴിക്കുവാനും ചില മാർഗ്ഗങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അതിലൊന്നാണ് പരിശുദ്ധ സക്കാത്ത്; അഥവാ നിർബന്ധദാനം. സക്കാത്തുകൊണ്ടു സമുദായത്തിനു പൊതുവായും വ്യക്തികൾ പ്രത്യേകമായും എത്രയോ നന്മകൾ സിദ്ധിക്കുന്നുണ്ട്.

സക്കാത്തുകൊടുക്കുന്നതുകൊണ്ടു തങ്ങളുടെ ധനം കുറഞ്ഞുപോകുമെന്നു വല്ല ധനികന്മാരും ധരിക്കുന്നുണ്ടെങ്കിൽ അതു കേവലം ഒരബദ്ധധാരണയാണെന്നു ഞാൻ അവരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ സക്കാത്തു എന്ന അറബിപദത്തിന്റെ ധാത്വർത്ഥംതന്നെ അഭിവൃദ്ധി പ്രാപിക്കുക, അല്ലെങ്കിൽ ശുദ്ധീകരിക്കുക എന്നാകുന്നു. അതിനാൽ സക്കാത്തുകൊടുക്കുന്ന ഒരു കുബേരന്റെ ധനം തന്റെ ദാനം കാരണമായി അഭിവൃദ്ധിപ്രാപിക്കയും ബാക്കിയുള്ള ധനം പരിശുദ്ധമായിത്തീരുകയും ചെയ്യുന്നതല്ലാതെ അതൊരിക്കലും കുറഞ്ഞുപോകുന്നതല്ല. നബിവാക്യങ്ങൾതന്നെ നോക്കുക. "സക്കാത്തുകൊടുത്തതിനാൽ ആരുടെയും സമ്പത്തു കുറഞ്ഞുപോയിട്ടില്ല" "സക്കാത്തു വിരോധിച്ചതുകൊണ്ടല്ലാതെ കരയിലോ കടലിലോ ധനം നശിച്ചുപോയിട്ടുമില്ല."

ഏതെല്ലാം സാധനങ്ങൾക്കുവേണ്ടിയാണ് സക്കാത്തു കൊടുക്കേണ്ടതു്. നാണയങ്ങളിൽ സ്വർണ്ണത്തിനും വെള്ളിക്കും പഴവർഗ്ഗങ്ങളിൽ കാരയ്ക്കാ, മുന്തിരിങ്ങാ മുതലായ ഫലങ്ങൾക്കും നെല്ലു, ഗോതമ്പു മുതലായ ധാന്യങ്ങൾക്കും ആട്, പശു, ഒട്ടകങ്ങൾ മുതലായ ജന്തുക്കൾക്കും സക്കാത്തു നിർബന്ധമാണ്. 236½ പണത്തൂക്കം സ്വർണ്ണവും 52 രൂപാത്തൂക്കം വെള്ളിയും ഒരാളുടെ കൈവശം ഒരു പൂർണ്ണസംവത്സരം ഉണ്ടാകുന്നപക്ഷം അതിന്റെ 40-ൽ ഒരു ഭാഗം സക്കാത്തുകൊടുക്കേണ്ടതാണ്. കച്ചവടത്തിലും ഇപ്രകാരംതന്നെ. ഖനികളിൽനിന്നോ നിധികളിൽനിന്നോ കിട്ടുന്ന സ്വർണ്ണത്തിനും വെള്ളിക്കും അതിന്റെ അഞ്ചിൽ ഒരുഭാഗം ദാനം ചെയ്യേണ്ടതാണ്.

ആരെല്ലാമാണു സക്കാത്തിനു അർഹർ എന്നു വിശുദ്ധഖുർആൻ വ്യക്തമായി നിർദ്ദേശിച്ചുതന്നിട്ടുണ്ട്. 1. ദരിദ്രർ (കാലക്ഷേപത്തിനു തീരെ ഗതിയില്ലാതെ കഷ്ടത അനുഭവിക്കുന്നവർ) 2. സാധുക്കൾ (ചിലവിനു മതിയായ വരവില്ലാതെ ബുദ്ധിമുട്ടുന്നവർ) 3. സക്കാത്തുഫണ്ടു ശേഖരിച്ചു അം

വകാശികൾക്ക ഭാഗിച്ചുകൊടുക്കുന്നവർ. 4. സത്യത്തിലേക്ക മനസ്സ് തിരിഞ്ഞവർ (പുതുമുസ്ലിംകൾ) 5. പ്രതിഫലം കൊടുത്തു സ്വാതന്ത്ര്യം പ്രാപിക്കുന്നതിന്ന യജമാനന്മാരുടെ അനുമതി ലഭിച്ചിട്ടുള്ള അടിമകൾ 6. കടം വീട്ടുവാൻ നിവൃത്തിയില്ലാതെ ക്ലേശിക്കുന്നവർ. 7. ദൈവമാർഗ്ഗത്തിലുള്ള പ്രവർത്തനങ്ങൾ 8. യാത്രക്കാർ.

ആദ്യം പറഞ്ഞ രണ്ടുകൂട്ടർ ഏതു പ്രദേശത്തും ധാരാളം ഉണ്ടായിരിക്കുന്നതാണ്. മൂന്നാമത്തെ സക്കാത്തുപിരിവുകാർ കേരളത്തിൽ എങ്ങുംതന്നെ ഉള്ളതായി അറിയുന്നില്ല. ഈ കൃത്യം നിർവ്വഹിക്കുന്നതിനായി ഒരോ സംഘം രൂപീകരിച്ചു സക്കാത്തു പിരിച്ചെടുത്തു അർഹന്മാൎക്ക ഭാഗിച്ചുകൊടുക്കുന്നതു മതത്തിനും സമുദായത്തിനുമുള്ള ഒരു മഹത്തായ സേവനമായിത്തീരുന്നതാണ്. ഇതിന്ന വേണ്ടിവരുന്ന ചിലവു സക്കാത്തുഫണ്ടിൽനിന്നും തന്നെ എടുക്കാവുന്നതാണല്ലോ. നാലാമത്തെ തരക്കാരായ പുതുമുസ്ലിംകൾ നമ്മുടെ നാട്ടിൽ ധാരാളമായി ഇപ്പോഴുമുണ്ട്. ഇവരെയാണ യാചകന്മാരുടെ കൂട്ടത്തിൽ കൂടുതലായി കാണുന്നത്. ഇവൎക്ക സക്കാത്തിന്റെ ഒരംശം കൊടുത്തിരുന്നുവെങ്കിൽ ഇവർ സമുദായത്തിന്ന ആകമാനം അപമാനകരമായ ഈ പ്രവൃത്തിയിൽ ഏൎപ്പെടുകയില്ലായിരുന്നു. അഞ്ചാമത്തെ ഇനത്തിൽ പെട്ടവർ നമ്മുടെ നാട്ടിലില്ലാത്തതുകൊണ്ടു അവരുടെ അംശം മററിനങ്ങളിലേക്ക തിരിക്കേണ്ടതാണ്.

ആറാമത്തെ വിഭാഗത്തിലുള്ള കടക്കാർ നമ്മുടെയിടയിൽ ഒട്ടുവളരെയുണ്ട്. ദിനംപ്രതി വൎദ്ധിച്ചുവരുന്നുമുണ്ട്. കച്ചവടത്തിൽ പെട്ടെന്നു പൊളിയുന്ന എത്ര ആളുകളാണ് നാട്ടിൽ നില്ക്കുവാൻ കഴിയാതെ കപ്പൽ കയറേണ്ടിവരുന്നത്. ഇത്തരക്കാൎക്ക സക്കാത്തിന്റെ ഒരംശം കൊടുത്തു ഇവരെ കടത്തിൽനിന്നും രക്ഷിക്കേണ്ടതാണ്. ഏഴാമത്തെ ഇനമായ ദൈവമാർഗ്ഗമെന്നതിൽ വിദ്യാഭ്യാസം, ജലസജ്ജീകരണം, അനാഥസംരക്ഷണം, പള്ളിനിൎമ്മാണം തുടങ്ങിയുള്ളവ ഉൾപ്പെടുമെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളിൽ പല മഹാന്മാരും അഭിപ്രായപ്പെടുന്നതു്. മതാഭിവൃദ്ധിക്കുവേണ്ടി പോരാടുന്ന യോദ്ധാക്കൾ മാത്രമേ ഈ ഇനത്തിൽ പെടുന്നുള്ളുവെന്നു ചുരുക്കം ചിലർ പറയാതിരുന്നിട്ടില്ല. 'ഫീസബീലില്ലാഹി' എന്ന വ്യാപകമായ ഖുർആൻ വചനത്തെ കുടുസ്സാക്കേണ്ട ആവശ്യമില്ല. എട്ടാമത്തെ ഇനത്തിൽ ഹജ്ജ് യാത്രയ്ക്കുപോകുന്നവരും വിദ്യാഭ്യാസാൎത്ഥം വിദേശത്തേക്ക പോകുന്നവരും ലോകസഞ്ചാരികൾ തന്നെയും ഉൾപ്പെടുന്നതാണ്.

ജനാബ് ടി. കെ. മുഹമ്മദ് മൗലവി.

# റംസാൻ സൌജന്യം

റംസാൻ ഒന്നുമുതൽ മുപ്പതുവരെ ഞങ്ങളുടെ ഡിപ്പോവിലുള്ള പുസ്തകങ്ങൾ റംസാൻ സൌജന്യം എന്ന നിലയിൽ പോസ്റ്റേജ്ഫ്രീയായി അയയ്ക്കുന്നതാണെന്നുള്ള വിവരം ഞങ്ങളുടെ ബന്ധുക്കളെ അറിയിച്ചുകൊള്ളുന്നു.

മാനേജർ.

# ഖുർആൻ പരിഭാഷ.

## ഗുഹ
## الكهف

32. രണ്ടാളുകളെക്കുറിച്ചുള്ള ഒരു ഉപമ നീ അവരെ പറഞ്ഞുകേൾപ്പിക്കുക. അവരിൽ ഒരാൾക്ക് നാം രണ്ടു മുന്തിരിത്തോട്ടങ്ങൾ നല്കി. അവയെ നാം ഈന്തപ്പനമരങ്ങളാൽ വലയംചെയ്തു. അവ രണ്ടിന്റെയും മദ്ധ്യത്തായി നാം പാടങ്ങളെ ഉണ്ടാക്കി.

وَاضْرِبْ لَهُمْ مَثَلًا رَجُلَيْنِ جَعَلْنَا لِأَحَدِ
هِمَا جَنَّتَيْنِ مِنْ أَعْنَابٍ وَحَفَفْنَاهُمَا بِنَخْلٍ
وَجَعَلْنَا بَيْنَهُمَا زَرْعًا ❁

33. ആ രണ്ടുതോട്ടങ്ങളും അവയുടെ ഫലങ്ങൾ പ്രദാനംചെയ്തു. അക്കാര്യത്തിൽ അല്പംപോലും കുറവുണ്ടായില്ല. അവയുടെ നടുവിലായി നാം ഒരു നദിയെ ഒഴുക്കി.

كِلْتَا الْجَنَّتَيْنِ آتَتْ أُكُلَهَا وَلَمْ تَظْلِمْ مِنْهُ
شَيْئًا وَفَجَّرْنَا خِلَالَهُمَا نَهَرًا ❁

34. (ധാരാളം) ഫലങ്ങൾ അവനുണ്ടായിരുന്നു. പരസ്പരമുള്ള വാദപ്രതിവാദത്തിനിടയിൽ അവൻ തന്റെ കൂട്ടുകാരനോടു പറഞ്ഞു: "സ്വത്തിൽ നിന്നേക്കാൾമികച്ചവൻ ഞാൻ ആകുന്നു. ജനങ്ങളുടെ ഇടയിൽ (ഉള്ളസ്വാധീനശക്തിയിൽ) അന്തസ്സും അധികാരവും കൂടുതലുള്ളതും എനിക്കാണ്.

وَكَانَ لَهُ ثَمَرٌ فَقَالَ لِصَاحِبِهِ وَهُوَ
يُحَاوِرُهُ أَنَا أَكْثَرُ مِنْكَ مَالًا وَأَعَزُّ نَفَرًا ❁

35. അവൻ ആത്മവഞ്ചകനായി അവന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: "ഇതു എപ്പോഴെങ്കിലും നശിക്കുമെന്നു ഞാൻ കരുതുന്നില്ല."

وَدَخَلَ جَنَّتَهُ وَهُوَ ظَالِمٌ لِنَفْسِهِ قَالَ مَا
أَظُنُّ أَنْ تَبِيدَ هَذِهِ أَبَدًا ❁

36. ആ സമയം (അന്ത്യദിവസം) ആഗതമാകുമെന്നും ഞാൻ കരുതുന്നില്ല. എന്റെ നാഥനിലേക്ക് ഞാൻ മടക്കപ്പെട്ടുവെങ്കിൽ തന്നെയും മടങ്ങി എത്തുന്ന സ്ഥാനത്ത് നിശ്ചയമായും അതിനെക്കാൾ ഉത്തമമായതിനെ ഞാൻ കാണും.

وَمَا أَظُنُّ السَّاعَةَ قَائِمَةً وَلَئِنْ رُدِدْتُ
إِلَى رَبِّي لَأَجِدَنَّ خَيْرًا مِنْهَا مُنْقَلَبًا ❁

37. അവനുമായുള്ള വാദപ്രതിവാദത്തിനിടയിൽ അവന്റെ കൂട്ടുകാരൻ അവനോടു പറഞ്ഞു: "മണ്ണിൽനിന്നും പിന്നീടു ഒരു രേതുഃബിന്ദുവിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും അനന്തരം നിന്നെ പരിപൂർണ്ണമനുഷ്യനാക്കിരൂപപ്പെടുത്തുകയും ചെയ്തവനെ നീ നിഷേധിക്കുന്നുവോ?

قَالَ لَهُ صَاحِبُهُ وَهُوَ يُحَاوِرُهُ أَكَفَرْتَ
بِالَّذِي خَلَقَكَ مِنْ تُرَابٍ ثُمَّ مِنْ نُطْفَةٍ ثُمَّ
سَوَّاكَ رَجُلًا ❁

لٰكِنَّا هُوَ اللّٰهُ رَبِّي وَلَا أُشْرِكُ بِرَبِّي
أَحَدًا ❁

38. “എന്നാൽ എന്നെസംബന്ധിച്ചിടത്തോളം, അവൻ–അല്ലാഹുവാകുന്നു എന്റെ നാഥൻ. എന്റെ നാഥനോട് മറ്റാരേയും ഞാൻ പങ്കു ചേർക്കുകയില്ല.

وَلَوْلَا إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَاءَ اللّٰهُ
لَا قُوَّةَ إِلَّا بِاللّٰهِ إِنْ تَرَنِ أَنَا أَقَلَّ مِنْكَ مَالًا
وَوَلَدًا ❁

39. “അല്ലാഹുവിന്റെ അഭീഷ്ടം! അല്ലാഹുവിലല്ലാതെ മറ്റാരിലും ശക്തിയില്ല” എന്ന് നിന്റെ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നീ എന്തുകൊണ്ട് പറഞ്ഞില്ല? സമ്പത്തിലും സന്താനങ്ങളിലും നിന്നെക്കാൾ താഴ്ന്നവനായി എന്നെ നീ കാണുന്നുവെങ്കിൽ,

فَعَسَىٰ رَبِّي أَنْ يُؤْتِيَنِ خَيْرًا مِنْ جَنَّتِكَ وَ
يُرْسِلَ عَلَيْهَا حُسْبَانًا مِنَ السَّمَاءِ فَتُصْبِحَ
صَعِيدًا زَلَقًا ❁

40. “നിന്റെ തോട്ടത്തെക്കാൾ ഉത്തമമായത് എന്റെ നാഥൻ എനിക്കു നൽകിയേക്കും. നിന്റെ തോട്ടത്തിൽ ആകാശത്തു നിന്ന് ഉഗ്രമായ ശിക്ഷയെ അയച്ച് അതിനെ തരിശുഭൂമിയാക്കിക്കളയും.

أَوْ يُصْبِحَ مَاؤُهَا غَوْرًا فَلَنْ تَسْتَطِيعَ لَهُ
طَلَبًا ❁

41. “അല്ലെങ്കിൽ തോട്ടത്തിലെ വെള്ളം നീ അന്വേഷിച്ചാൽ ഒരിക്കലും കാണുവാൻ കഴിയാത്തവിധം ഭൂമിയുടെ അടിയിൽ താഴ്ന്നു പോകും.”

وَأُحِيطَ بِثَمَرِهِ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَا
أَنْفَقَ فِيهَا وَهِيَ خَاوِيَةٌ عَلَىٰ عُرُوشِهَا وَيَقُولُ
يَا لَيْتَنِي لَمْ أُشْرِكْ بِرَبِّي أَحَدًا ❁

42. അവന്റെ ഫലങ്ങൾ (സമ്പത്ത്) നശിപ്പിക്കപ്പെട്ടു. നശിച്ചു നാമാവശേഷമായവയ്ക്കുവേണ്ടി വ്യയംചെയ്തതിനെക്കുറിച്ചു അവൻ കൈമലർത്തുന്നു (പശ്ചാത്തപിക്കുന്നു) അവൻ പറഞ്ഞു: “ഹാ ഞാൻ! എന്റെ നാഥനോടു ഞാൻ ആരേയും പങ്കുചേർക്കാതെയിരുന്നുവെങ്കിൽ.

وَلَمْ تَكُنْ لَهُ فِئَةٌ يَنْصُرُونَهُ مِنْ دُونِ اللّٰهِ
وَمَا كَانَ مُنْتَصِرًا ❁

43. അവനെ സഹായിക്കുവാൻ അല്ലാഹുവല്ലാതെ അവനു യാതൊരു കൂട്ടരുമില്ലായിരുന്നു. സ്വയം സംരക്ഷിക്കുവാനും അവനു കഴിഞ്ഞില്ല.

هُنَالِكَ الْوَلَايَةُ لِلّٰهِ الْحَقِّ هُوَ خَيْرٌ ثَوَابًا وَ
خَيْرٌ عُقْبًا ❁

44. അവിടെ സത്യസ്വരൂപനായ അല്ലാഹുവിന്റെ സംരക്ഷണം എത്തുന്നു. പ്രതിഫലം നല്കുവാനും വിജയം നല്കുവാനും ഏറ്റവും കഴിവുള്ളവൻ അവനാകുന്നു.

# ഹദീസ് ഷരീഫ്

(١) مِنْ جرير بن عبد الله - اذا اتاكم المصدق فليصدر عنكم وهو عنكم راض — مسلم

'സക്കാത്ത്' മുതൽ പിരിക്കുന്നയാൾ നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങളെക്കുറിച്ചു തൃപ്തി തോന്നുന്ന നിലയിൽ ആയാൾ നിങ്ങളുടെ അടുക്കൽനിന്നു പോകട്ടെ. മു.

(٢) عن ابي هريرة = السخي قريب من الله قريب من الجنة قريب من الناس بعيد من النار والبخيل بعيد من الله بعيد من الجنة بعيد من الناس قريب من النار ولجاهل سخي احب الى الله من عابد بخيل — ترمذي

ഉദാരൻ അല്ലാഹുവിനോടു അടുത്തവനും സ്വർഗ്ഗത്തോടു അടുത്തവനും ജനങ്ങളോടു അടുത്തവനും നരകത്തിൽനിന്നു അകന്നവനുമാകുന്നു; ലുബ്ധൻ അല്ലാഹുവിൽനിന്നു അകന്നവനും സ്വർഗ്ഗത്തിൽനിന്നു അകന്നവനും ജനങ്ങളിൽനിന്നു അകന്നവനും നരകത്തോടു അടുത്തവനും ആകുന്നു. ലുബ്ധനായ ഭക്തനേക്കാൾ മൂഢനായ ഉദാരനാകുന്നു അല്ലാഹുവിനു അധികം പ്രിയമുള്ളവൻ. തി.

(٣) من ابي سعيد - لان يتصدق المرء في حياته بدرهم خير له من ان يتصدق بمائة عند موته — ابوداود

ഒരുവൻ തന്റെ ജീവിതത്തിൽ ഒരു 'ദിർഹം' ധർമ്മം ചെയ്യുന്നതു് അവൻ അവന്റെ മരണസമയത്തു നൂറു 'ദിർഹം' ധർമ്മം ചെയ്യുന്നതിനേക്കാൾ നല്ലതാകുന്നു. ദാ.

(٤) عن ابن عباس - الا اخبركم بشر الناس منزلا قيل نعم قال الذي يسأل بالله ولا يعطي به — احمد

ജനങ്ങളിൽവെച്ചു ഏററവും താഴ്ന്നവൻ ആരാണു് എന്നു ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ? എന്നു അവിടുന്നു ചോദിച്ചു. അതിനു 'അതെ' എന്നു മറുപടി പറയപ്പെട്ടപ്പോൾ, 'അല്ലാഹുവിനെ വിചാരിച്ചു് വല്ലതും ധർമ്മം ചെയ്യണം' എന്നു യാചിക്കപ്പെടുകയും അതിനു ഒന്നും കൊടുക്കാതിരിക്കയും ചെയ്യുന്നവനാണു് എന്നു അവിടുന്നു പറകയുണ്ടായി. അ.

(٥) عن ابي هريرة - ما نقصت صدقة من مال — مسلم

ഒരു ദാനവും ധനത്തിനു കുറവു വരുത്തിയിട്ടില്ല. മു.

# പ്രതിമാസചിന്തകൾ.

## സ്വാഗതം.

പരിശുദ്ധമായ റംസാൻമാസത്തെ ഞങ്ങൾ സഹർഷം സ്വാഗതംചെയ്യുന്നു.

ഭൂലോകത്തിലെ ഏറ്റവും മഹത്തായ പൊതുജന പ്രസ്ഥാനമാണ് വ്രതാനുഷ്ഠാനം. റംസാൻമാസത്തിലെ പിറവിചന്ദ്രൻ കനകപ്രഭ ചൊരിഞ്ഞുകൊണ്ട് അംബരത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ എന്തെന്തു ഉത്സാഹപ്രകർഷമാണ് മുസ്‌ലിം ഹൃദയത്തിൽ അങ്കുരിക്കുന്നത്. അടുത്തദിവസം പ്രഭാതംമുതൽ പ്രദോഷംവരെ മുസൽമാന്മാരാകമാനം വ്രതമനുഷ്ഠിക്കുന്നു. ആ പരിശുദ്ധമാസത്തിന്റെ അന്ത്യംവരെ അവർ അതു തുടരുന്നു. അതെ, എമ്പതുകോടി ആളുകളെ ഒരേ ഒരു പ്രവർത്തനമണ്ഡലത്തിൽ നിരത്തി നിറുത്തുവാനുള്ള കഴിവു ഇസ്‌ലാമിനുണ്ട്. വ്രതാനുഷ്ഠാനമെന്ന പാവനപരിപാടിയിലൂടെ ഈ കഴിവു പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നു. ഇത്ര വമ്പിച്ച, ഇത്ര വ്യാപകമായ, ഇത്ര അച്ചടക്കമുള്ള ഒരു പൊതുജന പ്രസ്ഥാനം ലോകത്തു വേറെ ഇല്ലെന്നുള്ളതു തീർച്ചയാണ്.

അല്ലാഹു നമുക്കു നിർബന്ധമാക്കിയിരിക്കുന്ന ഒരു കർത്തവ്യമാണ് വ്രതാനുഷ്ഠാനം. ശാരീരികമായിമാത്രമല്ല സാമൂഹ്യമായും ആത്മീയമായും അതിനുള്ള മേന്മ വളരെ വമ്പിച്ചതാണ്. ഈ ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യശാസ്ത്രജ്ഞനോ സാമുദായിക പരിഷ്കർത്താവിനോ ആദ്ധ്യാത്മിക ചിന്തകനോ ഇസ്‌ലാംമതത്തിലെ വ്രതാനുഷ്ഠാനത്തിന്റെ മാററു കുറക്കുവാൻ സാധിച്ചിട്ടില്ല; ഇനി ഒട്ടു സാധിക്കുകയുമില്ല. അവരെല്ലാം തന്നെ അതിന്റെ മാഹാത്മ്യത്തെ ഉൽഘോഷിക്കുകയാണു ചെയ്യുന്നത്. യുക്തിക്കും പ്രായോഗികതക്കും യോജിക്കാത്ത ഒരു വാക്കുപോലും ഇസ്ലാമിലില്ലെന്നുള്ളതിന് എത്രയോ തെളിവുകളാണുള്ളത്. അതിൽ പ്രധാനമായ ഒന്നാണ് വ്രതാനുഷ്ഠാനം.

ഈ അവസരത്തിൽ മുസൽമാന്മാരോടായി ഞങ്ങൾക്കൊരു വാക്കു പറയുവാനുണ്ട്. സമാധാനത്തിനായി ഇസ്‌ലാമിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന ലോകം ഇസ്‌ലാംമതത്തിന്റെ ഗുണഗണങ്ങളെപ്പററി നല്ലതുപോലെ പഠിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ സിദ്ധാന്തമേന്മയെക്കുറിച്ചു പ്രസംഗിച്ചു വിടുവാനും എഴുതിത്തള്ളുവാനും മുസ്ലിം സഹോദരന്മാരും അമാന്തം കാണിച്ചിട്ടില്ല. ഇന്നു അനുനിമിഷം പെരുകിമറിയുന്ന പ്രസംഗവേദികളും പത്രപംക്തികളും ഈ പരമാർത്ഥത്തെ തെളിയിക്കുവാൻ വേണ്ടുവോളം സഹായിക്കുന്നുണ്ട്. എന്നാൽ അവയെല്ലാം അന്തരീക്ഷത്തിൽ വിലയംപ്രാപിച്ചു ഉപയോഗരഹിതമായിത്തീരുകയാണു ചെയ്യുന്നത്. ആ പ്രചരണത്തിന്റെ പിന്നിൽ പ്രവൃത്തിക്കുവാനുള്ള സന്നദ്ധത ഇല്ലന്നുള്ളതാണ് ഇതിനുകാരണം. നമസ്കാരത്തിന്റെ മഹത്വത്തെപ്പററി–വ്രതാനുഷ്ഠാനത്തിന്റെ വൈശിഷ്ട്യത്തെപ്പററി എത്രഎത്ര പ്രൗഢമായ പ്രസ്താവനകളാണു നമ്മുടെ കാതിൽ മുഴങ്ങുന്നത്, ഹൃദയത്തിൽ ഓളം വെട്ടുന്നത്. ആ പ്രസംഗക്കാരൻ നമസ്കരിക്കുന്നതായിട്ടോ ആ തൂലികക്കാരൻ വ്രതമനുഷ്ഠിക്കുന്നതായിട്ടോ നാം കാണുന്നില്ല. അവന്റെ പ്രസംഗധോരണി ഉപയോഗരഹിതമാണ്. അവന്റെ തൂലികാവിലാസം പ്രയോജനശൂന്യമാണ്. മുസ്‌ലിം സഹോദരന്മാരോടും, സഹോദരിമാരോടും ഞങ്ങൾക്കു

പറയുവാനുള്ളതു്, അവർ പ്രസംഗിക്കുന്ന തോടൊപ്പം പ്രവത്തിക്കുകയും ചെയ്യണമെന്നാണു്. നമസ്കാരത്തെപ്പററി പ്രസംഗിക്കുന്നവൻ നിർബന്ധമായും നമസ്കരിക്കണം. വ്രതാനുഷ്ഠാനത്തെപ്പററി പ്രസംഗിക്കുന്നവൻ നിർബന്ധമായും വ്രതമനുഷ്ഠിക്കണം.

റംസാനെ സ്വാഗതം ചെയ്യുന്നതോടുകൂടി മുസൽമാന്മാക്കാകമാനം ഐശ്വയ്യപൂണ്ണമായ റംസാൻ നേരുകയും ചെയ്തുകൊള്ളുന്നു.

* * *

ഇടവാ മുസ്ലിം ഇംഗ്ലീഷ് ഹൈസ്കൂൾ.

ഇടവാ മുസ്ലിംഇംഗ്ലീഷ്മിഡിൽസ്കൂൾ ഹൈസ്കൂളായി ഉയത്തുവാനനുവദിച്ചിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. തിരുവിതാംകൂറിൽ മുസ്ലിംകളുടെ വകയായുള്ള ഏക ഇംഗ്ലീഷ്മിഡിൽസ്കൂളാണിതു്. ഇക്കൊല്ലം ഹൈസ്കൂളാകുന്നതോടുകൂടി ഇതായിരിക്കും തിരുവിതാംകൂറിലെ ആദ്യത്തെ മുസ്‌ലിംമാനേജ്മെൻറു ഹൈസ്കൂൾ.

തിരുവിതാംകൂറിലെ അഞ്ചുലക്ഷം മുസ്ലിംകൾക്കായി ഇതിനു മുമ്പുണ്ടായിരുന്നതു് ആലപ്പുഴ മുഹമ്മദൻഹൈസ്കൂൾ മാത്രമാണു്. അതിൻെറ നടത്തിപ്പിൽ ഗവണ്മെൻറു കാണിക്കുന്ന ഔദാര്യം മുസ്‌ലിംകൾ ആത്മാത്ഥമായി വിനിയോഗിക്കുന്നില്ലെന്നുള്ള ഒരു പരാതിയുണ്ടു്. മുഹമ്മദൻസ്കൂളിൽ ഒരു ഡസനോളം കുട്ടികൾമാത്രമെ സ്കൂൾ ഫൈനൽ ക്ലാസിൽ പഠിക്കുന്നുള്ളു എന്നതു പരിതാപകരമാണു്. ഇന്നു തിരുവിതാംകൂറിൽ മുസ്‌ലിംവിദ്യാത്ഥികൾ വളരെ കുറവല്ലെന്നു വേണം പറയുവാൻ. എന്നിരുന്നിട്ടും ആലപ്പുഴ ഹൈസ്ക്കൂളിലെ കുട്ടികളുടെ സ്ഥിതി ദയനീയംതന്നെ. അവിടെയുള്ള മുസ്‌ലിം പ്രഭുക്കന്മാരുടെ ഓമന സന്താനങ്ങൾ പലരും മററു സ്ക്കൂളുകളിലാണു പഠിക്കുന്നതെന്നുള്ളതും പരമാത്ഥമാണു്. മുഹമ്മദൻസ്ക്കൂളിൽ പഠിക്കുന്നതു് അന്തസ്സിനു കുറവാണെന്ന വ്യാമോഹംകൊണ്ടോ അവിടത്തെ അധ്യയനരീതിക്കുള്ള വൈകല്യം കൊണ്ടോ ആയിരിക്കണം ഈ ദാരുണമായ നില അവിടെസംജാതമായിരിക്കുന്നതു്. ഏതായാലും പ്രതികൂലമായ എല്ലാ പരിതസ്ഥിതികളേയും മാററി മുഹമ്മദൻസ്ക്കൂളിൻെറ നടത്തിപ്പു ഐശ്വര്യപൂണ്ണമാക്കുവാനുള്ള കടമ കൂട്ടുതലായുള്ളതു് മുസ്‌ലിംരക്ഷകത്താക്കൾക്കും വിദ്യാത്ഥികൾക്കുമാണെന്നാണു് ഞങ്ങളുടെ അഭിപ്രായം.

ഇടവാ മുസ്‌ലിംഹൈസ്കൂളാണെങ്കിൽ പ്രൈവററുമാനേജ്മെൻറിൽ നടക്കുവാൻ പോകുകയാണു്. ഒരു സ്കൂളിൻെറ അന്തസ്സു് പ്രധാനമായും സ്ഥിതിചെയ്യുന്നതു് അതിലെ അധ്യാപകന്മാരുടെ ഗുണവിശേഷങ്ങളിലാണു്. അവർ സാന്മാഗ്ഗികമായി ഔന്നത്യമുള്ളവരായിരിക്കണം; മാതൃകാവ്യക്തികളായിരിക്കണം. രക്ഷകത്താക്കൾക്കും വിദ്യാത്ഥികൾക്കും സ്കൂളിനോടുള്ള മമത വദ്ധിപ്പിക്കുവാനുള്ള ഒരേ ഒരു മാഗ്ഗം ഉത്തമന്മാരായ അധ്യാപകന്മാരെ നിയമിക്കുക എന്നതാണു്. ഇക്കായ്യത്തിൽ മാനേജരവർകളുടെ സത്വരമായ ശ്രദ്ധ പതിയുമെന്നു ഞങ്ങൾക്കു ബലമായ വിശ്വാസമുണ്ടു്.

വളരെ വളരെ പ്രതീക്ഷകളോടുകൂടിയായിരിക്കും മുസ്‌ലിംകുട്ടികൾ പ്രസ്തുത സ്കൂളിലേക്കു വരുന്നതു്. ഇസ്‌ലാമികമായ ഒരന്തരീക്ഷത്തിൽ മുസ്‌ലിംവിദ്യാത്ഥികളെ വളത്തുവാൻ സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. തിരുവിതാംകൂറിലെ ആദ്യത്തെ മുസ്‌ലിംഹൈസ്ക്കൂൾ ഈ വിഷയത്തിൽ എന്തെങ്കിലും അമാന്തം കാണിച്ചാൽ മുസ്‌ലിം വിദ്യാഭ്യാസത്തിൻെറ ഭാവിക്കു ഒരു വലിയ കളങ്കമായിരിക്കും അതു്.

ഏതായാലും ഇരുപതുവഷത്തോളം പഴക്കമുള്ള മിഡിൽസ്ക്കൂളിനു് ഹൈസ്കൂ

ളാകാനുള്ള ഭാഗ്യം ലഭിച്ചിരിക്കുകയാണു്. വളരെക്കാലത്തിനുമുമ്പു പലക്കും ഉണ്ടായിരുന്ന ഒരാഗ്രഹം വളരെ വൈകിയിട്ടാണെങ്കിലും ഇപ്പോൾ സഫലമായിരിക്കുന്നു. സമത്ഥനായ മാനേജർ ജനാബു് എൻ. എ. യൂസഫ് അവർകളുടെ അക്ഷീണയത്നത്തിന്റെ ഫലമായിട്ടാണു് ഈ നേട്ടം ഇപ്പോൾ ഉണ്ടായിരിക്കുന്നതു്. മുസ്ലിംകേരളത്തിനു മുഴുവനും അഭിമാനം കൊള്ളാവുന്ന ഒരു കാൎയ്യമാണിതു്. മാനേജർ അവർകളെ ഞങ്ങൾ മുക്തകണ്ഠം അനുമോദിക്കുകയും മുസ്ലിംകളോടു പ്രദശിപ്പിച്ച ഈ സൌഹാർദ്ദമനോഭാവത്തിനു ഗവണ്മെന്റിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. സ്ക്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി കഴിവുള്ള എല്ലാ സേവനങ്ങളും അപ്പിക്കുവാൻ എല്ലാ രക്ഷകത്താക്കളോടും വിദ്യാത്ഥികളോടും ഞങ്ങൾ അഭ്യത്ഥിച്ചുകൊള്ളുന്നു.

* * *

### മഞ്ചേരിയിലെ അറബികോളേജ്

'റൌസത്തുൽഉലൂം' എന്ന പേരിൽ ഒരു അറബികോളേജ് മഞ്ചേരിയിൽ സ്ഥാപിച്ചിട്ടു ഇപ്പോൾ നാലുവഷം കഴിഞ്ഞിരിക്കുന്നു. ഇസ്ലാമികസംസ്കാരം അഭ്യസിപ്പിക്കുവാനും അതിനനുയോജ്യമായ ആധുനികവിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുമായി പണ്ഡിതനായ മൌലാനാ അബുസ്സബാഹ് അഹ്മദലിസാഹിബ് എം. എ. (അൽഅസ്ഹർ) അവർകളാൽ സ്ഥാപിതമായതാണു് പ്രസ്തുത കോളേജ്. മദ്രാസ് സവ്വകലാശാലയുടെ അംഗീകാരം കോളേജിനു ലഭിച്ചിട്ടുണ്ടു്.

മൌലാനാ അബുസ്സബാഹ് മൌലവിയും, കോളേജിനുവേണ്ടി ലോഭമെന്യേ സംഭാവനകൾ നൽകിയ മാന്യന്മാരും മുസ്ലിംകളുടെ അഭിനന്ദനം അർഹിക്കുന്നുണ്ടു്. ആത്മീയ ചിന്തയെ തട്ടിയെറിഞ്ഞുകൊണ്ടു് ഭൗതികഭോഗങ്ങളിൽ ആത്തുമദിക്കുന്ന ഇന്നത്തെ ലോകത്തിനു ഒരു രക്ഷാമാഗ്ഗമാണു് അറബികോളേജ്മുഖേന തുറന്നുവയ്ക്കപ്പെട്ടിരിക്കുന്നതു്. അതിന്റെ പ്രവത്തകന്മാർ നമ്മുടെ ഭാരിച്ച മടിശ്ശീലകളിലേക്കു എത്തിനോക്കുന്നില്ല. പ്രത്യുത സത്യാന്വേഷികളായ സംസ്കാരപ്രിയന്മാരെ ആരായുകയാണു് ചെയ്യുന്നതു്. ഇസ്ലാമികസംസ്കാരത്തിന്റെ ആ വിതരണകേന്ദ്രത്തിലേക്കു മുസ്ലിം വിദ്യാത്ഥികളെ ഉത്സാഹപൂവ്വം നയിക്കണമെന്നു മുസ്ലിംരക്ഷകത്താക്കന്മാരോടു ഞങ്ങൾ അഭ്യത്ഥിക്കുകയും മൌലവിസാഹിബിനെയും മററു പ്രവത്തകന്മാരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.


# സ്ത്രീഹൃദയം (ഇടവാ ജമാൽ എം. എ.)

സ്ത്രീഹൃദയപഠനത്തിനു മാഗ്ഗദശകങ്ങളായ ഏഴു ചെറുകഥകൾ. വില പന്ത്രണ്ടണ.

# ഉപഹാരഹാരം (ഇടവാ ജമാൽ എം. എ.)

15 സ്വച്ഛന്ദഗീതങ്ങളുടെ സമാഹാരം. ശ്രീമാൻ ചങ്ങമ്പുഴയുടെ പ്രൌഢഗംഭീരമായ അവതാരിക. വില എട്ടണ.

രണ്ടു പുസ്തകങ്ങളും ഒരുമിച്ചു വാങ്ങിയാൽ വില രൂപാ ഒന്നു മാത്രം.

ഇടവാ ജമാൽ എം. എ.
ഇടവാ, തിരുവിതാംകൂർ.

# ഞങ്ങളുടെ ബുക്കഡിപ്പോയിൽ

| | | Rs. | As. |
|---|---|---|---|
| 1. | ഖുർആൻ 30-ാംഭാഗം പരിഭാഷ | 1 | 4 |
| 2. | ഇസ്ലാംമതതത്വപ്രദീപം | 1 | 4 |
| 3. | ഈഉസ്സുബാഉ (അറബിമലയാളം) | 1 | 4 |
| 4. | അന്ത്യപ്രവാചകൻ | 1 | 4 |
| 5. | അറേബ്യായിലെ ജ്യോതിർദീപം | 1 | 4 |
| 6. | പച്ചക്കൊടി പറക്കട്ടെ (പാകിസ്ഥാനെക്കുറിച്ചുള്ള ഒരുത്തമഗ്രന്ഥം) | 1 | 0 |
| 7. | ഖ. അ. മുഹമ്മദലിജിന്നാ (ജീവചരിത്രം) | 1 | 0 |
| 8. | ഖാജാ അബ്ദുൽ അസീസിന്റെ പ്രസംഗങ്ങൾ | 1 | 0 |
| 9. | ഇസ്ലാംമതം | 2 | 8 |
| 10. | അൽഫാറൂക്ക് | 1 | 8 |
| 11. | ഇഖ്ബാലിന്റെ കത്തുകൾ | 0 | 12 |
| 12. | അഹ്ലുസ്സുന്നത്തിവൽജമാഅത്ത് | 0 | 12 |
| 13. | സ്ത്രീഹൃദയം | 0 | 12 |
| 14. | മുള്ളുമാല | 0 | 12 |
| 15. | മതവും രാഷ്ട്രവും | 0 | 12 |
| 16. | മുഹമ്മദീയ നിയമം | 0 | 10 |
| 17. | യാസീൻ പരിഭാഷ | 0 | 8 |
| 18. | ഫസ്വലുൽഖിതാബ്, (അറബിമലയാളം) | 0 | 8 |
| 19. | രക്ഷാസരണി | 0 | 8 |
| 20. | നിഷ്പക്ഷനിരൂപണം | 0 | 6 |
| 21. | ഇസ്ലാമിക മാർഗ്ഗദർശിനി | 0 | 6 |
| 22. | വിശുദ്ധനബിയുടെ പ്രത്യേകതകൾ | 0 | 6 |
| 23. | കിതാബുൽ ഇസ്ലാം | 0 | 5 |
| 24. | കിതാബുൽ ഈമാൻ | 0 | 2 |
| 25. | കിതാബുൽ ഉസൂൽ | 0 | 2 |
| 26. | സിറാത്തുൽ മുസ്തഖീം | 0 | 5 |
| 27. | അഹ്ക്കാമുത്തജ്വീദ് | 0 | 3 |
| 28. | തസ്ഹീലുൽഖിറാഅത്ത് | 0 | 4 |
| 29. | അമ്മജുസുഉ (കളർപേപ്പർ) | 0 | 4 |
| 30. | ,, റഫ്പേപ്പർ | 0 | 3 |
| 31. | ഇസ്ലാമികപാഠാവലി (രണ്ടും മൂന്നും ഭാഗം) | 0 | 3¼ |
| 32. | നാല്പതു പ്രവാചക വചനങ്ങൾ | 0 | 6 |
| 33. | നബി ചരിത്രകഥകൾ | 0 | 5 |
| 34. | താരാട്ട് (കണ്ണംകുടിമസ്താൻ) | 0 | ½ |
| 35. | മദ്ഹുന്നബി (പാട്ട്) | 0 | ½ |
| 36. | ഇഖ്ബാൽസന്ദേശം. | 0 | 8 |

വിൽപ്പനയ്ക്കു തയാർ!! കച്ചവടക്കാർക്കു പ്രത്യേകം കമ്മീഷൻ!!

**C. M. PRESS & BOOKDEPOT**
**EDAVA, TRAVANCORE.**

Reg. No. T. 124. L.icence No. 339/7-2-'36

YUVAKESARI

1946 ജൂലായി


# മനോഹരമായ വാൾനോട്ടീസുകൾ.

## ഏതു സൈസിലും ഏതു കളറിലും.

പരസ്യമാണ് ഏതൊരു വ്യവസായത്തിന്റെയും ജീവൻ. നിങ്ങളുടെ വ്യവസായത്തിന്റെ വിവരം ആളുകൾ അറിയണ്ടേ? അതിനു ആവശ്യമായ

**വാൾനോട്ടീസുകൾ ഞങ്ങൾ ഏതു സൈസിലും ഏതു കളറിലും അച്ചടിച്ചുതരാൻ തയാർ.**

വ്യാപാരികൾക്കും, സോപ്പുകമ്പനിക്കാർക്കും, ഋസ്റ്റി നടത്തിപ്പുകാർക്കും, സിനിമാ പ്രവർത്തകർക്കും നാടകക്കമ്പനികൾക്കും ഒരു സുവർണ്ണാവസരം.

ആകർഷകമായ ഞങ്ങളുടെ ലിത്തോ പ്രിന്റിംഗിനായി മാററർ അയക്കുക.

മാനേജർ,
സി. എം. പ്രസ്സ്, ഇടവാ,
തിരുവിതാംകൂർ.


Printed & Published by M. S. Abdul Aziz at the C. M. PRESS, EDAVA, Travancore.